2007 സപ്തംബർ – ഒക്ടോബർ
1183 കന്നി - തുലാം
1428 റമദാൻ - ശവ്വാൽ
1386 തബൂക്- അഖാഅ്
പുസ്തകം 5 ലക്കം 7
വില 10 രൂപ

بســم الله الرحمن الرحيم
نحمده ونصلى على رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക
ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

## വി ഷ യ വി വ രം

ആമുഖം

നിരപരാധികളെ കൊല്ലാൻ യഥാർത്ഥ മുസ്‌ലിമിനാവില്ല ........ 4

യുഗനാദം



**മു**സ്‌ലിംകളോട് കാണിക്കാനുള്ള ഏറ്റവും വലിയ സഹാനുഭൂതി അവരിൽ ധാർമ്മിക പരിഷ്കരണം വരുത്തുകയും രക്തക്കൊതിയൻ മഹ്ദി മസീഹിന്റെ ആവിർഭാവം സംബന്ധിച്ച് അവർ പുലർത്തിപ്പോരുന്ന, ഇസ്‌ലാമിക പാഠങ്ങൾക്ക് വിരുദ്ധമായ വിശ്വാസപ്രതീക്ഷകൾ അവരിൽനിന്ന് അകറ്റിക്കളയുകയും ചെയ്കയെന്നത്രെ. ഇസ്‌ലാമിനെ വാൾമുന കാട്ടി പ്രചരിപ്പിക്കുന്ന ഒരു യോധൃമഹ്ദി വെളിപ്പെടുമെന്ന് ഇക്കാലത്തെ ചില ആലിംകൾ പ്രചരിപ്പിക്കുന്ന വിശ്വാസങ്ങൾ ഖുർആന്റെ പാഠങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും അത്യാർത്തിയുടേയും സ്വാർത്ഥവിചാരത്തിന്റേയും ഫലമായിട്ടുള്ളതും ആണെന്ന് ഞാൻ മുകളിൽ വ്യക്തമാക്കിക്കഴിഞ്ഞു.

ഞാൻ വെളിച്ചം ........ 5

വിശുദ്ധ ഖുർആൻ

സൂറത്തുൽ ബഖറഃ അർത്ഥം, വ്യാഖ്യാനം ........ 6

ജുമുഅ ഉപേക്ഷിക്കുന്നവൻ മുസ്‌ലിമല്ല! ........ 10
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ് )

മതം, സംസ്കാരം, സദാചാരം, കല ........ 13
എ. അമ്രീൻ

ഈസാനബിയുടെ ജീവിതകാലം 33 വർഷം മാത്രമോ? ........ 16
അശ്റഫലി സിദ്ദീഖ്

വ്യാജപരിവർജ്ജ്യത്തിലൂടെ സ്വഭാവ സംസ്കരണം ........ 20
മഹ്മൂദ് ,കൽക്കുളം

'ഭക്തിനിർഭരമായ ഒരുണർത്തുപാട്ടും ഒപ്പം ഒരനുസ്മരണവും' ........ 23
എ.ക്യു. മഹ്ദി

ഹദ്റത്ത് സയ്യിദ ആയിശബാനു സാഹിബ(റ.അ) ... 29
അബൂസ്വബാഹ്

അഞ്ചാം ഖിലാഫത്തിനെ സംബന്ധിച്ച് മുൻകൂട്ടി അറിയിച്ച സ്വപ്നങ്ങൾ ........ 32
*അത്താഉൽ മുജീബ് റാശിദ്, ലണ്ടൻപള്ളി ഇമാം*
2005 ഡിസംബറിൽ ജൽസ സാലാന സ്പെഷ്യൽ പതിപ്പായി ഇറങ്ങിയ ബദ്ർ വാരികയിൽ എഴുതിയ ലേഖനത്തിന്റെ പരിഭാഷയാണിത്. (ഇംഗ്ലീഷിൽനിന്ന്)

എന്തു പറഞ്ഞാലും ഒരു ഈസാനബി! ........ 36
അബ്ദുൽ ഹക്കീം, ആലപ്പുഴ

ലജ്ജയില്ലാത്ത സമൂഹം ........ 39
സി.എച്ച്. അബ്ദുൽ ഗഫൂർ

ഖാദർവലി സാഹിബ്- നവഅഹ്മദികളുടെ ആവേശത്തിനൊരുദാഹരണം ........ 40
ഉമർ പാറപ്പുറത്ത്

*എഡിറ്റർ ഇൻ ചാർജ്:*
എം. നാസിർ അഹ്മദ്

*മാനേജർ:*
എം. മുഹമ്മദ് സലിം

SATHYAMITHRAM
ANSARULLAH PUBLICATION
Printed and Published by Majlis Ansarullah State Committee,Kerala
at BRB Offset Printers & Publishers, Thavakkara, Kannur-17.
Ph: 0497-2761010, 2761020

بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# നിരപരാധികളെ കൊല്ലാൻ യഥാർത്ഥ മുസ്‌ലിമിനാവില്ല

**പാ**ക്കിസ്ഥാനിലെ മുൻപ്രധാനമന്ത്രി ബേനസീർഭൂട്ടോ കുറേ വർഷത്തെ പ്രവാസിജീവിതത്തിനുശേഷം കഴിഞ്ഞ 18-ന് ജന്മനാട്ടിൽ തിരിച്ചെത്തുകയുണ്ടായി. സ്വന്തം നാട്ടിൽ തിരിച്ചെത്താൻ സാധിക്കുമോ എന്ന സംശയത്തിന്റെ ഇടയിലും അവരുടെ അനുയായികൾ അവർക്ക് ആവേശോജ്ജ്വലമായ സ്വീകരണമൊരുക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മറ്റൊരു മുൻപ്രധാനമന്ത്രി നവാസ് ശരീഫിന്റെ നാട്ടിലേക്കുള്ള മടക്കയാത്ര സാധ്യമാകാത്തതാണ് ഈ സംശയത്തിന് കാരണം. എന്നാൽ, ബേനസീറിന് ജനറൽ മുശറഫുമായി ധാരണയിലെത്താനും അതുവഴി നാട്ടിൽ കാലുകുത്താനും സാധിച്ചു. ഇതൊന്നുമല്ല ഈ മടങ്ങിവരവ് ശ്രദ്ധേയമാക്കിയത്. അവർ പ്രതീക്ഷിച്ചതുപോലെതന്നെ 18-ന് ജന്മനാട്ടിൽ എത്തിച്ചേരാനായി. പക്ഷേ, അവരെ വരവേറ്റത് ഉഗ്രബോംബ് സ്ഫോടനമാണ്. ബേനസീറിനേയുംകൊണ്ട് പാക്കിസ്ഥാൻ തെരുവീഥികളെ ഇളക്കിമറിച്ചുകൊണ്ട് നടന്ന റാലിയിൽ പൊട്ടിത്തെറിയുണ്ടാകുകയും ഇരുന്നൂറിലധികം പേർക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. അതിലേറെ പേർക്ക് പരിക്കുംപറ്റി.

പാക്കിസ്ഥാനിലെ ഭരണകർത്താക്കൾ അവരുടെ അധികാരം ഉറപ്പിക്കുന്നതിനായി തുടർന്നുവന്ന വികലമായ നയങ്ങളാണ് ഇപ്പോൾ അവർക്കുതന്നെ വിനയായിമാറിത്തീർന്നിരിക്കുന്നത്. അഴിമതിയും ഭരണവൈകല്യവുംകൊണ്ട് അധികാരം നഷ്ടപ്പെടുമെന്ന അവസ്ഥയെത്തുമ്പോൾ അവിടുത്തെ ഭരണാധികാരികൾ, അവസാനകാലത്തെ രക്തദാഹിയായ യോധൃമഹ്ദിയെ കാത്തിരിക്കുന്ന മുല്ലമാരെ കൂട്ടുപിടിച്ചു. അവിശ്വാസിയെ കൊന്നാൽ സ്വർഗ്ഗം ലഭിക്കുമെന്ന പാഠം ചൊല്ലിപ്പഠിപ്പിച്ച മൗദൂദിയുടെ അനുയായിവൃന്ദത്തിൽപ്പെട്ട മുല്ലമാർ അവസരം പാഴാക്കിയില്ല. അവർ അവരുടെ അജണ്ട നടപ്പാക്കാനുള്ള തട്ടകമായി ഭരണകർത്താക്കളെ കണ്ടെത്തി. അധികാരം നുണയാൻ അവസരം കിട്ടിയതോടെ മുല്ലമാർ നബിതിരുമേനിയുടെ കാലഘട്ടത്തിലെ ഇസ്‌ലാമിന്റെ ശത്രുക്കളുടെ ചെയ്തികളെ പോലും കടത്തിവെട്ടുന്ന രീതിയിലുള്ള മാർഗ്ഗമവലംബിച്ചു. സമാധാനകാംക്ഷികളായ അഹ്മദി മുസ്‌ലിംകളെ അകാരണമായി കൊന്നൊടുക്കാൻ അവർ ആരംഭിച്ചു.

പക്ഷേ, അഹ്മദിയ്യാ ഖലീഫമാർ ഭരണാധികാരികൾക്ക് മുന്നറിയിപ്പ് നല്കിക്കൊണ്ടിരുന്നിട്ടുണ്ട്. സുൽഫിക്കർ അലി ഭൂട്ടോയുടെ, അഹ്മദികളോടുള്ള സമീപനമാറ്റം മുതൽതന്നെ ഖലീഫ അവരെ ഓർമ്മപ്പെടുത്തി. 'ഇത് അപകടമാണ്. മുല്ലാരാജ് നിങ്ങളെത്തന്നെ വിഴുങ്ങും.' അതുതന്നെ സംഭവിച്ചു. തുടർന്നുള്ള ഭരണാധികാരികളും പതിയിരുന്ന അപകടം മനസ്സിലാക്കിയില്ല. ഇപ്പോൾ ബേനസീർ ഭൂട്ടോ ആക്രമിക്കപ്പെട്ടിരിക്കുന്നു. അവർ ഇതിനെ സംബന്ധിച്ച് ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. അവിടെ അവർ പറഞ്ഞ വാക്കുകൾ സ്മരണീയമാണ്. "ഒരു യഥാർത്ഥ മുസ്‌ലിമിന് സ്ത്രീകളെ ആക്രമിക്കാനും നിരപരാധികളെ കൊന്നൊടുക്കാനും സാധിക്കുകയില്ല" എന്നവർ പറയുന്നത് കേട്ടു. കാര്യം ശരിതന്നെ. അവരുടെ ഭരണകാലത്തും അഹ്മദിയ്യാ ഖലീഫ ഇതേ കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വീണ്ടുവിചാരമുണ്ടായാൽ നന്ന്. ഇനിയെങ്കിലും ഭരണത്തിൽനിന്ന് മുല്ലമാരെ അകറ്റിനിറുത്തണം. ചീഞ്ഞളിഞ്ഞ ഭരണഘടന മാറ്റിയെഴുതി എല്ലാവർക്കും തുല്യനീതി നല്കാൻ തയ്യാറായാൽ പാക്കിസ്ഥാൻ രക്ഷപ്പെട്ടേക്കും. അല്ലെങ്കിൽ അവരെ തുറിച്ചുനോക്കുന്നത് ഇരുളടഞ്ഞ ഭാവിയാണ് എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.



# ഞാൻ വെളിച്ചം

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**ഈ** ഇരുണ്ട കാലഘട്ടത്തിലെ വെളിച്ചമാകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവെച്ച പടുകുഴികളിൽ വീഴുന്നതിൽനിന്ന് എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗ്ഗത്തിലും സത്യമാർഗ്ഗത്തിലേക്ക് ജനങ്ങളെ വഴിനടത്തുന്നതിനും ഇസ്ലാമിൽ ധാർമ്മികതയ്ക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിനുമായിട്ടത്രെ എന്നെ ദൈവം അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയാടയാളങ്ങൾ ദൈവം എനിക്കുവേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. എനിക്ക് പിന്തുണ നൽകിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദഗ്രന്ഥങ്ങൾ വിവരിച്ചുതരുന്നപ്രകാരം അദൃശ്യകാര്യങ്ങളെക്കുറിച്ചും ഭാവിയെപ്പറ്റിയുമുള്ള രഹസ്യവിവരങ്ങൾ എനിക്ക് ദൈവം വെളിപ്പെടുത്തിതന്നിരിക്കുന്നു. അവൻ എനിക്ക് പാവനവും വിശുദ്ധവുമായ ജ്ഞാനം നല്കി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ആകയാൽ സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആത്മാക്കൾ എനിക്ക് എതിരായിത്തിരിഞ്ഞു. എന്നാൽ, എനിക്ക് ആകുവോളം ഞാൻ മനുഷ്യവംശത്തിന്റെ നേരെ അനുകമ്പാലു ആയിരിക്കുന്നതാണ്.

ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികളോടുള്ള ഏറ്റവും വലിയ അനുകമ്പാപ്രകടനം അവരുടെ ശ്രദ്ധ സത്യദൈവത്തിലേക്ക് ക്ഷണിക്കുക എന്നതുതന്നെയാണ്. ആ സത്യദൈവം ജനിക്കുകയും മരിക്കുകയും കഷ്ടമനുഭവിക്കുകയും ചെയ്യാത്ത ദൈവമാകുന്നു. ആദ്യത്തെ ഗോചരങ്ങളെ ഗോളാകൃതിയിൽ സൃഷ്ടിച്ചവനാണ് ദൈവം. ഗോളത്തിനെന്നപോലെ ദൈവത്തിൽ ഏകീഭാവവും ഉന്മുഖരാഹിത്യവുമാണുള്ളത്. ഇതത്രെ ഈ പ്രകൃതിനിയമം വഴി നല്കിയിട്ടുള്ള ആത്മീയമാർഗ്ഗദർശനത്തിലടങ്ങിയ തത്ത്വസാരം! അതുകൊണ്ടുതന്നെയാണ് ശൂന്യമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന യാതൊന്നുംതന്നെ ത്രികോണാകൃതിയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തത്. എന്നുവെച്ചാൽ, ദൈവം ആദ്യത്തിൽ സൃഷ്ടിച്ച ഭൂമി, ആകാശം, സൂര്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ, ധാതുക്കൾ തുടങ്ങിയവയെല്ലാം തന്നെ ഗോളരൂപത്തിലുള്ളതത്രെ. ഈ ഗോളരൂപം ഐക്യഭാവത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഏതൊരു ദൈവത്തിന്റെ സൃഷ്ടികൾ ദൈവം ത്രിത്വസങ്കല്പത്തിൽനിന്ന് സുമുക്തനാണെന്ന് പ്രഖ്യാപിക്കുന്നുവോ ആ സത്യേകദൈവത്തിലേക്ക് ക്രിസ്ത്യാനികളെ വഴിനടത്തുക എന്നതിനേക്കാൾ ഉപരിയായിട്ടുള്ള അനുകമ്പാ പ്രകടനം മറ്റൊന്നും തന്നെയില്ല.

മുസ്ലിംകളോട് കാണിക്കാനുള്ള ഏറ്റവും വലിയ സഹാനുഭൂതി അവരിൽ ധാർമ്മിക പരിഷ്കരണം വരുത്തുകയും രക്തക്കൊതിയൻ മഹ്ദി മസീഹിന്റെ ആവിർഭാവം സംബന്ധിച്ച് അവർ പുലർത്തിപ്പോരുന്ന, ഇസ്ലാമിക പാഠങ്ങൾക്ക് വിരുദ്ധമായ വിശ്വാസപ്രതീക്ഷകൾ അവരിൽനിന്ന് അകറ്റിക്കളയുകയും ചെയ്കയെന്നത്രെ. ഇസ്ലാമിനെ

*പേജ് 28-ൽ*

# സൂറ: ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

وَقَالَ الَّذِينَ لَا يَعْلَمُونَ لَوْلَا يُكَلِّمُنَا اللَّهُ أَوْ تَأْتِينَآ
ءَايَةٌ ۗ كَذَٰلِكَ قَالَ الَّذِينَ مِن قَبْلِهِم مِّثْلَ قَوْلِهِمْ ۘ
تَشَٰبَهَتْ قُلُوبُهُمْ ۗ قَدْ بَيَّنَّا الْءَايَٰتِ لِقَوْمٍ يُوقِنُونَ ﴿١١٩﴾

**119.** "അല്ലാഹു ഞങ്ങളോട് സംസാരിക്കുകയോ എന്തെങ്കിലും ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് വന്നു കിട്ടുകയോ ചെയ്യാത്തതെന്താണെന്ന് അറിവില്ലാത്തവർ പറയുന്നു. ഇതേപ്രകാരം ഇവർക്ക് മുമ്പുള്ളവരും ഇവർ പറയുന്നതുപോലെ പറഞ്ഞിട്ടുണ്ടായിരുന്നു. അവരുടെ ഹൃദയങ്ങൾ പരസ്പരം സദൃശങ്ങളായിരിക്കുകയാണ്. ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് എല്ലാതരത്തിലുള്ള അടയാളങ്ങളും നാം വ്യക്തമായി വിവരിച്ചുകൊടുത്തിരിക്കുന്നു."

**പദാർത്ഥം**

وَقَالَ പറഞ്ഞു الَّذِينَ لَا يَعْلَمُونَ അറിവില്ലാത്തവർ لَوْلَا يُكَلِّمُنَا എന്തുകൊണ്ട് ഞങ്ങളോട് സംസാരിക്കുന്നില്ല, اللَّهُ അല്ലാഹു أَوْ അല്ലെങ്കിൽ تَأْتِينَآ ഞങ്ങൾക്ക് വരുന്നില്ല ءَايَةٌ ദൃഷ്ടാന്തം كَذَٰلِكَ അതുപോലെ قَالَ പറഞ്ഞു الَّذِينَ مِن قَبْلِهِم അവർക്ക് മുമ്പുള്ളവർ مِّثْلَ തുല്യമായത് قَوْلِهِمْ അവരുടെ വാക്കുകൾ تَشَٰبَهَتْ സദൃശമായിരിക്കുന്നു قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ قَدْ بَيَّنَّا നാം വിവരിച്ചുകൊടുത്തിരിക്കുന്നു الْءَايَٰتِ ദൃഷ്ടാന്തങ്ങൾ (അടയാളങ്ങൾ) لِقَوْمٍ സമൂഹത്തിന് (ജനങ്ങൾക്ക്) يُوقِنُونَ ദൃഢമായി വിശ്വസിക്കുന്നു.

**വ്യാഖ്യാനം**

അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുന്നത് യാതൊരു മാനദണ്ഡവുമില്ലാതെയാണെന്നാണ് പലരും ധരിക്കുന്നത്. അല്പജ്ഞാനികളായവർ എന്നും പറയാറുള്ള കാര്യമാണ് ഈ ആയത്തിൽ അല്ലാഹു എടുത്തുപറഞ്ഞിട്ടുള്ളത്. അവർ പറയാറുള്ളത് ഇപ്രകാരമാണ്. എന്തിനാണ് അല്ലാഹു ഒരാളോടുമാത്രം സംസാരിക്കുന്നത്. ഞങ്ങൾക്കെന്ത് കുറവാണുള്ളത്. അതല്ലെങ്കിൽ ഒരു പ്രവാചകന് ഞങ്ങളേക്കാളും കൂടുതൽ എന്ത് ശ്രേഷ്ഠതയാണുള്ളത്. അദ്ദേഹത്തോട് അല്ലാഹു സംസാരിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളോടും സംസാരിക്കണം. ചുരുങ്ങിയപക്ഷം അവൻ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുന്നവിധത്തിൽ സുവ്യക്തമായ അടയാളം ഞങ്ങൾക്ക് എന്തുകൊണ്ട് കാണിച്ചുതരുന്നില്ല. ഈ ആക്ഷേപം എന്നും പ്രവാചക എതിരാളികൾ ഉന്നയിക്കാറുള്ളതാണ്.

ഇവിടെ '***ഔ തഅ്തീനാ ആയത്തുൻ***' അല്ലെങ്കിൽ ദൃഷ്ടാന്തം ഞങ്ങൾക്ക് വന്നുകിട്ടട്ടെ എന്നതിന്റെ ഉദ്ദേശ്യം ശിക്ഷ എന്തുകൊണ്ട് വരുന്നില്ല എന്നതാണ്. കാരണം പ്രവാചക ശത്രുക്കൾ ദൃഷ്ടാന്തം ആവശ്യപ്പെട്ടത് പരാമർശിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം വിശുദ്ധഖുർആനിൽനിന്നും മനസ്സിലാകുന്നത് അവർ ശിക്ഷയെക്കുറിച്ചാണ് ചോദിക്കുന്നതെന്നാണ്. ശിക്ഷയെക്കുറിച്ചല്ല എന്ന് വ്യക്തമായി കാണിക്കുന്ന പരാമർശങ്ങളുള്ള സ്ഥലം മാത്രം മറ്റടയാളങ്ങൾക്കാണ് ഉദ്ദേശ്യം. പ്രവാചകന്മാർ സുവാർത്തയും താക്കീതും നല്കിക്കൊണ്ടാണ് വരുന്നത്. അതിന്റെ അർത്ഥം വിശ്വസിക്കാത്തവരെ ഉടനെ നശിപ്പിക്കും എന്നല്ല. ആദ്യമൊക്കെ മനുഷ്യന് ചിന്തിച്ച് പാഠം ഉൾക്കൊണ്ടുകൊണ്ട് പ്രവാചകന്റെ സത്യത മനസ്സിലാക്കാൻ കഴിയുന്ന അടയാളങ്ങൾ അല്ലാഹു വെളിപ്പെടുത്തുന്നു. കാരണം വിശ്വാസം ഫലം ചെയ്യണമെങ്കിൽ മനുഷ്യന്റെ പ്രയത്നവും അതിനോടൊപ്പം ഉണ്ടായിരിക്കണം. അത

ല്ലാതെ അല്ലാഹു ഓരോരുത്തരോടും ഈ പ്രവാചകൻ സത്യവാനാണെന്ന് വിളിച്ചുപറഞ്ഞ് വിശ്വസിപ്പിക്കുകയാണ് വേണ്ടതെന്ന് പറഞ്ഞാൽ പിന്നെ ആ വിശ്വാസത്തിന് പ്രസക്തിയില്ലാതായിത്തീരും. ചിലർക്ക് ദർശനത്തിലൂടെയും മറ്റും പ്രവാചകന്മാരുടെ സത്യത്തെ അല്ലാഹു വെളിപ്പെടുത്തിക്കൊടുക്കാറുണ്ടെന്നത് ശരി തന്നെ. പക്ഷേ, ജനങ്ങൾ അവരിൽനിന്നും പാഠം ഉൾക്കൊള്ളാതെ അങ്ങനെയുള്ളവരേയും ആക്ഷേപിക്കുകയാണ് ചെയ്യാറുള്ളത്.

അല്ലാഹു സംസാരിക്കുന്നത് അതിന് പ്രാപ്തരായവരോടാണ്. അതുപോലെ പ്രവാചകന്മാരെ അയക്കുന്നത് സമൂഹത്തെ നശിപ്പിക്കാനല്ല, മറിച്ച് രക്ഷിക്കുവാനാണ്. അതുകൊണ്ടാണ് അല്ലാഹു ആദ്യമേതന്നെ ശിക്ഷിക്കാതെ രക്ഷപ്രാപിക്കുന്നതിനുള്ള അടയാളങ്ങൾ ഇറക്കുന്നത്. എന്നാൽ, ദുർവാശി പിടിക്കുകയും അടയാളം കണ്ടാലും വിശ്വസിക്കുകയില്ലെന്ന് ശാഠ്യം പിടിക്കുന്നവരുമായ അക്രമികളെയാണ് പിന്നീട് അല്ലാഹു ശിക്ഷയിറക്കി നശിപ്പിക്കുന്നത്. ഇങ്ങനെ ശിക്ഷ ഇറങ്ങിക്കഴിഞ്ഞാൽ പിന്നീട് അവർക്ക് വിശ്വസിക്കാൻ അവസരം ലഭിക്കുകയുമില്ല.

'മുമ്പുള്ളവരും ഇതുപോലെ പറഞ്ഞിട്ടുണ്ട്' എന്നു പറഞ്ഞുകൊണ്ട് പ്രവാചക നിഷേധികളുടെ ഏകീകരണ സ്വഭാവത്തെയാണ് ഇവിടെ എടുത്തുകാണിക്കുന്നത്. എല്ലാ പ്രവാചകന്മാരെക്കുറിച്ചും പൊതുവിൽ ഒരേ ആക്ഷേപമാണ് ഉന്നയിക്കപ്പെടാറുള്ളത്. തുടർന്ന് അല്ലാഹു പറയുന്നു. ദൃഢവിശ്വാസികൾക്ക് നാം അടയാളങ്ങളെ വ്യക്തമായി വിവരിച്ചുകൊടുക്കാറുണ്ട്. അതായത്, അടയാളങ്ങൾ കാണിക്കാത്തതുകൊണ്ടല്ല ഇക്കൂട്ടർ അടയാളങ്ങൾ ചോദിക്കുന്നത്. മറിച്ച്, ഏതുതരം അടയാളം ഇറക്കിക്കൊടുത്താലും നിഷേധം മുഖമുദ്രയാക്കിയവർ അതെല്ലാം തിരസ്കരിക്കുകയും 'എവിടെ അടയാളം' എന്ന് ചോദിച്ചുകൊണ്ട് എല്ലാത്തിനേയും നിഷേധിക്കുകയാണ് ചെയ്യാറ്. അതുകൊണ്ട് ഇങ്ങനെയുള്ളവരെ ശിക്ഷിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുക.

إِنَّآ أَرْسَلْنَٰكَ بِٱلْحَقِّ بَشِيرًا وَنَذِيرًا ۖ وَلَا تُسْـَٔلُ عَنْ
أَصْحَٰبِ ٱلْجَحِيمِ ﴿١٢٠﴾

**120.** "നിശ്ചയമായും നാം നിന്നെ സത്യത്തോടുകൂടി സുവിശേഷമറിയിക്കുന്നവനും മുന്നറിയിപ്പ് നല്കുന്നവനുമായി അയച്ചിരിക്കുന്നു. നരകവാസികളെ സംബന്ധിച്ച് നീ ചോദ്യം ചെയ്യപ്പെടുന്നതല്ല."

**പദാർത്ഥം**

إِنَّآ أَرْسَلْنَٰكَ നിശ്ചയമായും നാം നിന്നെ അയച്ചിരിക്കുന്നു بِٱلْحَقِّ സത്യത്തോടുകൂടി بَشِيرًا സുവിശേഷമറിയിക്കുന്നവൻ وَنَذِيرًا മുന്നറിയിപ്പു നല്കുന്നവനും, وَلَا تُسْـَٔلُ നീ ചോദിക്കപ്പെടുകയുമില്ല عَنْ أَصْحَٰبِ ٱلْجَحِيمِ നരകവാസികളെ സംബന്ധിച്ച്

**വ്യാഖ്യാനം**

'***ഇന്നാ അർസൽനാക്ക ബിൽ ഹക്കി***' സത്യത്തോടുകൂടിയാണ് നിന്നെ ഞാൻ അയച്ചിട്ടുള്ളത്. ഇവിടെ ബിൽഹക്കി എന്നതിന് വിവിധ വിവക്ഷകൾ നല്കാവുന്നതാണ്. വിശുദ്ധഖുർആനിലെ വചനങ്ങൾക്ക് നാം അർത്ഥം കല്പിക്കുമ്പോൾ അതിന് ഒന്നിൽ കൂടുതൽ അർത്ഥങ്ങൾ വരികയും അവയെല്ലാം പ്രസ്തുത വചനത്തിന് ചേരുന്നതും എന്നാൽ, മറ്റു വചനങ്ങൾക്ക് വിരുദ്ധവുമല്ലെങ്കിൽ ആ എല്ലാ അർത്ഥങ്ങളും നമുക്ക് അംഗീകരിക്കാവുന്നതാണ്.

ഇവിടെ 'ബിൽഹഖ്' എന്നതിന് വിവിധ അർത്ഥങ്ങൾ കല്പിക്കാവുന്നതാണ്. ഒരർത്ഥം ഇപ്രകാരമാണ്. 'ഞാൻ നിന്നെ അയച്ചിരിക്കുന്നത് ഹഖ്(സത്യം) നമ്മോടൊപ്പമുള്ള അവസ്ഥയിലാണ്. അഥവാ സത്യത്തിന്റെ ഖജനാവ് നമ്മുടെ പക്കൽ മാത്രമാണ് ശരിക്കും ഉള്ളത്. അതിനാൽ നീ ഏതൊരു അധ്യാപനവുമായി അയക്കപ്പെട്ടിരിക്കുന്നുവോ അത് പൂർണ്ണമായും സത്യത്തിൽ അധിഷ്ഠിതമാണ്.

മറ്റൊരർത്ഥം അയക്കപ്പെടാൻ അർഹൻ നീ തന്നെയാണ് എന്നാണ്. കാരണം പ്രവാചകനാകാനുള്ള എല്ലാ അർഹതയും നിനക്കാണുള്ളത്. ഇതിന് തൊട്ടുമുമ്പിലുള്ള വചനത്തിൽ എന്തുകൊണ്ട് ഞങ്ങളോട് ദൈവം സംസാരിക്കുന്നില്ല എന്ന ചോദ്യത്തിന് മറുപടി കൂടിയാണിത്. ദൈവം സംസാരിക്കാൻ അർഹതയുള്ളവൻ നീയാണ്. അതുകൊണ്ടാണ് നിന്നെ പ്രവാചകനായി ഞാൻ അയച്ചിട്ടുള്ളത്. നിന്റെ സന്ദേശത്തിൽ രണ്ടുതരത്തിലുള്ള അധ്യാപനങ്ങളാണ് അടങ്ങിയിരിക്കുന്നത്. ആരാണോ നിന്നെ സ്വീകരിക്കുന്നത് അവർക്ക് നീ സുവാർത്ത നല്കുന്നു. അവർക്കു വേണ്ടി സുവാർത്തകൾ അടങ്ങിയ അധ്യാപനങ്ങൾ അവതരിക്കുന്നു. എന്നാൽ, ആർ നിഷേധിക്കുകയും പിടിവാശി പിടിക്കുകയും ചെയ്യുന്നുവോ അവർക്ക് ശിക്ഷയെക്കുറിച്ചുള്ള താക്കീത് അടങ്ങിയ സന്ദേശം നീ നല്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ 'ബിൽ ഹഖ്' എന്നതിന്റെ അടിസ്ഥാനത്തിൽ ദൈവം നിന്നോട് സംസാരിക്കുകയും നിന്നിൽ അവന്റെ വചനങ്ങൾ ഇറക്കുകയും ചെയ്യുന്നു. എന്നാൽ, ആ വചനങ്ങൾ രണ്ടുതരത്തിലുള്ളതാണ്. 'ബശീർ' എന്ന ഗുണം കാരണം സുവിശേഷങ്ങൾ അടങ്ങിയവയും 'നദീർ' എന്ന ഗുണം കാരണം ശിക്ഷ അടങ്ങിയവയും.

തുടർന്ന് അല്ലാഹു പറയുന്നു. നരകവാസികളെക്കുറിച്ച് നിന്നോട് ചോദിക്കുകയില്ല. കാരണം നിന്റെ ജോലി സന്ദേശം എത്തിക്കുക എന്നതാണ്. നീ രണ്ടു തരത്തിലുള്ള സന്ദേശം നല്കുന്നു. അതുകാരണം രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് നിന്നെ സ്വീകരിച്ച് നിന്റെ അധ്യാപനമനുസരിച്ച് ജീവിച്ചാൽ അവർക്ക് ഗുണം ചെയ്യും. അവർക്ക് മോക്ഷം ലഭിക്കുന്നതാണ്. എന്നാൽ, ജൂതപണ്ഡിതന്മാർ പറഞ്ഞതുപോലെ എന്തുതന്നെയായാലും വിശ്വസിക്കുന്ന പ്രശ്നമേയില്ലായെന്ന് പറഞ്ഞ് തിരസ്കരിക്കുന്നവർക്ക് ശിക്ഷയല്ലാതെ മറ്റെന്തു നല്കാൻ. അതുകൊണ്ട് ചിലർ ശിക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ, ചിലർ അഗ്നിയിൽ എരിക്കപ്പെടുന്നുണ്ടെങ്കിൽ അതിന് നിന്നെ കുറ്റപ്പെടുത്തിയിട്ട് ഒരു കാര്യവുമില്ല. അവർ അതിന്നർഹരാണ്. അതുകൊണ്ട് നരകത്തിൽ പ്രവേശിക്കുന്നവർ അവരുടെ കർമ്മഫലമാണ് അനുഭവിക്കുന്നത്. നിനക്ക് അതിലൊരു കൈയുമില്ല. നീ സന്ദേശം തുറന്നരീതിയിൽ എത്തിക്കുക. ഇതാണ് പ്രവാചകന്റെ ജോലി.

وَلَنْ تَرْضٰى عَنْكَ الْيَهُوْدُ وَلَا النَّصٰرٰى حَتّٰى تَتَّبِعَ مِلَّتَهُمْ ۗ قُلْ اِنَّ هُدَى اللّٰهِ هُوَ الْهُدٰى ۗ وَلَئِنِ اتَّبَعْتَ اَهْوَآءَهُمْ بَعْدَ الَّذِىْ جَآءَكَ مِنَ الْعِلْمِ ۙ مَا لَكَ مِنَ اللّٰهِ مِنْ وَّلِىٍّ وَّلَا نَصِيْرٍ

**121.** “നീ അവരുടെ മതത്തെ പിൻതുടർന്നെങ്കിലല്ലാതെ ജൂതന്മാരും ക്രിസ്ത്യാനികളും നിന്നെപ്പറ്റി ഒരിക്കലും സംതൃപ്തരാവുകയില്ല. പറയുക, നിശ്ചയമായും മാർഗ്ഗദർശനം അല്ലാഹുവിന്റെ മാർഗ്ഗദർശനം മാത്രമാകുന്നു. നിനക്ക് വന്നുകിട്ടിയ അറിവിനുശേഷം നീ അവരുടെ സ്വേച്ഛകളെ പിന്തുടരുന്നപക്ഷം അല്ലാഹുവിങ്കൽ നിനക്ക് യാതൊരു മിത്രവും സഹായിയും ഉണ്ടായിരിക്കുന്നതല്ല.”

*പദാർത്ഥം*

عَنْكَ وَلَنْ تَرْضٰى അവർ ഒരിക്കലും സംതൃപ്തരാവുകയില്ല നിന്നെ സംബന്ധിച്ച് الْيَهُوْدُ ജൂതന്മാർ وَلَا النَّصٰرٰى ക്രിസ്ത്യാനികളും ഇല്ല حَتّٰى ഏതുവരെ تَتَّبِعَ നീ പിൻപറ്റുന്നു مِلَّتَهُمْ അവരുടെ മതത്തെ قُلْ നീ പറയുക, اِنَّ هُدَى اللّٰهِ നിശ്ചയമായും അല്ലാഹുവിന്റെ മാർഗ്ഗദർശനം هُوَ الْهُدٰى അതുതന്നെയാണ് മാർഗ്ഗദർശനം وَلَئِنِ اتَّبَعْتَ നീ ഇനി പിൻപറ്റുകയാണെങ്കിൽ اَهْوَآءَهُمْ അവരുടെ സ്വേച്ഛകളെ بَعْدَ ശേഷം الَّذِىْ جَآءَكَ നിനക്ക് വന്നുകിട്ടിയത് مِنَ الْعِلْمِ അറിവിൽനിന്ന് مَا لَكَ നിനക്കുണ്ടായിരിക്കില്ല مِنَ اللّٰهِ അല്ലാഹുവിൽ നിന്ന് مِنْ وَّلِىٍّ കൂട്ടുകാരിൽനിന്നോ وَّلَا ഇല്ല نَصِيْرٍ സഹായി.

*വ്യാഖ്യാനം*

ഈ വചനത്തിൽ ഭിന്നതയുടെ യഥാർത്ഥ കാരണമാണ് വിവരിക്കുന്നത്. ജൂതന്മാരും ക്രിസ്ത്യാനികളും അവരുടെ മതം നീ സ്വീകരിക്കാത്ത കാലത്തോളം നിന്നെ അംഗീകരിക്കില്ല. അവർക്ക് തെളിവുകളുടെ ആവശ്യമില്ല. വർഗീയതയാണ് അവർ പൊക്കിപ്പിടിക്കുന്നത്. നിനക്ക് സത്യം വെളിപ്പെടുത്തിത്തന്നത് അല്ലാഹുവാണ്. അതുകൊണ്ട് അല്ലാഹു നേരിട്ട് ഒരാൾക്ക് സത്യം വെളിപ്പെടുത്തിക്കൊടുത്തു കഴിഞ്ഞാൽ സത്യം വ്യക്തമാക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിന് അതെങ്ങനെ ഉപേക്ഷിക്കാൻ സാധിക്കും? അതിനാൽ അവരുടെ ആഗ്രഹം ഒരിക്കലും വിലപോകില്ല.

നീ അവനോട് പറയുക. ‘***ഇന്ന ഹുദല്ലാഹി ഹുവൽ ഹുദാ***’ യഥാർത്ഥത്തിലുള്ള മാർഗദർശനം ദൈവം നല്കുന്നതാണ്. പാരമ്പര്യത്തിന്റെ പേരും പറഞ്ഞ് അന്ധമായ നിങ്ങളുടെ ഈ അനുകരണം ഒരിക്കലും ശരിയല്ല. ദൈവത്തിൽനിന്ന് വരുന്ന മാർഗ്ഗനിർദ്ദേശങ്ങളെ പിൻപറ്റുമ്പോഴാണ് യഥാർത്ഥത്തിലുള്ള മോക്ഷം ലഭിക്കുക.

‘നീ അവരുടെ ആഗ്രഹങ്ങൾ പിൻപറ്റിയാൽ’ എന്ന വചനത്തിൽ ഇവിടെ നീ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തിരുനബിയുടെ ജമാഅത്താണ്. ഇത് വിശുദ്ധ ഖുർആന്റെ ഒരു ശൈലിയാണ്. ചിലപ്പോൾ തിരുനബിയുടെ സമൂഹത്തോട് പറയേണ്ടത് തിരുനബിയെ സംബോധന ചെയ്തുകൊണ്ട് നീ അങ്ങനെ ചെയ്യരുതെന്ന് പറയും. ഇവിടെ നീ എന്നതുകൊണ്ട് തിരുനബി(സ.അ) അല്ല എന്ന് പറയാൻ കാരണം അവിടത്തെ സ്ഥാനം അത്രയും മഹത്തരമായതുകൊണ്ടാണ്. തിരുനബി അല്ലാഹുവിന്റെ കല്പനകൾക്കെതിരിൽ പ്രവർത്തിച്ചുപോകുമോ എന്ന് ഒരു നിമിഷത്തേക്കുപോലും ചിന്തിച്ചുകൂടാ. കാരണം അല്ലാഹു തിരുനബിയെക്കുറിച്ച് പറയുന്നു. “നീ പറയുക! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.” മറ്റൊരു സ്ഥലത്ത് പറയുന്നു. “നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രവാചകനിൽ ഉത്തമമായ മാതൃകയുണ്ട്.” ഈ രീതിയിൽ പിൻപറ്റാൻ പറയപ്പെട്ട പ്രവാചകന്റെ മാതൃക എന്തുമാത്രം മഹത്തരമായിരിക്കും എന്ന് ചിന്തിക്കുക. അതുകൊണ്ടാണ് നീ അവരുടെ ഇച്ഛയ്ക്കൊത്ത് തുള്ളുകയാണെങ്കിൽ എന്നത് സമൂഹത്തോടാണ് എന്ന് പറയുന്നത്. അവരുടെ ഇച്ഛ

യ്ക്കൊത്ത് തുള്ളുന്നവർക്ക് അല്ലാഹുവിൽനിന്ന് ഒരു സഹായമോ സഹകരണമോ ഒന്നും ലഭിക്കുന്നതല്ല.

الَّذِينَ آتَيْنَاهُمُ الْكِتَابَ يَتْلُونَهُ حَقَّ تِلَاوَتِهِ أُولَٰئِكَ يُؤْمِنُونَ بِهِ ۗ وَمَن يَكْفُرْ بِهِ فَأُولَٰئِكَ هُمُ الْخَاسِرُونَ ﴿١٢٢﴾

**122.** “നാം ഗ്രന്ഥം നല്കിയിട്ട് മുറപ്രകാരം അതിനെ പാരായണം ചെയ്യുന്നവരാരോ അവർ അതിൽ വിശ്വസിക്കുന്നു. ആരെങ്കിലും അതിൽ അവിശ്വസിക്കുന്നുവെങ്കിൽ അവരത്രേ നഷ്ടകാരികൾ.”

---

*പദാർത്ഥം*

الَّذِينَ യാതൊരുവർ آتَيْنَاهُمُ നാം അവർക്ക് നല്കി الْكِتَابَ ഗ്രന്ഥം يَتْلُونَهُ അവർ അത് പാരായണം ചെയ്യുന്നു حَقَّ അർഹിക്കുന്ന വിധം تِلَاوَتِهِ അതിന്റെ പാരായണം أُولَٰئِكَ അക്കൂട്ടർ يُؤْمِنُونَ بِهِ അവർ അതിൽ വിശ്വസിക്കുന്നു وَمَن يَكْفُرْ بِهِ ആർ അതിനെ അവിശ്വസിക്കുന്നുവോ فَأُولَٰئِكَ അക്കൂട്ടരാണ് هُمُ അവർ الْخَاسِرُونَ നഷ്ടകാരികൾ

---

*വ്യാഖ്യാനം*

ഈ ആയത്തിൽ ഉപയോഗിച്ചിരിക്കുന്ന ‘തിലാവത്ത്’ എന്നതിന് രണ്ടർത്ഥമാണുള്ളത്. ഒന്ന് പാരായണം ചെയ്യുക. മറ്റൊന്ന് പിൻപറ്റുക. ഗ്രന്ഥത്തെ ഉൾക്കൊണ്ടുകൊണ്ട് അതിനെ പിൻപറ്റുന്നതിനും ‘തലാ, തിലാവത്ത്’ എന്നീ വാക്കുകൾ ഉപയോഗിക്കും. വിശുദ്ധഖുർആനിൽ ഇപ്രകാരം വന്നിട്ടുണ്ട്. ‘***വൽഖമരി ഇദാ തലാഹാ***’ ചന്ദ്രനെ ഞാൻ ഒരു സാക്ഷ്യമായി സമർപ്പിക്കുന്നു. അത് സൂര്യന്റെ പിന്നാലെ വരുമ്പോൾ. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥം നല്കപ്പെട്ടവർ ആ ഗ്രന്ഥത്തെ അവർ നല്ലരീതിയിൽ പിൻപറ്റുന്നു എന്ന അർത്ഥം വരുന്നതാണ്.

പൊതുവിൽ ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന ‘അൽകിതാബ്’ എന്നതുകൊണ്ട് തൗറാത്തും ഇഞ്ചീലുമാണ് വിവക്ഷ എന്ന് ചിലർ തെറ്റിധരിച്ചിരിക്കുന്നു. വാസ്തവത്തിൽ അത് ശരിയല്ല. കാരണം വിശുദ്ധഖുർആൻ അവതരിക്കുമ്പോൾ ജൂതന്മാർ തൗറാത്തനുസരിച്ചോ ക്രിസ്ത്യാനികൾ ഇഞ്ചീലനുസരിച്ചോ ജീവിച്ചിരുന്നില്ല. മാത്രമല്ല അത് പലതരത്തിലുമുള്ള മാറ്റത്തിരുത്തലുകൾക്ക് വിധേയമാവുകയും ചെയ്തിട്ടുണ്ടായിരുന്നു. അതിന്റെ യഥാർത്ഥ അവസ്ഥയിൽ വിശുദ്ധഖുർആൻ ഇറങ്ങുന്ന കാലത്ത് അവരണ്ടും ഉണ്ടായിരുന്നില്ല. ഈ കാര്യം വിശുദ്ധഖുർആൻ പരാമർശിക്കുന്നുണ്ട്. ജൂതന്മാരുടെ പ്രവർത്തനം വിവരിച്ചുകൊണ്ട് പറയുന്നു.

‘അവർ സ്വന്തം കൈകൊണ്ട് ഗ്രന്ഥത്തിൽ കൂട്ടിച്ചേർത്ത് ഇത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് പറയും” (അൽബഖറ).

ഏതൊരു ആയത്തിനും അർത്ഥം നല്കുമ്പോൾ അതിന്റെ സൂചനകൾ മനസ്സിലാക്കിക്കൊണ്ടാണ് അർത്ഥം കല്പിക്കേണ്ടത്. ഇവിടെ ‘അൽകിതാബ്’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശുദ്ധഖുർആൻ തന്നെയാണ്. താബീഈങ്ങളുടെ നേതാവായ ഹദ്റത്ത് ഖത്താദാ(റഹ്) പറഞ്ഞിരിക്കുന്നത് ഈ വചനത്തിൽ ‘അൽകിതാബ്’ കൊണ്ടുദ്ദേശിക്കുന്നത് വിശുദ്ധഖുർആനാണെന്നാണ് (ഇബ്നു കസീർ, വാള്യം-1).

ഈ ആയത്തിലൂടെ അല്ലാഹു യഹൂദികളെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. നിങ്ങൾക്ക് നേരത്തെ തൗറാത്ത് നല്കിയെങ്കിലും നിങ്ങൾ അത് പിൻപുറം തള്ളിക്കളയുകയുണ്ടായി. ഇന്നിതാ, വിശുദ്ധഗ്രന്ഥം നല്കപ്പെട്ടവർ അവർ അതിനെ സ്വീകരിച്ച് അതനുസരിച്ച് പ്രവർത്തിക്കുന്നു. അല്ലാഹുവിന്റെ മതത്തെ സ്ഥാപിക്കുന്നതിനായി അവർ അതിലെ ഓരോ കല്പനയും അനുസരിച്ച് ജീവിക്കുകയാണ്. നിങ്ങളുടെ പക്കൽ ശരിയായ ഗ്രന്ഥം ഉണ്ടായിരുന്നുവെങ്കിൽ യഥാർത്ഥ സന്മാർഗികൾ നിങ്ങൾ തന്നെയാണ് ആകുമായിരുന്നത്. എന്നാൽ, നിങ്ങൾക്ക് മൂല്യച്യുതി നേരിട്ടിരിക്കുന്നു എന്ന് സ്വയം അംഗീകരിക്കുന്ന സ്ഥിതിക്ക് അല്ലാഹു തന്റെ മതത്തെ പ്രബലപ്പെടുത്തുന്നതിനായി പുതിയ ഒരു സമൂഹത്തെ ഉയിർത്തെഴുന്നേല്പിച്ചിരിക്കുകയാണ്. അവർക്ക് നല്കപ്പെട്ട ഗ്രന്ഥത്തെ അവർ പിൻപറ്റുന്നു. അത് അർഹിക്കുന്നവിധത്തിൽ പാരായണം ചെയ്യുകയും അതിനെ അവർ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ളവരാണ് അനുഭവജ്ഞാനം സിദ്ധിച്ച ഉറച്ചവിശ്വാസികൾ. ‘***ഉലാഇക്ക യുഅ്മിനൂനബിഹി***’ എന്നതിന്റെ ആശയമാണിത്. അവർ ആദ്യം വിശ്വസിച്ചിട്ടുണ്ടെങ്കിലും ഈ ഗ്രന്ഥം അനുസരിച്ച് തങ്ങളുടെ ജീവിതത്തെ അവർ ക്രമപ്പെടുത്തിയതിന്റെ ഫലമായി അടിയുറച്ച വിശ്വാസികളായി അവർ മാറി.

ആരാണ് ഇതിനെ നിഷേധിക്കുന്നത് അവർ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോയി എന്ന പരാമർശം ഇവിടെ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥം വിശുദ്ധഖുർആൻ ആണെന്നതിലേക്കുള്ള വ്യക്തമായ തെളിവാണ്. വിശുദ്ധഖുർആൻ നിലനില്ക്കെ തൗറാത്തിനെ നിഷേധിക്കുന്നതുകൊണ്ട് നഷ്ടപ്പെട്ടവരിൽ ഉൾപ്പെടില്ല. ഇവിടെ മുസ്‌ലിം ഉമ്മത്തിനോട് അല്ലാഹു പറയുന്നു, ഈ ഗ്രന്ഥത്തെ അതർഹിക്കുന്നവിധത്തിൽ നിങ്ങൾ പിൻ പറ്റിയാൽ വിജയം നിങ്ങൾക്ക് ലഭിക്കുന്നതാണ് എന്ന്. ഇതിനെ നിഷേധിക്കുന്നവർ പരാജയമടയുകയും ചെയ്യുന്നതാണ്. (*അവലംബം: തഫ്സീർകബീർ, വാള്യം-2, തയ്യാറാക്കിയത് എം. നാസിർ അഹ്മദ്*)

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്*
*(ഖലീഫത്തുൽ മസീഹ് )*

# ജുമുഅ ഉപേക്ഷിക്കുന്നവൻ മുസ്‌ലിമല്ല!

ഇന്ന് റമദാന്റെ അവസാനത്തെ ദിനത്തിലൂടെ നാം കടന്നുപോകുകയാണ്. നമ്മുടെ പാപങ്ങൾ പൊറുപ്പിക്കുന്നതിനും നന്മകൾ നല്ലവണ്ണം നിറവേറ്റുന്നതിനും അത് തുടർന്നുകൊണ്ടുപോകുന്നതിനും അങ്ങനെ പ്രതിഫലം പറ്റുന്നതിനുമായി തന്റെ കാരുണ്യത്താൽ അല്ലാഹു നമുക്ക് കനിഞ്ഞുനല്കിയതാണ് ഈ മാസം. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും ഈ മാസത്തിൽ നേടിയെടുക്കുന്നവർ ഭാഗ്യവാന്മാരാണ്.

ഇന്ന് ജുമുഅ ദിവസമാണ്. ഇതിന് അതിന്റേതായ ഒരു പ്രാധാന്യമുണ്ട്. ഇത് റമദാനിൽ വരുന്ന അവസാനത്തെ ജുമുഅ ആയതുകൊണ്ട് പ്രത്യേകതയൊന്നുമില്ല. ജുമുഅയെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ കല്പിച്ചിട്ടുള്ളതാണ്. ഹദീസുകളിലും വിവിധ രീതിയിൽ ഇതിന്റെ വിശദീകരണം കാണാം. ഭൂരിഭാഗം മുസ്‌ലിംകളും അഹ്മദികളിൽ ചിലരെങ്കിലും മനസ്സിലാക്കുന്നത് റമദാനിലെ ഈ അവസാനത്തെ ജുമുആയ്ക്ക് അസാധാരണമായ എന്തോ പ്രത്യേകതയുണ്ടെന്നാണ്. ഈ രീതിയിലുള്ള പ്രചാരണങ്ങളാണ് എങ്ങും നടന്നുവരുന്നത്. ഇത്തരം ചിന്താഗതികളുള്ളവർ ഇതിനെ ജുമുഅത്തുൽവിദാ എന്നു പറയുന്നു. മുസ്‌ലിം രാഷ്ട്രങ്ങളിലും മറ്റും ജനങ്ങൾ ഇന്നേ ദിവസം പള്ളികളിൽ തടിച്ചുകൂടാറുണ്ട്. മാധ്യമങ്ങളിലൂടെ ഈ അവസാനത്തെ ജുമുഅയെക്കുറിച്ച് തെറ്റായ വിവരണങ്ങളാണ് നല്കപ്പെടുന്നത്. ചില പത്രങ്ങൾ സ്പെഷ്യൽ എഡിഷനും പ്രസിദ്ധീകരിക്കാറുണ്ട്. വർഷം മുഴുവൻ നമസ്കരിച്ചിട്ടില്ലെങ്കിലും, ജുമുഅ നമസ്കരിച്ചിട്ടില്ലെങ്കിലും ജുമുഅത്തുൽവിദാ ദിവസം ചെന്ന് നമസ്കരിച്ചാൽ എല്ലാ പാപങ്ങളും പൊറുക്കപ്പെടുമെന്ന തെറ്റായ ധാരണകളാണ് പരത്തിയിട്ടുള്ളത്. ഈ തെറ്റായ ധാരണകൾ 'ഖളായെ ഉമരി'യുടെ ചിന്താഗതിയും ഉണ്ടാക്കിയിരിക്കുകയാണ്. അതായത്, കഴിഞ്ഞ കാലങ്ങളിൽ നമസ്കരിക്കാത്ത നമസ്കാരത്തിനൊക്കെ ഈയൊരൊറ്റ നമസ്കാരം പകരമാകുമത്രെ! ഇത് അങ്ങേയറ്റം തെറ്റായ ചിന്താഗതിയാണ്. ഈ അനാചാരങ്ങളിൽനിന്നൊക്കെ രക്ഷപ്പെട്ടുനില്ക്കുന്നു എന്നത് അഹ്മദികളായ നമ്മുടെമേലുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്. അല്ലാഹുവും അവന്റെ റസൂൽ (സ)ലും നന്മകളിൽ നിലനില്ക്കാനും, അത് പതിവായി തുടർന്നുകൊണ്ടുപോകാനും, നമ്മെ ഉപദേശിക്കുകയും നമ്മോട് കല്പിക്കുകയും ചെയ്തിരിക്കുന്നു. ഈ പരമ്പര കണ്ണി മുറിയാതെ നിലനിന്നാൽ നമ്മുടെ തെറ്റുകളേയും വീഴ്ചകളേയും അല്ലാഹു അവഗണിച്ചുകളയുന്നതാണ്. അങ്ങനെ പാപങ്ങൾ പൊറുത്തുകൊണ്ടേയിരിക്കും. ഇതുസംബന്ധമായി ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "മനുഷ്യൻ വൻപാപങ്ങളിൽനിന്ന് അകന്നുനിന്നാൽ, അഞ്ചുനേരങ്ങളിലെ നമസ്കാരങ്ങളും ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയും ഒരു റമദാൻ മുതൽ അടുത്ത റമദാൻ വരേയുമുള്ള പാപങ്ങളെ പൊറുപ്പിക്കുന്നതാകുന്നു."

അറിഞ്ഞുകൊണ്ട് പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്താലും, ജുമുഅത്തുൽ വിദാ ദിവസം എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുതരുമെന്ന വിചാരം ഉപേക്ഷിക്കേണ്ടതാണ്. അല്ലെങ്കിൽ ജുമുഅത്തുൽ വിദാ, പാപം പൊറുക്കാനുള്ള മാർഗ്ഗമായിത്തീരും എന്ന ചിന്താഗതി മറന്നുകളയുക. ചിലർ മനസ്സിലാക്കുന്നത്, ഒരു ഹജ്ജ് ചെയ്താൽ എല്ലാ പാപവും മാപ്പായെന്നും വീണ്ടും ഫിത്നയും ഫസാദും ഉണ്ടാക്കാനുള്ള അവസരം കിട്ടിയെന്നുമാണ്. വൻപാപങ്ങൾക്ക് ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. അവയിൽനിന്ന് രക്ഷപ്പെടാനാണല്ലോ പറഞ്ഞിരിക്കുന്നത്? മറ്റുള്ളവരുടെ ധനത്തിൽ അനുവദനീയമല്ലാത്ത രീതിയിൽ കൈകടത്തൽ പാപമാണ്. യതീംകളുടെ മുതൽ തിന്നൽ വൻപാപങ്ങളിൽപ്പെട്ടതാണ്. ഒന്നും സ്വയം ചെയ്യാതെ മറ്റുള്ളവരോട് അതു ചെയ്യാൻ കല്പിക്കുന്നതും തെറ്റാണ്. രണ്ട് സംഘങ്ങളെ തമ്മിലടിപ്പിക്കുക എന്നതും വൻ ദോഷങ്ങളിൽപ്പെട്ടതാണ്. രണ്ടുപേർ തമ്മിലുള്ള ബന്ധം വഷളാക്കി ഫിത്നയുണ്ടാക്കുക എന്നതും പാപമാണ്. ഫിത്ന കൊലയേക്കാൾ വലിയ കുറ്റമാണെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിനെ ഭയക്കുന്ന ഒരു സത്യവിശ്വാസി, മോഷ്ടിക്കില്ല, വ്യഭിചരിക്കില്ല, കൊള്ളയടിക്കില്ല, ആരേയും കൊല്ലുകയുമില്ല. ഇതൊക്കെയാണ് വലിയ പാപങ്ങൾ. അതിൽനിന്നെല്ലാം രക്ഷപ്പെടേണ്ടതാണ്. വഞ്ചനയിലൂടെ ആരുടെയെങ്കിലും മുതൽ തിന്നുക- അത് ആരുടേതാണെങ്കിലും ശരി, സർക്കാറിന്റേതാണെങ്കിലും

വേണ്ടില്ല പാപമാണ്. സുഹൃത്ബന്ധങ്ങൾ തകർക്കുക തുടങ്ങിയവയെല്ലാം വൻപാപങ്ങളാണ്. അതുകൊണ്ട് മനുഷ്യൻ ഒരു ശ്രമത്തോടുകൂടി ഈ തിന്മകളിൽനിന്ന് രക്ഷപ്പെടുമ്പോൾ, തെറ്റ് സംഭവിച്ച് എന്തെങ്കിലും ചെയ്താൽതന്നെ ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ, പറഞ്ഞു, നല്ലവണ്ണം നമസ്കരിച്ച അഞ്ചു നമസ്കാരങ്ങളും, ഒരു ജുമുഅ അടുത്ത ജുമുഅ വരെയും ഒരു റമദാൻ അടുത്ത റമദാൻ വരെയുമുള്ളതിനിടയിൽ നിങ്ങളിൽ നിന്നുണ്ടാകുന്ന ചെറുതും വലുതുമായ തെറ്റുകൾ- മനുഷ്യൻ ബലഹീനനാണ് അങ്ങനെ സംഭവിക്കാം, അത്തരം കാര്യങ്ങൾ മനഃപൂർവ്വം ആർക്കെങ്കിലും നഷ്ടമുണ്ടാക്കാൻ ചെയ്തതല്ലെങ്കിൽ- അത് അല്ലാഹു മാപ്പാക്കിത്തരുന്നതാണ്. നന്മകൾ സ്വായത്തമാക്കാനും തിന്മകളിൽനിന്ന് അകലാനും വേണ്ടി ചെയ്യുന്ന ഈ നമസ്കാരങ്ങളും ഈ ജുമുആയും ഈ റമദാനും, ചെറുതും വലുതുമായ തെറ്റുകൾക്ക് പ്രായശ്ചിത്തമാകും. നബി(സ), ജുമുഅത്തുൽ വിദാഅ്, പൊറുക്കലിന്റെ അവസരമൊരുക്കുമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. മറിച്ച്, ആദ്യം സൽക്കർമ്മങ്ങൾ ചെയ്യാനുള്ള ശ്രമവും, അല്ലാഹുവിനോടുള്ള പൊറുക്കലിനെ തേടലും, നിശ്ചിതമായ ആരാധനാകർമ്മങ്ങളും നിറവേറ്റേണ്ടതാണ്. ഇതൊക്കെയാണ് ചെറിയ ചെറിയ തെറ്റുകൾക്ക് പ്രായശ്ചിത്തമായിത്തീരുന്നത്. ഞാനോതിയ വചനങ്ങളിലും അല്ലാഹു കല്പിച്ചിരിക്കുന്നത് ഇതുതന്നെയാണ്: “വിശ്വസിച്ചവരേ! ജുമുഅ ദിവസം ഒരുനേരത്ത് ജുമുആക്കായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കാനായി ധിറുതിയിൽ നിങ്ങൾ പോകുക. കച്ചവടം ഉപേക്ഷിക്കുക. ഇത് നിങ്ങൾക്ക് ഗുണകരമാണ്; നിങ്ങൾ അറിയുന്നെങ്കിൽ. നമസ്കാരം അനുഷ്ഠിച്ചുകഴിഞ്ഞാൽ, ഭൂമിയിൽ വ്യാപിച്ചുകൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് കുറച്ചന്വേഷിക്കുക. അല്ലാഹുവിനെ അധികമധികമായി സ്മരിക്കുക; നിങ്ങൾ വിജയികളാകുന്നതിനുവേണ്ടി. അവർ എന്തെങ്കിലും കച്ചവടമോ കളിതമാശയോ കാണുമ്പോൾ, അതിലേക്ക് ഓടിപ്പോകുന്നതാണ്. നിന്നെ തനിച്ച് വിട്ടേക്കുകയും ചെയ്യും. നീ പറയുക, എന്തൊന്നാണോ അല്ലാഹുവിന്റെ പക്കലുള്ളത് അത് കളിതമാശകളേക്കാളും കച്ചവടത്തേക്കാളും മഹത്തരമാണ്. അല്ലാഹു ഉപജീവനം നല്കുന്നവരിൽ ഏറ്റവും ഉത്തമനാണ്.

ഇവിടെ അല്ലാഹു കാര്യം വ്യക്തമായി പറഞ്ഞിരിക്കുന്നു. ജമുഅ ദിവസം നിങ്ങളെ നമസ്കാരത്തിനായി വിളിച്ചാൽ, ***ഫസ്അൗ ഇലാ ദിക്‌രില്ലാഹ്*** അല്ലാഹുവിനെ സ്മരിക്കുന്നതിനായി ധിറുതി കാണിച്ചുകൊണ്ട് ഓടിപ്പോകുക. നിങ്ങൾക്ക് ഏറ്റവും മുന്തിയത് ജുമുഅ ആയിരിക്കണം. കാരണം ഇതുതന്നെയാണ് ആരാധന. ഇതുമുഖേന നിങ്ങളുടെ പാപം പരിഹരിക്കപ്പെടുന്നതാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു:

ഹദ്‌റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി കരീം(സ) വെള്ളിയാഴ്ച ദിവസത്തെ സംബന്ധിച്ച് പ്രശംസിച്ചുപറയുകയുണ്ടായി: ആ കൂട്ടത്തിൽ നബി(സ) പറഞ്ഞു: “ആ ദിവസത്തിൽ ഒരു സമയമുണ്ട്. അതിൽ ഒരു മുസ്‌ലിം അല്ലാഹുവിനോട് നമസ്കരിച്ചുകൊണ്ട് എന്തു നന്മ തേടിയാലും അല്ലാഹു അവനത് നല്കുന്നതാണ്. അത് വളരെ കുറഞ്ഞ സമയമാണെന്ന് നബി(സ) കൈകൊണ്ട് ആംഗ്യം കാണിച്ചു.”

ജുമുഅ നമസ്കാരമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്ന് നാം കണ്ടുകഴിഞ്ഞു. ഖുത്ബയും നമസ്കാരത്തിന്റെ ഭാഗമാണ്. ഇതാണ് ജുമുഅയ്ക്കുള്ള സ്ഥാനം. അതിൽ ദുആ സ്വീകരിക്കപ്പെടുന്ന ഒരു സമയമുണ്ട്. ആ സമയത്ത് എന്തു നന്മ അല്ലാഹുവിനോട് ചോദിച്ചാലും അല്ലാഹു നല്കുന്നതായിരിക്കും. അതുകൊണ്ട്, നിങ്ങളുടെ കച്ചവടമാണ് നിങ്ങൾക്ക് ഫലം നല്കുന്നതെന്ന് കരുതാതിരിക്കുക. കച്ചവടത്തിനുവേണ്ടി ജുമുഅ നമസ്കാരം ഉപേക്ഷിച്ചാൽ നിങ്ങൾക്ക് തീർച്ചയായും നിങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് അതിൽനിന്ന് ഫലം കിട്ടുമെന്ന് എന്താണുറപ്പ്? പക്ഷേ, ഈ ദിവസം ഈ നേരങ്ങളിൽ നിങ്ങൾ അല്ലാഹുവിനോട് നന്മയും ക്ഷേമവും ചോദിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് തീർച്ചയായും കിട്ടുമെന്ന് അല്ലാഹുവിന്റെ റസൂൽ(സ) നിങ്ങളെയറിയിക്കുന്നു. വൻപാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള നിബന്ധനകൾ പാലിക്കണമെന്നു മാത്രം. ഇവിടേയും അല്ലാഹു ഒരു മുസൽമാനെ, ഒരു മുഅ്മിനെ ജുമുഅ നമസ്കാരത്തിന്നായി വിളിച്ചാൽ, അയാൾ കച്ചവടങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ധിറുതി കാണിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അതാണ് നിങ്ങൾക്കുത്തമം. റമദാനിലെ അവസാനത്തെ ജുമുഅ ദിവസം കച്ചവടങ്ങൾ ഉപേക്ഷിക്കുകയെന്നും അതിൽ പ്രത്യേകമായ നിലയിൽ ദുആ സ്വീകരിക്കപ്പെടുമെന്നും ഒരിടത്തും പറഞ്ഞിട്ടില്ല. മറ്റു ജുമുആകൾ കച്ചവടത്തിനുവേണ്ടി ഉപേക്ഷിച്ചാലും ഒന്നും സംഭവിക്കുകയില്ലെന്നും പറഞ്ഞിട്ടില്ല. നബി(സ) തിരുമേനി ജുമുഅയുടെ പ്രാധാന്യം എന്നല്ല അതിന്റെ നിർബന്ധാവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ഓരോ മുസൽമാനും ജമാഅത്തോടുകൂടി നമസ്കാരം അനുഷ്ഠിക്കേണ്ടത് നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു; അടിമകളും കുട്ടികളും സ്ത്രീകളും രോഗികളും ഒഴികെ. ഇവരെല്ലാം കഴിവില്ലാത്തവരാണ്. നിർബന്ധിതരാണ്. അല്ലാഹു അക്രമിയല്ല. അനുവദനീയമായ കാരണങ്ങൾ ഉണ്ടെങ്കിൽ, അവിടെ ഇളവും നല്കിയിട്ടുണ്ട്. പക്ഷേ, ഭൗതികതയെ അല്ലാഹുവിന്നെതിരിൽ എഴുന്നേല്പിച്ചുനിറുത്തരുത്. അത് സഹിക്കാൻ പറ്റുകയില്ല. ഹദീസിൽ വന്നിരിക്കുന്ന വാക്കുകൾ, ***അൽജുമുഅത്തു ഹഖ്ഖുൻ വാജിബുൻ അലാകുല്ലിമുസ്‌ലിമിൻ*** എന്നാണ്.

അല്ലാഹുവിന്റെ അവഗണന നിസ്സാര കാര്യമല്ല. മറിച്ച്, അല്ലാഹുവിനെ ഭയക്കുന്ന ഓരോ ബുദ്ധിമാന്മാരും അല്ലാഹുവിന്റെ അവഗണനയുടെ ഫലം നാശവും തകർച്ചയുമാണെന്ന് നല്ലവണ്ണം മനസ്സിലാ

ക്കുന്നു. ദീനും ലഭിക്കില്ല. ദുൻയാവും ലഭിക്കില്ല. മുസ്‌ലിംകളുടെ ഏത് ജമാഅത്തെടുത്തുനോക്കിയാലും വ്യക്തമായും മനസ്സിലാക്കാൻ കഴിയും നബി (സ)ന്റെ കല്പന പാലിക്കാതെ, അല്ലാഹുവിന്റെ കല്പനകളെ അവഗണിച്ചുകൊണ്ടുള്ള അവസ്ഥയാണെങ്ങും. പരലോകത്ത് എന്തായിരിക്കും അവരോടുള്ള പെരുമാറ്റം? അതൊരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹദ്റത്ത് സമറ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ജുമുഅ നമസ്കരിക്കാൻ വരിക. ഇമാമിന്റെ അടുത്തുവന്നിരിക്കുക. ഒരാൾ ജുമുഅയ്ക്ക് പിന്നിൽ ഇരുന്നാൽ സ്വർഗ്ഗത്തിലും പിന്നിലായിപ്പോകും. യഥാർത്ഥത്തിൽ അവൻ സ്വർഗ്ഗത്തിന്റെ അവകാശിയാണ്." "അല്ലാഹുവിന്റെ സന്നിധിയിൽ ജുമുഅയുടെ ദിവസം വന്നിരുന്ന കണക്കനുസരിച്ച് അവർ ഇരിക്കുന്നതായിരിക്കും" എന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ജന്നത്തിന്റെ അവകാശികളായിരുന്നിട്ടും ചില കർമ്മങ്ങളാൽ ജന്നത്തിൽനിന്ന് അകറ്റിനിറുത്തുന്നത് എത്രമാത്രം നിർഭാഗ്യതയാണ്. അതും ജുമുഅ നമസ്കരിക്കാത്ത കാരണം കൊണ്ടുമാത്രം.

ജുമുഅ നമസ്കാരം ഉപേക്ഷിക്കുന്നവനെക്കുറിച്ച് നബി(സ) എത്രമാത്രം വെറുപ്പാണ് പ്രകടിപ്പിച്ചിരിക്കുന്നതെന്ന് നോക്കുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു. "ജുമുഅ ഉപേക്ഷിക്കുന്നവരെക്കുറിച്ച്, വേറൊരാളെ നമസ്കരിപ്പിക്കാൻ ഏല്പിച്ചുകൊണ്ട്, ജുമുഅ നമസ്കരിക്കാൻ വരാത്തവരുടെ വീടുകൾക്ക് തീവെച്ചാലോ എന്ന് എന്റെ മനസ്സാഗ്രഹിച്ചുപോകുകയാണ്." ഈ മുന്നറിയിപ്പ് ഓരോരുത്തരും അവരുടെ മുമ്പിൽ കാണേണ്ടതാണ്. നബി(സ) യുടെ ഈ അവസ്ഥ നാം എപ്പോഴും നമ്മുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. നബി (സ) തിരുമേനി മുഴുലോകത്തിനും കാരുണ്യമാണ്. ആ മഹാത്മാവിന്റെ മനസ്സ് മൃഗങ്ങളോടും പക്ഷികളോടുമുള്ള സ്നേഹംകൊണ്ടു പോലും നിറഞ്ഞിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കല്പനകളിൽ നിന്ന് അകന്നുനില്ക്കുന്ന ആരെയെങ്കിലും കണ്ടാൽ, ജുമുഅ നമസ്കരിക്കാൻ വരാത്തവന്റെ വീട്ടിന് തീവെച്ചാലോ എന്ന് പറയുന്നു. ഈ പ്രകടനവും തന്റെ ജനതയ്ക്കുവേണ്ടി ആ മഹാത്മാവിന്റെ മനസ്സിലുണ്ടായിരുന്ന അനുകമ്പ തന്നെയാണ്. അതായത്, അല്ലാഹു നിങ്ങളുടെ വളരെ അടുത്തെത്തിയിട്ടും നിങ്ങളുടെ കച്ചവടങ്ങളും ഭൗതികമായ നേട്ടങ്ങൾക്കുമെതിരിൽ ആയിരം അല്ലെങ്കിൽ ലക്ഷക്കണക്കിന് ഇരട്ടി നിങ്ങളുടെ ഗുണത്തിനുള്ള സാഹചര്യങ്ങളൊരുക്കിയിട്ടും എന്തുകൊണ്ട് നിങ്ങളത് വാങ്ങുന്നില്ല? ഈ പ്രകടനം നടത്തിയിട്ടുള്ളത് ജുമുഅ നമസ്കരിക്കാത്തവർ അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. അല്ലാഹു തന്റെ കാരുണ്യം വിതരണം ചെയ്യുന്നു. നിങ്ങളാണെങ്കിൽ അത് വാങ്ങുന്നുമില്ല. വീട്ടിലെ സുഖവും കച്ചവടങ്ങളും ഭൗതികമായ നേട്ടങ്ങളും ജുമുആയെക്കാൾ കൂടുതൽ ഫലം ചെയ്യുന്നതാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. നേട്ടമെന്താണെന്ന് തന്നോട് ചോദിച്ചാൽ താൻ പറഞ്ഞുതരാമെന്ന് നബി (സ) നിങ്ങളോട് പറയുന്നു. ഈ ഭൗതികമായ സുഖത്തേയും ക്ഷേമത്തേയും കളിയേയും തമാശയേയും കച്ചവടങ്ങളേയും എല്ലാം കത്തിച്ചുചാമ്പലാക്കേണ്ടി വന്നാലും ജുമുആയ്ക്ക് വരേണ്ടതാണ്. അത്തരം കാര്യങ്ങളിൽനിന്നെല്ലാം രക്ഷപ്പെട്ടുകൊള്ളുക. ആത്മീയതയിൽ അഭിവൃദ്ധിപ്പെടാനും ദുആ സ്വീകാര്യതയുടെ കാഴ്ചകൾ ദർശിക്കാനും അല്ലാഹുവിന്റെ സാമീപ്യവും തൃപ്തിയും കരസ്ഥമാക്കാനും ഒരിക്കലും നഷ്ടമാകാത്തതും അനശ്വരമായതുമായ കച്ചവടത്തിന്റെ അനന്തരാവകാശിയാകാനും വേണ്ടി ജുമുഅയുടെ അനുഗ്രഹങ്ങളിൽനിന്ന് നിങ്ങൾ ഫലമെടുക്കുക.

ഇന്ന് അന്യജനതകളുടേയും മതത്തിൽനിന്ന് വ്യതിചലിച്ചവരുടേയും അലങ്കാരങ്ങളും കച്ചവടങ്ങളും മുതലുകളും നമ്മെ അവരിലേക്ക് വലിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിലാണ് എല്ലാ അനുഗ്രഹങ്ങളുമെന്ന യാഥാർത്ഥ്യം നാം മറന്നുപോകുന്നു. അതുകൊണ്ടാണ് ദുൻയാവിലെ അലങ്കാരങ്ങളും കച്ചവടങ്ങളും അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗ്ഗങ്ങൾക്കെതിരിൽ ഒന്നുമല്ലായെന്ന് വ്യക്തമാക്കുന്നത്.

ഈ കാലഘട്ടത്തിൽ അഹ്മദികളുടെ ഉത്തരവാദിത്തം വളരെ വലുതാണ്. നമ്മളിൽ അർപ്പിക്കപ്പെട്ട ഒരു അമാനത്ത്, നമ്മൾ ചെയ്ത ഒരു ഉടമ്പടി അതിന്റെ കടമ നിറവേറ്റേണ്ടതുണ്ട്. ഈ കടമ ദുആയും അല്ലാഹുവിന്റെ അനുഗ്രഹവും കൂടാതെ നിറവേറ്റപ്പെടുകയില്ല. അല്ലാഹു നമ്മളിൽ ഔദാര്യം ചെയ്തുകൊണ്ട് ജുമുആയിൽ മാറ്റത്തിന്റെ ആ നേരം വെച്ചിട്ടുണ്ട്. ആ നേരത്താണ് നാം ചെയ്ത പ്രാർത്ഥന സ്വീകരിക്കപ്പെടുന്നത്. നമ്മൾ നമ്മുടെ മക്കൾക്ക് അല്ലാഹുവുമായി സുദൃഢബന്ധമുണ്ടാകാൻ വേണ്ടി ചെയ്യുന്ന ദുആയേക്കാൾ നന്മയ്ക്കുള്ള വലിയ ദുആ മറ്റെന്താണുള്ളത്? അല്ലാഹുവിന്റെ അവസാനത്തെ ദീനിൽ നിലനില്ക്കാനും നമ്മുടെ തലമുറകളെ അതിൽ നിലനിറുത്താനും അതിനെ പ്രചരിപ്പിക്കാനും ഭാഗ്യം കിട്ടിയ നമ്മൾ യഥാർത്ഥത്തിൽ ജുമുആയുടെ കടമ നിറവേറ്റുന്നവരാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടവരാണ് നാം. ആ മഹാത്മാവ് അവസാനകൂട്ടരിലും ഒരു ജമാഅത്ത് സ്ഥാപിച്ചു. അവർ ആദ്യം വന്നവരുമായി കൂടിച്ചേർന്നു. അങ്ങനെ അവസാനം വന്നവർ ആദ്യം വന്നവരുടെ സ്ഥാനം കരസ്ഥമാക്കി. ആദ്യം വന്നവരുണ്ടാക്കിയ മാറ്റം പോലെ തങ്ങളിലും മാറ്റമുണ്ടാക്കാൻ അവർ ശ്രമിച്ചു. അവർ തങ്ങളുടെ ആരാധനയുടെ ഉത്തമമായ

*പേജ് 22-ൽ*

ലേഖനം

എ. അമ്രീൻ

*മനുഷ്യന്റെ ജീവിതാവസ്ഥകളും ജീവിതസാക്ഷാത്കാരവും- 3*

# മതം, സംസ്കാരം, സദാചാരം, കല

മതം, സംസ്കാരം, സദാചാരം, കല എന്നിവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നവയാണ്. മതം എന്നത് അടിസ്ഥാനപരമായി മനുഷ്യപ്രകൃതിയ്ക്ക് മാർഗ്ഗദർശനം നല്കുന്ന സംവിധാനമാണ്. അതേസമയം സംസ്കാരമാകട്ടെ മതപരമായ അധ്യാപനങ്ങളുടെ അടിത്തറയിൽ വളരുന്ന ആശയാദർശങ്ങളുടെ സമുച്ചയമാണ്. സംസ്കാരത്തിന്റെ വിവിധ രൂപങ്ങളാണ് സദാചാരങ്ങളായും കലാസാഹിത്യങ്ങളായും മറ്റും പ്രത്യക്ഷപ്പെടുന്നത്. അങ്ങനെ സംസ്കാരത്തിന്റേയും അതിന്റെ കൈവഴികളുടേയും അസ്തിവാരം മതമാണെന്നു വരുന്നു. അതുകൊണ്ടാണ് ലോകപ്രശസ്ത ചരിത്രകാരനായിരുന്ന ആർനോൾഡ് ടോയൻബി എല്ലാ സംസ്കാരവും മതത്തിൽ വേരൂന്നിയിരിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടത്.

**മതവും സദാചാരവും**

മനുഷ്യന്റെ എല്ലാ സാമൂഹികബോധരൂപങ്ങളുടേയും ഉറവിടം മതമാണ്. സദാചാരബോധംതന്നെ ഉദാഹരണമായെടുക്കാം. മനുഷ്യർക്കിടയിലുള്ള പരസ്പരബന്ധങ്ങളുടെ ഉന്നതമായ മൂല്യത്തിനാണ് സദാചാരം എന്നു പറയുന്നത്. ഈ സദാചാരത്തിന്റെ പൂർണ്ണതയാണ് മതത്തിന്റെ രൂപമണിയുന്നത്. മനുഷ്യബന്ധങ്ങളിൽ മാത്രമല്ല, മറ്റു ജീവജാലങ്ങളോടുള്ള പെരുമാറ്റത്തിലും സദാചാരബോധത്തിന് സുപ്രധാന സ്ഥാനമുണ്ടെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഒരാളുടെ സദാചാരഗുണം അയാളുടെ ദൈവബോധത്തെയാണ് സൂചിപ്പിക്കുന്നത്. ഉൽകൃഷ്ടസ്വഭാവങ്ങളുടേയും ഉന്നത ധാർമ്മികഗുണങ്ങളുടേയും ഉദ്ദിഷ്ടലക്ഷ്യംതന്നെ ദൈവബന്ധമാകുന്നു. നല്ല സ്വഭാവമില്ലാത്ത ആരുമായും ദൈവം ബന്ധം പുലർത്തുന്നില്ല എന്നതാണ് മതത്തിന്റെ പാഠം. ജീവിതത്തിൽ ഈ സദാചാരഗുണങ്ങൾ അതിന്റെ പാരമ്യതയിലെത്തിക്കുന്ന കാര്യത്തിൽ മതാചാര്യന്മാരായ പ്രവാചകന്മാരോളം യത്നിച്ചവർ മറ്റാരാണ്. ഉൽകൃഷ്ടമായ സദാചാരഗുണങ്ങൾ അവസാനം ദൈവത്തിലേക്കുതന്നെയാണ് എത്തിച്ചേരുക. അങ്ങനെ യഥാർത്ഥ മതബോധവും യഥാർത്ഥ സന്മാർഗ്ഗബോധവും അഭിന്നങ്ങളാണെന്നു കാണാം.

ലെനിൻ ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിരുന്നു. ഉദാത്തമായ സദാചാരഗുണങ്ങൾ അനിവാര്യമായും ദൈവത്തിലേക്ക് ആകർഷിക്കപ്പെടുമെന്നുള്ളതുകൊണ്ട് ദൈവവിശ്വാസത്തിൽനിന്ന് രക്ഷപ്പെടണമെങ്കിൽ സദാചാരഗുണങ്ങളെതന്നെ തള്ളിപ്പറയേണ്ടതുണ്ടെന്ന് ലെനിൻ പറഞ്ഞത് അതുകൊണ്ടാണ്. ലെനിൻ ഉയർത്തിപ്പിടിച്ച പ്രത്യയശാസ്ത്രത്തിന്റെ മുദ്രാവാക്യം 'ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു' എന്നതാണല്ലോ. ഇതിനുവേണ്ടി ഒരു വിചിത്ര സദാചാരവും അവർ വികസിപ്പിച്ചെടുത്തു. എന്നാൽ, ദൈവബന്ധമില്ലാത്ത സദാചാരഗുണങ്ങൾ വെറും പ്രഹസനമാണെന്നു മാത്രമല്ല, അതിജീവനമില്ലാത്തതുമാണ്. പ്രതിസന്ധിഘട്ടങ്ങളിലും പരീക്ഷണവേളകളിലും അത് പരാജയമടയുന്നു. ലോകചരിത്രത്തിൽ ഇതിനുള്ള നിറഞ്ഞ ഉദാഹരണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. യുദ്ധങ്ങളിലും കലാപാവസരങ്ങളിലും അത്തരക്കാരുടെ സദ്ഗുണങ്ങളുടെ പൂച്ച് പുറത്തുചാടുന്നു! ദൈവബന്ധമില്ലാതെ, മതബോധമില്ലാതെ വിപ്ലവം സൃഷ്ടിക്കാനിറങ്ങിത്തിരിച്ചവരുടെ ഗതി നാം കണ്ടറിഞ്ഞതാണല്ലോ!!

**യഥാർത്ഥമതത്തിന്റെ ലക്ഷണങ്ങൾ**

മതം പറയുന്നത്, അഥവാ മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യമായി ഇസ്ലാം ഉണർത്തുന്നത് സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നാണ്. മനുഷ്യന്റെ ഓരോ അവയവങ്ങളുടേയും ഓരോ കഴിവുകളുടേയും പരമാവധി ലക്ഷ്യം ഈ ആരാധനയാണ്. സ്നേഹത്തിന്റെ പാരമ്യമാണ് ആരാധന സൃഷ്ടിക്കുന്നത്. സ്നേഹിതന്റെ സൗന്ദര്യങ്ങളും മഹത്വങ്ങളും തിരിച്ചറിയുമ്പോഴാണ് അതുണ്ടാവുന്നത്. ദൈവത്തോടുള്ള സ്നേഹം മനുഷ്യപ്രകൃതിയിൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണെങ്കിലും ദൈവത്തിന്റെ സൗന്ദര്യത്തേയും ഔദാര്യത്തേയും കുറിച്ചുള്ള അറിവിൽനിന്നാണ് അത് വളരുന്നത്. എന്നാൽ, ഈ അറിവ് ശരിയായ ദൈവികമാർഗ്ഗദർശനത്തിലൂടെ മാത്രമേ മനുഷ്യന് ലഭ്യമാവുകയുള്ളൂ എന്നതാണ് മറ്റൊരു കാര്യം. ചുരുക്കത്തിൽ ദൈവസത്തയെക്കുറിച്ചുള്ള അന്തർബോധം മാത്രമല്ല, ദൈവസ്നേഹവും മനുഷ്യജീവിതത്തിന്റെ അവിഭാജ്യഭാഗമാണെന്നത് അനിഷേധ്യമാണ്. തൃഷാർത്തമായ ഈ നൈസർഗ്ഗികബോധത്തിന്റെ ദൈവദത്തമായ നിവാരണമാർഗ്ഗമാണ് യഥാർത്ഥമതം പ്രതിനിധാനം ചെയ്യുന്നത്. വിശുദ്ധഖുർആൻ ആ പ്രകൃതിമതത്തെ നമുക്ക് ഇങ്ങനെയാണ് പരിചയപ്പെടുത്തുന്നത്.

“അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതിയെ നീ പിന്തുടരുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ യാതൊരു മാറ്റവുമില്ല. അതുതന്നെയാണ് യഥാർത്ഥമതം” (30:31).

അതായത്, ദൈവം ഉണ്ടാക്കിയ പ്രകൃതിനിയമത്തിന് വിരുദ്ധമല്ലാത്ത മതം, മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ അവയവങ്ങളുടേയും അവ

ബോധങ്ങളുടേയും സഹജവാസനകളുടേയും മാതൃകയ്ക്ക് അനുയോജ്യമായ മതം- അതുമാത്രമാണ് യഥാർത്ഥ മതം. അതിനുമാത്രമേ മനുഷ്യന് ശരിയായ നിലയിൽ മാർഗ്ഗദർശനം നല്കാൻ കഴിയുകയുള്ളൂ. മനുഷ്യന്റെ പ്രകൃതിയെ അംഗീകരിക്കാത്ത ഒരു മതവും അടിയുറപ്പില്ലാത്തതാണ്. അത്തരം മതത്തിന് മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യത്തെ സാർത്ഥകമാക്കാനോ മതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ സാക്ഷാത്കരിക്കാനോ സാധ്യമല്ല.

**മതവും മനുഷ്യപ്രകൃതിയും**

അപ്പോൾ മതം എന്നുപറയുന്നത്, മനുഷ്യപ്രകൃതിയെ മാറ്റിമറിക്കുന്ന എന്തോ ഒന്നല്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മറിച്ച്, മനുഷ്യന്റെ പ്രകൃതിദത്തമായ ദൈവബോധത്തിനും സഹജവാസനകൾക്കും മാർഗ്ഗദർശനം നല്കുക മാത്രമാണ് മതം ചെയ്യുന്നത്. മതത്തിന്റെ ഈ യാഥാർത്ഥ്യം, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർ, വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ വിശദീകരിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് പറയുന്നു:

"വിശുദ്ധഖുർആൻ ഉദ്ഘോഷിക്കുന്നത് മതം മനുഷ്യരുടെ പ്രകൃതിദത്തമായ കഴിവുകളെ മാറ്റുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്നില്ലെന്നാണ്. ഒരു ചെന്നായയെ ആട്ടിൻകുട്ടിയാക്കി മാറ്റാൻ മതത്തിന്നാവുകയില്ല. ദൈവം മനുഷ്യനിൽ കരുപിടിപ്പിച്ചിട്ടുള്ള കഴിവുകളും സിദ്ധികളും വികസിപ്പിക്കുന്നതിൽ അവന് മാർഗ്ഗദർശനം നല്കുക എന്നതാണ് മതത്തിന്റെ ഉദ്ദേശ്യം. നൈസർഗ്ഗികമായ ഒരു കഴിവിനെ മാറ്റി മറിക്കുക എന്നുള്ളത് മതത്തിന്റെ പരിധിയ്ക്ക് അപ്പുറത്തുള്ളതാണ്. എന്നാൽ, അവ എങ്ങനെയൊക്കെ എപ്പോഴൊക്കെ പ്രകടിപ്പിക്കണമെന്നുള്ള മാർഗ്ഗദർശനം നല്കാൻ മാത്രമേ മതത്തിന് കഴിയുകയുള്ളൂ. കാരുണ്യമോ പൊറുമയോ പോലുള്ള ഗുണത്തെ മാത്രം പൊക്കിപ്പിടിച്ച് അതിരുകവിഞ്ഞ പ്രാധാന്യം നല്കേണ്ട ആവശ്യമൊന്നും മതത്തിനില്ല. മറിച്ച് ദൈവം നല്കിയ എല്ലാ കഴിവുകളും എങ്ങനെ വിനിയോഗിക്കണമെന്ന് പഠിപ്പിക്കുകയെന്നതാണ് മതം ചെയ്യേണ്ടത്."

മതത്തിന്റെ ഈ യാഥാർത്ഥ്യം ഇത്രയും വിശദീകരിച്ചശേഷം വാഗ്ദത്ത മസീഹ്(അ) മതത്തിന്റെ സാരാംശം ഇങ്ങനെ നമുക്ക് സംക്ഷേപിച്ചുതരുന്നു:

"മതം പറയുന്നത് ഇത്രമാത്രമാണ്: ഒരു ബിംബാരാധകനോ മനുഷ്യാരാധകനോ ദൈവത്തിന്റെ കേവലമൊരു സൃഷ്ടിയോടു കാണിക്കുന്ന സ്നേഹപ്രകടനങ്ങളും അർപ്പണബോധവും വിശ്വസ്തതയും സ്ഥിരചിത്തതയുമൊക്കെ ദൈവത്തോടു മാത്രമേ പാടുള്ളൂവെന്നും പരിപൂർണ്ണമായ സമർപ്പണം ദൈവത്തോടു മാത്രമേ കാണിച്ചുകൂടുമെന്നുമാണ്" (സിറാജുദ്ദീൻ എന്ന ക്രിസ്ത്യാനിയുടെ നാലു ചോദ്യങ്ങൾക്കുള്ള മറുപടി, പുറം 18-19).

**സൗന്ദര്യബോധത്തിന്റെ ലക്ഷ്യം**

കേവലമായ ദൈവവിശ്വാസം മനുഷ്യനിൽ ഒരു മാറ്റവുമുണ്ടാക്കുന്നില്ല എന്നതിൽ തർക്കമില്ല. എങ്കിലും ഏതെങ്കിലും രൂപത്തിലുള്ള മതാനുഭവം തന്നെയാണ് മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം എപ്പോഴത്തേയും ആശ്വാസമായി നിലനില്ക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള ആത്മീയോപാസനാരീതികൾ സ്വായത്തമാക്കിയിട്ടില്ലാത്ത ഒരു വർഗ്ഗമോ ജാതിയോ ചരിത്രത്തിൽ എവിടേയും കാണാൻ കഴിയില്ല. ഒരു അതീതസത്യത്തിലേക്കുള്ള എല്ലാ നന്മയുടേയും പ്രഭവകേന്ദ്രത്തിലേക്കുള്ള ഒരാകർഷണശക്തി മനുഷ്യന്റെ പ്രകൃതിയിൽ നിക്ഷിപ്തമാണെന്നുതന്നെയാണതിനു കാരണം. പക്ഷേ, ദൈവത്തിൽനിന്നുള്ള ശരിയായ മാർഗ്ഗദർശനത്തിന്റെ അഭാവത്തിൽ അതിന്റെ യാഥാർത്ഥ്യം എന്തെന്ന് മനുഷ്യന് തിരിച്ചറിയാൻ കഴിയുകയില്ലെന്നു മാത്രം. സർവ്വസമർത്ഥനായ ആ അതീതയാഥാർത്ഥ്യത്തിനുവേണ്ടി മനുഷ്യഹൃദയത്തിൽ കുടികൊള്ളുന്ന അന്വേഷണബുദ്ധി അല്ലെങ്കിൽ ആ ആകർഷണശക്തി തന്നെയാണ് വിവിധ ആരാധനാരീതികളിലും ആനന്ദത്തോടുള്ള മനുഷ്യന്റെ അഭിനിവേശത്തിലും മനുഷ്യമനസ്സിൽ അന്തർലീനമായ സൗന്ദര്യബോധത്തിലുമെല്ലാം പ്രതിഫലിക്കുന്നത്. വാഗ്ദത്ത മസീഹ്(അ) 'ഇസ്ലാംമത തത്ത്വജ്ഞാനം' എന്ന തന്റെ ഉജ്ജ്വലഗ്രന്ഥത്തിൽ ഇതിന്റെ തത്ത്വശാസ്ത്രം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുകയാണ്.

"ജനിച്ചുവീണ ഉടനെ ശിശു അതിന്റെ ജന്മസിദ്ധമായ ആത്മബോധത്താൽ പ്രേരിതനായി മാതാവിന്റെ നേർക്ക് ചായുന്നു. പ്രകൃത്യാതന്നെ അതിന് തള്ളയോട് പ്രത്യേകം സ്നേഹമുള്ളതായി കാണാം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചുവരുന്തോറും ഈ പ്രകൃതിഗുണവും പൂർവ്വാധികം പ്രകാശിച്ചുകൊണ്ടിരിക്കും..... ഇപ്രകാരം ശിശുവിനെ മാതൃ നികടത്തിലേക്ക് വലിച്ചുകൊണ്ടുപോകുന്ന ആകർഷണശക്തി എന്തായിരിക്കാം? അത് യഥാർത്ഥ ഭക്ത്യാരാധനകൾക്കർഹനായ സൃഷ്ടികർത്താവിലേക്ക് മനുഷ്യനെ തിരിച്ചുവിടുന്നതിന് ശിശുപ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹശക്തിയല്ലാതെ മറ്റൊന്നുമല്ല.

''മനുഷ്യൻ ബാഹ്യവസ്തുക്കളിൽ സ്നേഹബന്ധം പ്രദർശിപ്പിക്കുമ്പോഴെല്ലാം ഈ ആകർഷണശക്തി തന്നെയാണ് അവനിൽ പ്രവർത്തിക്കുന്നത്. അവൻ ഏതു വസ്തുവിൽ സ്നേഹം കാണിക്കുന്നതായാലും ഇതേ ആകർഷണശക്തി തന്നെയാണ് പ്രതിഫലിക്കുന്നത്. ഇങ്ങനെ അവൻ ബാഹ്യവസ്തുക്കളിൽ പ്രേമം കാട്ടുന്നത് പരമാർത്ഥമായ ലക്ഷ്യവസ്തുവിനെ തിരയുന്നതിനായുള്ള ആ സ്വാഭാവികബോധത്താൽ പ്രേരിതനായിട്ടാണെന്നു പറയാം. കളഞ്ഞുപോയതും പേരുപോലും മറന്നുപോയതുമായ ഒരു സാധനം തിരഞ്ഞുനടക്കുന്ന ഒരുവൻ തന്റെ ദൃഷ്ടിയ്ക്ക് ലക്ഷീഭവിക്കുന്ന ഓരോ വസ്തുവിലും അതിനെ അന്വേഷിക്കുന്നതുപോലെയാണ്, മനുഷ്യൻ ബാഹ്യവസ്തുക്കളിലെല്ലാം തന്റെ ലക്ഷ്യവസ്തുവിനെ തിരയുന്നത്. അതിനാൽ അവന് ധനത്തിലും സന്താനത്തിലും ഭാര്യയി

ലുമുള്ള സ്നേഹവും മാധുര്യമേറിയ സ്വരവിശേഷങ്ങളിലുള്ള താൽപര്യവുമെല്ലാം സൂചിപ്പിക്കുന്നത് അജ്ഞാതമായ ആ പ്രേമലക്ഷ്യത്തെ സംബന്ധിച്ച അന്വേഷണമാണ്'' (ഇസ്‌ലാംമത തത്ത്വജ്ഞാനം, പേ-100-102).

വാഗ്ദത്ത മസീഹ്(അ) ഇവിടെ മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെ ഉറവിടത്തെക്കുറിച്ചാണ് നമുക്ക് വ്യക്തമാക്കിത്തന്നിരിക്കുന്നത്. മനുഷ്യന്റെ സ്നേഹാഭിനിവേശങ്ങളുടേയും ആനന്ദാന്വേഷണങ്ങളുടേയും അസ്വാസ്ഥ്യങ്ങളുടേയും യഥാർത്ഥ കുറിമാനം സർവ്വസമർത്ഥനായ ഒരു ദൈവസത്തയ്ക്കു വേണ്ടിയുള്ള വിഭ്രാന്തമായ അന്വേഷണമാണെന്നും അതിന്റെ പ്രതിഫലനമാണ് അവന്റെ ജീവിതത്തിൽ സൗന്ദര്യബോധത്തിലും സംഗീതാഭിരുചിയിലും കലാസ്വാദനത്തിലും മറ്റും പ്രതിഫലിക്കുന്നതെന്നുമാണ് ആ മഹാത്മാവ് ഇതിലൂടെ സമർത്ഥിക്കുന്നത്.

**മതബോധവും കലാസൃഷ്ടികളും**

ചരിത്രാതീതകാലം മുതൽക്കേ മനുഷ്യന്റെ മതബോധത്തോടൊപ്പം കലാസൃഷ്ടികളും ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. പുരാതനകാലത്തെ കലകൾ പുരാണങ്ങളിൽ അഥവാ അക്കാലത്തെ മതപരമായ ധാരണകളിലും വിശ്വാസസങ്കല്പങ്ങളിലുമാണ് വേരൂന്നിയിട്ടുള്ളത്. യവനകല യവനപുരാണങ്ങളിലും ഭാരതീയ കല ഭാരതീയ പുരാണങ്ങളിലുമാണ് വേരൂന്നിയിട്ടുള്ളതെന്നു കാണാം. പ്രാചീനയവനന്മാരുടേയും പുരാതന ഭാരതീയരുടേയും മറ്റും കലാസൃഷ്ടികൾ ഇന്നും ആളുകൾക്ക് സൗന്ദര്യബോധപരമായ ആനന്ദം പ്രദാനം ചെയ്യുന്നതിന് കാരണവും മറ്റൊന്നല്ല.

ഇന്ത്യയിലെ പുരാതന ചരിത്രവസ്തുതകൾ ഐതിഹ്യങ്ങളും കൊത്തുചിത്രങ്ങളും മറ്റു കലാരൂപങ്ങളും മുഖേനയാണ് നമുക്ക് കിട്ടുന്നത്. ആ കലാസൃഷ്ടികളാകട്ടെ അക്കാലത്തെ ജനങ്ങളുടെ ജീവിതരീതിയെന്നതിലുപരി അവരുടെ ആദ്ധ്യാത്മിക സംസ്കാരത്തെക്കുറിച്ചുള്ള രൂപകപരമായ വിവരണങ്ങളാണ്. ശ്രീകൃഷ്ണന്റെ ലീലാവിലാസങ്ങൾ വർണ്ണിക്കുന്ന കഥകളും ചിത്രങ്ങളും കണ്ട് കൃഷ്ണൻ ഒരു ദുർവൃത്തനായിരുന്നുവെന്ന് തെറ്റായി ധരിച്ചുപോരുന്നവരുണ്ടെങ്കിലും പ്രതിരൂപാർത്ഥകത്വമാണ് അവയിൽ നിഴലിക്കുന്നത് എന്നതാണ് സത്യം. ഉദാഹരണമായി, സ്ത്രീകളുമായി ബന്ധപ്പെടുത്തിയുള്ള ചിത്രീകരണങ്ങളിൽ അദ്ദേഹത്തിന്റെ ശിഷ്യഗണത്തെ സംബന്ധിച്ചുള്ള സംസൂചനകളാണ്. കൃഷ്ണന് രണ്ടിലേറെ കൈകളുള്ളതായും വർണ്ണിക്കപ്പെട്ടുകാണാം. ശ്രീകൃഷ്ണൻ(അ) ദൈവത്തിന്റെ ഒരു വരിഷ്ഠ പ്രവാചകനായിരുന്നതുകൊണ്ട്, ദിവ്യമായ ബോധോദയത്തിന് ശേഷം, ദൈവം അദ്ദേഹത്തിന്റെ പ്രവൃത്തികളെ വഴികാണിച്ചുതുടങ്ങിയെന്നാണ് ഒന്നിലേറെ കൈകളുടെ അർത്ഥം. ദൈവസാക്ഷാത്ക്കാരത്തിന് ശേഷം കൃഷ്ണനെ സഹായിച്ചുതുടങ്ങിയ ദൈവത്തിന്റെ കൈകൾ തന്നെയാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെട്ടത്.

ഇതേ രൂപകഭാഷയിൽ കൂടുതൽ കഴിവുകളെ മറ്റു ചില മതഗ്രന്ഥങ്ങളിൽ ചിറകുകളായും ചിത്രീകരിച്ചു കാണാം. ശ്രീകൃഷ്ണനെ ഓടക്കുഴലുമായി ബന്ധപ്പെടുത്തിയുള്ള ചിത്രീകരണങ്ങളിൽ ഈശ്വരപ്രാപ്തിക്കു ശേഷം കൃഷ്ണനിൽ പ്രതിഫലിച്ചു തുടങ്ങിയ ദിവ്യവെളിപാടുകളുടെ സ്വീകർത്താവെന്ന നിലയുള്ള ഗുണമാണ് വിവരിക്കുന്നത്. പിൽക്കാലത്ത് ഇത്തരത്തിലുള്ള ആത്മീയമായ രൂപകങ്ങളും വർണ്ണനകളും അക്ഷരാർത്ഥങ്ങളുടെ രൂപമെടുക്കുകയും വെറും കഥാകഥനങ്ങൾ മാത്രമായി അവശേഷിക്കുകയും ചെയ്തുവെന്നുമാത്രം.

**കഥകളുടെ യാഥാർത്ഥ്യം**

എങ്കിലും കഥകൾക്ക് എക്കാലവും മതപരമായ ഒരു പരിവേഷം ഉണ്ടായിട്ടുണ്ടെന്ന സത്യം നമുക്ക് നിഷേധിക്കാൻ സാധ്യമല്ല. നന്മയുടെ വിജയവും തിന്മയുടെ അപജയവും അല്ലെങ്കിൽ നന്മയുടെ മികവും തിന്മയുടെ അധമത്തവും തന്നെയാണ് ആത്യന്തികമായി ഏതൊരു നല്ല കഥയും നമുക്ക് പറഞ്ഞുതരുന്നത്. മനുഷ്യന്റെ സാംസ്കാരിക ജീവിതാരംഭം മുതൽതന്നെ ഒരു ജ്ഞാനോപാധിയായി പ്രയോജനപ്പെടുത്തപ്പെട്ടിട്ടുള്ളവയാണ് കഥകൾ. ദയാനന്ദസരസ്വതി സ്വാമികൾക്കെഴുതിയ മറുപടിയിൽ വാഗ്ദത്ത മസീഹ്(അ) മനുഷ്യന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്കുള്ള ഒരു ഉപാധിയെന്ന നിലയിലുള്ള കഥകളുടെ പ്രസക്തി എടുത്തുപറഞ്ഞിട്ടുണ്ട്. ജനങ്ങളെ സദാചാരത്തിലേക്കും സൽസ്വഭാവത്തിലേക്കും പ്രചോദിപ്പിക്കുന്നതിലും തിന്മകളിൽനിന്ന് പ്രതിരോധിക്കുന്നതിലും കഥകൾക്കുള്ള അനിഷേധ്യമായ പങ്ക് അതിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു. വിലയേറിയ ഉദാഹരണങ്ങളിലൂടെ നന്മയിലേക്കും സംസ്കൃതിയിലേക്കും ജനങ്ങളെ ആകർഷിക്കുകയും ദുഷ്കൃത്യങ്ങളുടേയും ദുഷ്ടന്മാരുടേയും അന്തിമപരിണതി വിവരിച്ചുകൊണ്ട് ജനങ്ങളെ തിന്മയിൽനിന്ന് അകറ്റുകയും ചെയ്യുന്ന അത്തരം കഥകളെ മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കുന്ന ദൈവിക ശക്തികളായിപ്പോലും വാഗ്ദത്തമസീഹ്(അ) വിവരിക്കുകയുണ്ടായി. (ഹദ്റത്ത് അഹ്മദ്(അ), പേ-1047).

ചുരുക്കത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, സംസ്കാരത്തേയും സദാചാരത്തേയും പോലെ തന്നെ കലാസാഹിത്യങ്ങളും അടിസ്ഥാനപരമായി മതപരമായ സ്രോതസ്സിൽനിന്നുള്ള കൈവഴികളാണെന്നാണ്. ഓരോ സംസ്കാരത്തിന്റേയും കലാസൃഷ്ടികൾ ആ സംസ്കാരത്തിന്റെ ആധ്യാത്മിക മനഃസ്ഥിതിയിൽ നിന്നാണ്, അഥവാ അവയുടെ മതപരമായ ആദർശങ്ങളുടേയും ആചാരമര്യാദകളുടേയും ധാർമ്മികബോധത്തിന്റേയും സാകല്യത്തിൽനിന്നാണ് രൂപംകൊള്ളുന്നത്. അതുകൊണ്ടാണ് നാഗരികമായി എത്രതന്നെ പുരോഗതി നേടിയാലും മതപരമായ മൂല്യങ്ങളുടെ അഭാവത്തിലുള്ള ധാർമ്മികാധഃപതനം കലയിലും സാഹിത്യത്തിലുമൊക്കെ പ്രതിഫലിക്കുന്നത്.

(തുടരും)

അശ്റഫലി സിദ്ദീഖ്

# ഈസാനബിയുടെ ജീവിതകാലം 33 വർഷം മാത്രമോ?

'ദാറുൽ ഖലീജുൽ അറബി ലിൻബാഅ' പ്രസിദ്ധീകരിച്ച ഒരു ചാർട്ടിൽ ഒരു വൃക്ഷത്തിന്റെ ചിത്രം കൊടുത്തുകൊണ്ട് അതിന്റെ ഇലകളിലും പൂക്കളിലുമായി നബിമാരുടെ പേരുകളും അവരുടെ വയസ്സും എഴുതിയിരിക്കുന്നു. ഇതിൽ ഹദ്റത്ത് ഈസാ(അ)യുടെ വയസ്സ് 33 എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ, ഭൂരിപക്ഷ മുസ്‌ലിംകളുടെ ദൃഷ്ടിയിൽ ഹദ്റത്ത് ഈസാ(അ)യുടെ വയസ്സ് 33 അല്ല. മറിച്ച്, ഈസാ(അ) ഇപ്പോഴും ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നാണ് അവർ കരുതിപ്പോരുന്നത്. പ്രസ്തുത ചാർട്ടാണ് ഇതെഴുതാൻ പ്രചോദനമായത്.

ജീവിതവും മരണവുമായി ബന്ധപ്പെട്ട് ലോകത്ത് തർക്കം നിലനില്ക്കുന്ന ഒരു പ്രവാചകനാണ് ഹദ്റത്ത് ഈസാ(അ). ലോകത്തിലെ പ്രമുഖ മതങ്ങളുടെ വിശ്വാസ സംഹിതകൾക്ക് ഈസാ(അ)യുമായി ബന്ധമുണ്ട്. ഈസാ(അ)ന്റെ വ്യക്തിത്വം ആരംഭം മുതൽ തന്നെ വ്യത്യസ്തങ്ങളായ കാര്യങ്ങളുമായി ചർച്ച ചെയ്യപ്പെട്ടുവരുന്നതാണ്. അദ്ദേഹത്തിന്റെ പ്രായത്തിന്റെ കാര്യത്തിലും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത്. ഇതുസംബന്ധമായി വിവിധ മതങ്ങളുടെ വിശ്വാസങ്ങൾ ചുരുക്കിവിവരിക്കുന്നു.

**യഹൂദവിശ്വാസം:**

ഹദ്റത്ത് ഈസാ(അ)നെ യഹൂദികളുടെ ഇടയിലേക്കാണ് അല്ലാഹു നബിയായി നിയോഗിച്ചയച്ചത്. (വിശുദ്ധഖുർആൻ, 3:50). എന്നാൽ, യഹൂദികൾ അദ്ദേഹത്തെ സത്യപ്രവാചകനായും നബിയായും അംഗീകരിച്ചില്ല. ഏലിയാ പ്രവാചകൻ (ഇല്യാസ് നബി) ആകാശത്തിൽനിന്നും മസീഹിന് മുമ്പേ ഇറങ്ങിവരുമെന്നവർ വിശ്വസിച്ചിരുന്നതാണിതിനു കാരണം. ഇതൊരു തെറ്റായ വിശ്വാസമായിരുന്നു. ഹദ്റത്ത് ഈസാ(അ) വന്നുകൊണ്ട് ആകാശത്തിലേക്ക് ആരും പോവുകയോ അവിടെനിന്നും ആരും ഇറങ്ങിവരികയോ ചെയ്യില്ലെന്ന് ഉദ്ബോധിപ്പിക്കുകയും യഹ്‌യാ നബിയുടെ വരവോടെ ഏലിയാ പ്രവാചകൻ വരുമെന്ന പ്രവചനം പൂർത്തീകരിച്ചുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ, യഹൂദികൾ ഈസാ(അ)ന്റെ വാക്കുകൾ ശ്രദ്ധിച്ചില്ലെന്നു മാത്രമല്ല അദ്ദേഹത്തെ കുരിശിൽ തറച്ചുകൊലപ്പെടുത്താൻ തീരുമാനിക്കുകയുമാണുണ്ടായത്. കുരിശുമരണം വരിക്കുന്നവൻ ശപ്തനാണെന്ന് തൗറാത്തിൽ എഴുതപ്പെട്ടതനുസരിച്ച് അവർ അദ്ദേഹത്തെ ശപ്തനാക്കി ചിത്രീകരിക്കാനാഗ്രഹിച്ചു. അങ്ങനെ അവർ ഈസാ മസീഹിനെ കള്ള പ്രവാചകനായി ചിത്രീകരിച്ച് കുരിശിലേറ്റി. 33-ാം വയസ്സിലാണത് ചെയ്തത്. ഇപ്രകാരം യഹൂദികളുടെ വിശ്വാസപ്രകാരം ഈസാ(അ)ന്റെ പ്രായം 33 ആയി കണക്കാക്കപ്പെടുന്നു.

എന്നാൽ, വിശുദ്ധഖുർആൻ യഹൂദികളുടെ ഈ കണക്ക് ഖണ്ഡിച്ചിട്ടുണ്ട്. '*വമാ ഖത്തലൂഹു വമാസ്വലബൂഹു*' അദ്ദേഹത്തെ വധിച്ചിട്ടുമില്ല ക്രൂശിച്ച് കൊന്നിട്ടുമില്ല (4:158). '*വലാകിൻ ശുബ്ബിഹലഹും*' മറിച്ച് അദ്ദേഹം അവർക്ക് ക്രൂശിക്കപ്പെട്ട ഒരുവനെപ്പോലെ സദൃശീകരിക്കപ്പെടുകയാണുണ്ടായത്. അവർ ഉറപ്പായും മസീഹിനെ വധിച്ചിട്ടില്ല. അല്ലാഹു അവന്റെ പ്രതാപവും യുക്തിജ്ഞാനവും കൊണ്ട് മസീഹിനെ കുരിശിൽനിന്നും രക്ഷിച്ചുവെന്നും ഖുർആൻ വ്യക്തമാക്കുന്നു.

പിലാത്തോസ് (ഇദ്ദേഹമാണ് മസീഹിനെ വിസ്തരിച്ച കേസിന്റെ ന്യായാധിപൻ) മസീഹിനെ കുരിശിൽ തറയ്ക്കുന്നതിൽനിന്നും രക്ഷിക്കാൻ ആഗ്രഹിച്ചിരുന്നുവെന്ന് ചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. യഹൂദികളുടെ നിരന്തരമായ സമ്മർദ്ദംമൂലമാണ് കുരിശുമരണം വിധിക്കാൻ പിലാത്തോസ് നിർബന്ധിതനായത്. എന്നാൽ, അദ്ദേഹം ഈസാ(അ)നെ ക്രൂശിക്കപ്പെട്ട് വധിക്കുന്നതിൽനിന്നും രക്ഷിക്കാൻ കഴിയുന്നതൊക്കെ ചെയ്തു. അതിന്നായി ഒരു തന്ത്രം പ്രയോഗിച്ചു. വെള്ളിയാഴ്ച സൂര്യാസ്തമയത്തിനുശേഷം അതായത്, ശാബ്ബത്തിന്റെ തലേദിവസം സന്ധ്യയ്ക്കുശേഷം കുരിശിൽ ശരീരങ്ങൾ തൂങ്ങിക്കിടക്കുന്നത് യഹൂദികൾ അപലക്ഷണമായി കരുതിയിരുന്നു. ഇത് മുതലാക്കാൻ പിലാത്തോസ് കേസുവിസ്താരം വെള്ളിയാഴ്ച വൈകുവോളം നീട്ടിക്കൊണ്ടുപോയി. അങ്ങനെ ഈസാ(അ) കുരിശിൽ തൂങ്ങിക്കിടന്ന് മരിക്കുന്നതിന്നാവശ്യമായ സമയം ഇല്ലാതാക്കി. ഇതുമാത്രമല്ല സംഭവിച്ചത്. അപ്പോൾ അല്ലാഹു തന്റെ ശക്തിപ്രഭാവം വെളിവാക്കുകയും ചെയ്തു. ആ സമയത്ത് ശക്തമായ കൊടുങ്കാറ്റ് വീശി. ജനങ്ങൾ ഭയവിഹ്വല

രായി കുരിശിന്റെ ഭാഗത്തുനിന്നും മാറിനിന്നു. അങ്ങനെ അദ്ദേഹത്തെ രക്ഷപ്പെടുത്താനുള്ള വഴി എളുപ്പമാക്കപ്പെട്ടു. ഈസാ(അ)നേയും അദ്ദേഹത്തിനൊപ്പം കുരിശിലേറ്റപ്പെട്ട രണ്ടുകള്ളന്മാരേയും താഴെയിറക്കി. എല്ലാവർക്കും അപ്പോൾ ജീവനുണ്ടായിരുന്നു. അതുകൊണ്ട് സാധാരണ ചെയ്യാറുള്ളതുപോലെ കെട്ടുകളഴിച്ച് കൊന്നുകളയാൻ തീരുമാനിച്ചു. അപ്രകാരം രണ്ടു കള്ളന്മാരേയും അടിച്ചുകൊന്നു. എന്നാൽ അവർ ഈസാ(അ)നെ നോക്കിയപ്പോൾ അദ്ദേഹം മരിച്ചതായി തോന്നുകയും അതിനാൽ, അദ്ദേഹത്തിന്റെ കെട്ടുകളഴിക്കാതിരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഈസാ(അ)ന് അപ്പോൾ ജീവനുണ്ടായിരുന്നു. യഹൂദികളുടെ ഭടന്മാരിലൊരാൾ മസീഹിന്റെ ദേഹത്ത് കുന്തം കൊണ്ട് കുത്തിയപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും രക്തവും വെള്ളവും പുറത്തുവന്നിരുന്നു. ജീവനുണ്ടായിരുന്നു എന്നതിന്റെ ശാസ്ത്രീയമായ ഒരു വലിയ തെളിവാണത്.

**ക്രിസ്തീയ വിശ്വാസം**

ക്രിസ്ത്യാനികളും ഹദ്‌റത്ത് ഈസാ(അ) 33 വയസ്സുവരെയാണ് ജീവിച്ചിരുന്നത് എന്ന വിശ്വാസം വെച്ചുപുലർത്തുന്നവരാണ്. മരണസ്ഥലത്തെക്കുറിച്ചും ക്രിസ്തീയർ യഹൂദികളുടെ വിശ്വാസംതന്നെ പിൻപറ്റുന്നു. ക്രിസ്തുമത വിശ്വാസപ്രകാരം ഈസാ മസീഹ് മനുഷ്യരൂപം പ്രാപിച്ച് മർയമിന്റെ വയറ്റിൽ ജനിച്ച ദൈവപുത്രനാണ്. ആദം ചെയ്ത പ്രവൃത്തി കാരണം മനുഷ്യകുലമാകമാനം ഏറ്റെടുക്കേണ്ടിവന്ന പാപം സ്വന്തംപേറി മരണം വരിക്കാൻ ഈസാമസീഹ് ആഗ്രഹിച്ചു എന്നവർ വിശ്വസിക്കുന്നു. അങ്ങനെ യഹൂദികളുടെ കൈയാൽ കുരിശിൽ മരണം വരിച്ചു. ഈ ശപ്തമരണത്തെ തുടർന്ന് തന്റെ മനുഷ്യരൂപം അഴിച്ചുവച്ച് ദൈവപുത്രന്റെ വേഷത്തിൽ ആകാശത്തിൽ കരേറി ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നുവെന്ന് ക്രിസ്തീയർ വിശ്വസിച്ചുവരുന്നു (മാർക്കോസ്, ഭാഗം 16, വചനം- 19,20).

എന്നാൽ ക്രിസ്തീയരുടെ ഈ വിശ്വാസത്തെ ഇഞ്ചീൽ അംഗീകരിക്കുന്നില്ലായെന്നതാണ് സത്യം. മാത്രവുമല്ല അത് ഈ വിശ്വാസത്തെ പാടെ നിരാകരിക്കുകയാണ് ചെയ്യുന്നത്. ഒന്നാമതായി, ഞാൻ നിങ്ങളുടെ പാപം ഏറ്റെടുത്തുകൊണ്ട് മരണം വരിക്കുമെന്ന് മസീഹ് ഒരിക്കലും പറഞ്ഞിട്ടില്ല. മറിച്ച്, ഈ മരണപാത്രം എന്നിൽനിന്നും നീക്കേണമേ എന്ന് ദൈവത്തോട് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത്. ഹവാരീംകളോട് രാത്രി മുഴുവൻ ഉറക്കമൊഴിഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരിക്കാൻ പറയുകയും ചെയ്തു. കുരിശിൽ കിടന്നുകൊണ്ട് ദൈവത്തോട് പരിതപിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് 'ഏലി ഏലി ലമാസബഖ്താനി' എന്നാണ് (മത്തായി, ഭാ-27, വചനം 46). അതായത് എന്റെ ദൈവമേ നീ എന്തേ എന്നെ കൈവിട്ടുകളഞ്ഞു എന്ന്.

കുരിശുമരണത്തിൽനിന്നും ജീവനോടെ രക്ഷപ്പെടുമെന്ന സുവാർത്ത ആദ്യമേതന്നെ അല്ലാഹു ഈസാ(അ)ന് നല്കിയിരുന്നു. കുരിശുസംഭവത്തെ യൂനുസ് നബി(അ) മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ അകപ്പെട്ടതും അവിടെനിന്നും ജീവനോടെ പുറത്തേക്കു വന്നതുമായ സംഭവത്തോട് ഉപമിച്ചിട്ടുണ്ട് (മത്തായി, ഭാഗം 12, വചനം-40,41). കുരിശിൽനിന്നും ജീവനോടെ രക്ഷപ്പെട്ടപ്പോഴും തോമായും ശിഷ്യഗണങ്ങളും സംശയം പ്രകടിപ്പിച്ചപ്പോൾ അവരുടെ സാന്നിധ്യത്തിൽ മീനും റൊട്ടിയും കഴിച്ച് ഈസാമസീഹ് അവരുടെ സംശയത്തെ അകറ്റി. കൂടാതെ കുരിശിൽ തറച്ചപ്പോഴുണ്ടായ കൈകാലുകളിലെ മുറിവുകൾ അദ്ദേഹം അവർക്ക് കാണിച്ചുകൊണ്ട് താൻ മരിച്ചിട്ടില്ലായെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു (യോഹന്നാൻ, ഭാഗം 20, വചനം: 20-30).

യൂസുഫ് ഇർത്തിയാദ് (ഇദ്ദേഹം മസീഹിന്റെ ശിഷ്യനും അഭ്യുദയകാംക്ഷിയുമായിരുന്നു) കുരിശ് സംഭവത്തിന് മുമ്പായിത്തന്നെ മുറിവുകളിൽ പുരട്ടാനുള്ള ലേപനങ്ങൾ തയ്യാറാക്കിവച്ചിരുന്നു. കുരിശു സംഭവത്തിനുശേഷം ഈസാമസീഹിനെ ഒരു മുറിയിൽ കിടത്തുകയും ലേപനങ്ങൾ മുറിവിൽ പുരട്ടുകയും ചെയ്തു. അതിന്റെ ഫലമായി വളരെ പെട്ടെന്നുതന്നെ മുറിവുകൾ ഉണങ്ങി അദ്ദേഹം സുഖംപ്രാപിക്കുകയും ചെയ്തു. ഏത് തുണിയിലാണോ മസീഹിനെ കിടത്തിയിരുന്നത് അത് ഇപ്പോഴും സംരക്ഷിക്കപ്പെട്ടുവരുന്നു. ക്രിസ്തീയശാസ്ത്രജ്ഞർതന്നെ ഈ വസ്ത്രത്തിന്മേൽ ഗവേഷണം നടത്തിയിട്ടുണ്ട്. കുരിശുസംഭവത്തിനുശേഷവും ഈസാ(അ) ജീവിച്ചിരുന്നു എന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്.

**മുസ്‌ലിംകളുടെ വിശ്വാസം**

അഹ്മദികളല്ലാത്ത ഭൂരിപക്ഷ മുസ്ലിംകളും ഇസാനബി(അ) കുരിശിൽ മരിച്ചിട്ടില്ലായെന്നുതന്നെയാണ് വിശ്വസിക്കുന്നത്. യഹൂദികൾ ഈസാ(അ)നെ കുരിശിലേറ്റാൻ കൊണ്ടുപോകുമ്പോൾ അല്ലാഹു മറ്റൊരാളെ ഈസാ(അ)ന് സദൃശനായി ആക്കുകയും അങ്ങനെ പ്രസ്തുത വ്യക്തിയെ ഈസായെന്ന് തെറ്റിദ്ധരിച്ച് കുരിശിലേറ്റിയെന്നുമാണ് അവരുടെ വിശ്വാസം. ഈ അപരൻ യാതൊരു കുറ്റവും ചെയ്തിട്ടില്ലായെന്നതാണ് വിചിത്രമായ കാര്യം. വിശുദ്ധഖുർആനിലോ, തിരുഹദീസിലോ, ഇഞ്ചീലിലോ മറ്റു ചരിത്രഗ്രന്ഥങ്ങളിലോ അന്യായമായി ജീവൻ കുരുതികൊടുക്കേണ്ടിവന്ന വ്യക്തിയുടെ കഥ ഇല്ലായെന്നതാണ് വസ്തുത. 'ആയിരത്തൊന്ന് രാവുകൾ'പോലെയുള്ള അമാനുഷിക കഥകൾപോലെ ഈ മൂഢവിശ്വാസവും തങ്ങളുടെ പൂർവ്വീകരിൽനിന്നും കേട്ടറിഞ്ഞിട്ടുള്ളതാണ്. അത് അവർ തലമുറകൾക്ക് കൈമാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കുരിശു സംഭവത്തിനുശേഷം ഈസാ(അ)യെ അല്ലാഹു ആകാശത്തിലേക്കുയർത്തി

യെന്നും ഇപ്പോഴും അവിടെ ജീവനോടെ ഇരിക്കുകയാണെന്നും ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിച്ചുവരുന്നു. അവസാനകാലം അദ്ദേഹം ആകാശത്തിൽ നിന്നും ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നും അവർ വിശ്വസിക്കുന്നു. ഇപ്രകാരം കണക്കാക്കുകയാണെങ്കിൽ ഈസാനബിയുടെ ഇപ്പോഴത്തെ വയസ്സ് 2000 കവിഞ്ഞിട്ടുണ്ടാകും.

ഭൂരിപക്ഷ മുസ്‌ലിംകളുടെ ഈ വിശ്വാസം വിശുദ്ധഖുർആനും ഹദീസിനും സഹാബികളുടേയും മറ്റു വിശുദ്ധവ്യക്തികളുടേയും വിശ്വാസത്തിനും എതിരാണ്. ഈസാ(അ) ജീവനോടെ ആകാശത്തുണ്ടെന്ന വിശ്വാസം ആദ്യകാല മുസ്‌ലിംകൾക്ക് ഒരിക്കലും ഉണ്ടായിരുന്നില്ല. ഈസാനബി(അ)യുടെ ആകാശത്തിലേക്കുള്ള കയറ്റവും അവിടെനിന്നുള്ള ഇറങ്ങിവരവും സംബന്ധിച്ച ഈ വിശ്വാസം യഥാർത്ഥത്തിൽ ക്രിസ്തീയ വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. ഈ തെറ്റായ വിശ്വാസം ക്രിസ്തീയരിലൂടെ തന്നെയാണ് മുസ്‌ലിംകളിൽ വേരൂന്നിയത് എന്നതിൽ യാതൊരു സംശയവുമില്ല. ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇസ്‌ലാമിലേക്ക് പ്രവേശിച്ച ക്രിസ്തുമതാനുയായികളാണ് ഈ മിഥ്യാവിശ്വാസം മുസ്‌ലിംകളിൽ പ്രചരിപ്പിച്ചത് എന്ന് ഉറപ്പിച്ചുപറയാൻ സാധിക്കുന്നതാണ്.

വിശുദ്ധഖുർആനിൽ സൂറഃ ആലു ഇംറാൻ 145-ാം വചനത്തിൽ ഇപ്രകാരം പറയുന്നു: "മുഹമ്മദ് ഒരു (ദൈവ)ദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന എല്ലാ പ്രവാചകന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു."

അതായത് പ്രവാചകപ്രഭുവായ ഹദ്റത്ത് മുഹമ്മദ്(സ)ന് മുമ്പേ വന്ന സകല പ്രവാചകന്മാരും വഫാത്തായിരിക്കുന്നു എന്നർത്ഥം. സഹീഹ്ബുഖാരിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

നബി(സ) തിരുമേനി വഫാത്തായപ്പോൾ അതിന്റെ ദുഃഖഭാരത്താൽ അദ്ദേഹം വഫാത്തായെന്ന് വിശ്വസിക്കാൻ ഹദ്റത്ത് ഉമർ(റ) തയ്യാറായില്ല. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) മുകളിൽ പറഞ്ഞ ആയത്ത് ഓതിക്കൊണ്ട് തിരുനബി വഫാത്തായ കാര്യം അറിയിക്കുകയുണ്ടായി. മുഹമ്മദ് നബി(സ) തിരുമേനിയും മുമ്പുള്ള എല്ലാ പ്രവാചകന്മാരും വഫാത്തായിരിക്കുന്നു എന്ന കാര്യം അവിടെയുണ്ടായിരുന്ന മുഴുവൻ സഹാബാക്കളും അംഗീകരിക്കുകയാണുണ്ടായത്.

വിശുദ്ധഖുർആൻ അൽമാഇദ എന്ന അധ്യായത്തിൽ പറയുന്നു: "മസീഹിബ്നു മർയം ഒരു ദൈവദൂതൻ മാത്രമാണ്. (അദ്ദേഹത്തെപോലുള്ള) ദൈവദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു."

ഈ ആയത്ത് ഈസാ(അ)ന്റെ വഫാത്തിനെ ദൃഢപ്പെടുത്തുകയും ഒരുവിധത്തിലുള്ള സംശയത്തിനും ഇടനൽകാതിരിക്കുകയും ചെയ്യുന്നു.

സൂറഃ മാഇദയിൽ ഈസാ(അ) ഖിയാമത്തുനാളിൽ അല്ലാഹുവുമായി നടത്തുന്ന സംഭാഷണത്തെ കുറിച്ച് പറയുന്നുണ്ട്. അതിപ്രകാരമാണ്.

"ഓ മർയമിന്റെ മകൻ ഈസാ എന്നേയും എന്റെ മാതാവിനേയും അല്ലാഹുവിനെ കൂടാതെ രണ്ടു ദൈവങ്ങളായി സ്വീകരിക്കുക എന്ന് നീയാണോ നിന്റെ ജനങ്ങളോട് പറഞ്ഞത് എന്ന് അല്ലാഹു ചോദിക്കുമ്പോൾ ഈസാ(അ) അതിനുത്തരമായി പറയും. ഒരിക്കലുമില്ല. ഞാൻ അവരിൽ ഉണ്ടായിരുന്നേടത്തോളം കാലം ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. എന്നാൽ, നീ എന്നെ മരിപ്പിച്ചപ്പോൾ അതിനു ശേഷമുള്ള കാര്യങ്ങൾ എനിക്കറിയില്ല.

ബുഖാരിയിൽ ഇപ്രകാരം വന്നിരിക്കുന്നു. "തിരുനബി(സ) അരുൾചെയ്തു. തികച്ചും ഇതുപോലുള്ള സന്ദർഭം ഖിയാമത്തുന്നാളിൽ എന്നോട് ചോദിക്കപ്പെടും. ഞാൻ അപ്പോൾ അല്ലാഹുവിന്റെ പ്രവാചകൻ നല്കിയ അതേ മറുപടിയായിരിക്കും കൊടുക്കുക. അതായത്, ***ഫലമ്മാ തവഫ്ഫയ്ത്തനീ***.. (നീ എന്നെ മരിപ്പിച്ചതിനുശേഷമുള്ള കാര്യങ്ങൾ അറിയുന്നവൻ നീ മാത്രമാണ്) (സഹീഹ് ബുഖാരി, ഭാഗം 3, പേജ് 1343-44).

**അഹ്മദി മുസ്‌ലിംകളുടെ വിശ്വാസം**

വിശുദ്ധഖുർആനും ഹദീസുകളും മനസ്സിലാക്കിത്തരുന്ന തരത്തിലും തിരുസഹാബാക്കളും മറ്റു വിശുദ്ധന്മാരും വിശ്വസിച്ചിരുന്ന രീതിയിലും ഈസാ(അ) ഒരു സാധാരണ മനുഷ്യനാണെന്നും ഇതര പ്രവാചകന്മാരെപോലെ അദ്ദേഹവും ഒരു പ്രവാചകനാണെന്നും അഹ്മദികൾ വിശ്വസിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു:

"അല്ലാഹുവിന്റെയടുക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതി പോലെതന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അദ്ദേഹത്തോട് ഉണ്ടാവുക എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം ഉണ്ടായിത്തീർന്നു."

അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഈസാനബിയുടെ ഉപമ ആദമിനെ പോലെയാണ്. (ഹദ്റത്ത് ഈസാ(അ) പിതാവില്ലാതെയാണ് ജനിച്ചത്. അതുപോലെ ആദമിന്റെ ജനനം മാതാപിതാക്കളില്ലാതെയാണ്.) അതുകൊണ്ടുതന്നെ ഈസാ(അ)ക്ക് യാതൊരു അമാനുഷികതയും നല്കേണ്ട ആവശ്യമില്ല. തൗറാത്തിന്റെ വെളിച്ചത്തിൽ ബനൂ ഇസ്റായീല്യരെ നയിക്കാനാണ് ഈസാ(അ) വന്നിട്ടുള്ളത്. (ആലുഇംറാൻ:50) അദ്ദേഹം മുസ്‌ലിംകൾക്കായി വന്ന നബിയല്ല. എല്ലാ നബിമാർക്കും ഓരോ നിശ്ചിത വയസ്സ് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും നബിക്ക് നിശ്ചയിക്കപ്പെടാതെ ദീർഘായുസ്സ് നല്കി ജീവനോടെയിരുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് റഹ്മത്തുൽലിൽ ആലമീനായ പ്രവാചകശ്രേഷ്ഠൻ ഹദ്റത്ത് മുഹമ്മദ് നബി (സ)യെ

ആകുമായിരുന്നു. അദ്ദേഹമാണ് അതിന് തികച്ചും യോഗ്യൻ. അല്ലാഹു ഈ കാര്യം വിശുദ്ധഖുർആനിലൂടെ വിവരിക്കുന്നുണ്ട്.

"നിനക്ക് മുമ്പ് നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നല്കിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചാൽ അവരാണോ ചിരഞ്ജീവികൾ" (അൽഅമ്പിയാഅ്: 35).

നിന്നെ മരിപ്പിച്ചിട്ട് മറ്റുള്ളവർക്ക് ദീർഘായുസ് നല്കുക എന്നത് എങ്ങനെ സംഭവ്യമാകും. അതായത് അത്തരത്തിൽ ചെയ്യുകയാണെങ്കിൽ അത് നബി തിരുമേനിയെ ആയിരിക്കുമെന്ന് അല്ലാഹു പറയുന്നു.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു.

"***ഖദ്മാത്തെ ഈസാ മുത്രിക്കൽ വനബിയ്യുനാ ഹയ്യുൻ വറബ്ബി ഇന്നഹൂ വാഫാനീ***"

അതായത്, ഹദ്റത്ത് ഈസാ(അ) നിശ്ചയമായും മരിച്ചുപോയിരിക്കുന്നു. നമ്മുടെ നബി(സ) ആണെങ്കിൽ എന്നും ജീവിച്ചിരിപ്പുള്ള ആൾ ആകുന്നു. ദൈവം സാക്ഷി അദ്ദേഹം ഞാനുമായി കൂടിക്കാഴ്ച നടത്തിയിരിക്കുന്നു.

വീണ്ടും പറയുന്നു: "***അഹ്യാത്ത അംവാത്തൽ ഖുറൂനി ബി ജൽവത്തി***"

നൂറ്റാണ്ടുകളായി നിർജ്ജീവമായി കിടന്നവരെ ഒരൊറ്റ വെളിപ്പെടുത്തൽകൊണ്ട് അങ്ങ് പുനരുജ്ജീവിപ്പിച്ചു.

നജ്റാനിലെ ക്രിസ്ത്യാനികളോട് സംസാരിക്കുമ്പോൾ റസൂൽ കരീം(സ) ഈസാ(അ)ന്റെ വഫാത്തിനെ സംബന്ധിച്ച് ഇപ്രകാരം പറയുകയുണ്ടായി. "ഞങ്ങളുടെ ദൈവം ജീവനുള്ളവനാണ്. എന്നാൽ നിങ്ങളുടെ ദൈവം അതായത്, ഈസാ(അ) മരിച്ചുവെന്നുള്ള കാര്യം നിങ്ങൾക്കറിയില്ലേ?" (കിതാബ് അസ്ബാബ് നുസൂൽ മത്ബുഅബൈറൂത്ത്, പേ-68).

**ഈസാമസീഹിന്റെ വയസ്സ്**

ഈസാ(അ)ന്റെ വയസ്സിനെ സംബന്ധിച്ച് ചില പരാമർശങ്ങളുണ്ടായ സന്ദർഭത്തിൽ ഹദ്റത്ത് റസൂൽ കരീം(സ) ഇപ്രകാരം പറഞ്ഞതായി ഒരു ഹദീസിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം.

"മുൻകഴിഞ്ഞ പ്രവാചകന്റെ വയസ്സിന്റെ പകുതിയെത്താതെ ഒരു പ്രവാചകനും കഴിഞ്ഞുകടന്നിട്ടില്ല എന്ന് അല്ലാഹു എനിക്ക് അറിവ് നല്കിയിരിക്കുന്നു. തീർച്ചയായും ഈസബ്നുമർയം 120 വയസ്സുവരെ ജീവിച്ചിരുന്നു. അതിനാൽ 60 വയസ്സ് വരെ ഞാൻ ജീവിക്കുമെന്ന് കരുതുന്നു. (കൻസുൽഅമാൻ, രണ്ടാം ഭാഗം. അൽഫസൽ അവ്വൽ ഫീ ഫസായിൽ സായിറുൽ അമ്പിയാഅ്, വോള്യം 11, പേ-479).

**മസീഹിന്റെ പര്യടനം**

ഫലസ്തീനിൽ മാത്രം ജീവിച്ചിരുന്ന യഹൂദികൾക്കു മാത്രമായല്ല ഹദ്റത്ത് ഈസാ(അ) നിയോഗിക്കപ്പെട്ടത്. മുഴുവൻ ബനൂഇസ്റായീൽ ഗോത്രത്തിനും വേണ്ടിയാണ് അദ്ദേഹം നിയോഗിക്കപ്പെട്ടത്. അക്കാലത്ത് ജറുസലേമിൽ ബനൂഇസ്റായീല്യർക്ക് രണ്ട് ഖിബ്‌ല ഉണ്ടായിരുന്നു. ഹദ്റത്ത് ഈസാ(അ) ഇപ്രകാരം പറയുന്നു:

"എന്റെ ഇനിയുമൊരു ആട്ടിൻകൂട്ടങ്ങൾ ഇവിടെയില്ല. അതിനാൽ, എനിക്ക് അവരെ കൂട്ടിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. അവർക്കും എന്റെ ശബ്ദം കേൾക്കണം" (*യോഹന്നാൻ, ഭാഗം-10, വചനം-16*).

ഇക്കാരണം കൊണ്ടുതന്നെ ഈസാ(അ)ന് ആ രാജ്യത്തുനിന്നും മറ്റൊരു രാജ്യത്തേക്ക് പലായനം ചെയ്യാൻ ദൈവികനിർദ്ദേശം ലഭിച്ചു. ഇതേക്കുറിച്ച് നബി(സ) തിരുമേനി ഇപ്രകാരം പറഞ്ഞതായി ഹദീസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അല്ലാഹു ഈസാ(അ)ന് ഇപ്രകാരം വെളിപാടിറക്കി. "നിന്നെ തിരിച്ചറിയപ്പെടാതിരിക്കാനും ഹിംസിക്കപ്പെടാതിരിക്കാനും, അല്ലയോ ഈസാ നീ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിപ്പാർത്തുകൊണ്ടിരിക്കുക. ഏതുപ്രകാരം ജറുസലേമിൽ നിന്നെ കുരിശിൽ തറച്ച് കൊലപ്പെടുത്താൻ നോക്കിയോ അപ്രകാരം ജനം നിന്നെ തിരിച്ചറിഞ്ഞ് ഉപദ്രവിക്കാതിരിക്കാൻ വേണ്ടിതന്നെ'' (*കുൻസുൽ ഉമ്മൽ, പേ-185*).

ഹദ്റത്ത് ഈസാ(അ) അല്ലാഹുവിന്റെ ആജ്ഞാനുസരണം ഇറാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ ദേശങ്ങളിൽ (ഇവിടെയെല്ലാം ബനൂഇസ്റായീല്യർ താമസിച്ചിരുന്നു) പര്യടനം നടത്തിയിരുന്നതായി ചരിത്രത്തിൽ നിന്നും മനസ്സിലാകുന്നുണ്ട്. അദ്ദേഹത്തിന്റെ കൂടെ ഒരു ശിഷ്യനും ഉണ്ടായിരുന്നു. തോമ എന്ന ഈ ശിഷ്യന്റെ ഖബ്ർ മദ്രാസിലാണുള്ളത്. അദ്ദേഹത്തിന്റെ മാതാവും ഒപ്പമുണ്ടായിരുന്നു. ഒടുവിൽ ഈസാ(അ) കശ്മീരിൽ എത്തപ്പെട്ടു. ഇത്തരത്തിൽ യഹൂദികളുടെ ആക്രമണത്തിൽനിന്നും ശിക്ഷാനടപടികളിൽനിന്നും രക്ഷപ്പെടുകയും പ്രശാന്തമായതും അരുവികൾ നിറഞ്ഞതുമായ ഉയർന്ന സ്ഥലത്ത് അഭയം പ്രാപിക്കുകയും ചെയ്തു. ഒപ്പം മാതാവും.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: "നാം ഇബ്നുമർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ടുപേർക്കും നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നല്കി" (23:51).

**മസീഹിന്റെ ഖബ്ർ**

120-ാം വയസ്സിൽ ഹദ്റത്ത് ഈസാ(അ) വഫാത്താവുകയും ശ്രീനഗറിൽ മറയടക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ഖബ്ർ ഇപ്പോഴും അവിടെ സ്ഥിതിചെയ്യുന്നു. (ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'മസീഹ് ഹിന്ദുസ്ഥാൻമെ' എന്ന ഗ്രന്ഥം വായിക്കുക) ഇപ്പോൾ ഇതുസംബന്ധിച്ച് പുതിയ ഗവേഷണങ്ങൾ നടന്നുവരികയാണ്.

*പേജ് 31-ൽ*

മഹ്മൂദ് ,കൽക്കുളം

# വ്യാജപരിവർജ്ജ്യത്തിലൂടെ സ്വഭാവ സംസ്കരണം

വ്യാജനിർമ്മാർജ്ജനം മനുഷ്യന്റെ ചിത്തസംസ്കൃതിക്ക് പ്രഥമവും പ്രധാനവുമായ ഘടകമാകുന്നു. വാക്കിലും പ്രവർത്തിയിലും കണിശമായും സത്യസന്ധത പുലർത്തുമ്പോൾ അത് മനുഷ്യന്റെ സ്വഭാവത്തെ ആകമാനം സ്വാധീനിക്കുന്നുണ്ട്. അഥവാ, സ്വഭാവഗുണങ്ങളുടെ സമൂലമായ അഭിവൃദ്ധിക്ക് അത് നിമിത്തമായിത്തീരുന്നു. എന്നാൽ, വ്യാജം, മനുഷ്യന്റെ നൈസർഗ്ഗികമായ നിർമ്മലപ്രകൃതിയെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരാൾ താൻ ചെയ്തതോ പറഞ്ഞതോ ദർശിച്ചതോ ശ്രവിച്ചതോ ആയ ഒരു യാഥാർത്ഥ്യത്തെ സന്ദർഭം വരുമ്പോൾ നിഷേധിച്ചുപറയുന്നതാണ് കളവ്. അതുകൊണ്ടു തന്നെ കളവ് മനുഷ്യന്റെ ജന്മസിദ്ധമായ പാവനപ്രകൃതിക്ക് തികച്ചും വിരുദ്ധമായ പെരുംകുറ്റമാകുന്നു. സത്യസന്ധതയുടെ സമ്പൂർണ്ണ പ്രതീകങ്ങളാകുന്നു ദൈവദൂതന്മാർ. നിഷ്കളങ്കഭാവം അവരുടെ മഹത്വമാകുന്നു. വാദത്തിനു മുമ്പുള്ള കളങ്കരഹിതമായ ജീവിതം അവരുടെ സത്യത്തിനുള്ള പ്രബലമായ സാക്ഷ്യം കൂടിയാണ്.

**കളവിന്റെ ഗൗരവം ഖുർആനിൽ**

വിശുദ്ധഖുർആൻ കളവിനെ ബിംബാരധനയോട് സാദൃശ്യപ്പെടുത്തുന്നു. സന്ദിഗ്ദ്ധഘട്ടങ്ങളിൽ രക്ഷപ്പെടാനെന്നോണം കളവിനെ ആശ്രയമാക്കുന്നവർ യഥാർത്ഥ സർവ്വാധിനാഥനിൽനിന്നും മുഖം തിരിക്കുകയാണ് ചെയ്യുന്നത്. ഇതുസംബന്ധിച്ച് വിശുദ്ധഖുർആൻ ഇപ്രകാരം ജാഗ്രതപ്പെടുത്തുന്നു. "ബിംബാരാധനയുടെ മാലിന്യത്തിൽനിന്നും കള്ളം പറയുന്നതിൽനിന്നും അകന്നുനില്ക്കുവിൻ" (22:31).

"കള്ളം പറയുന്നവർ ദൈവശാപത്തിന് പാത്രീഭവിക്കുന്നു" (3:62). "കപടവിശ്വാസികൾ, അവിശ്വാസികൾ, ബഹുദൈവവിശ്വാസികൾ തുടങ്ങിയവർ കളവ് പറയുന്നവരാകുന്നു" (9:42). "കളവ് പറയുന്നവർ പിശാചുമായി ബന്ധപ്പെട്ടവരാകുന്നു'' (26:223). "തനിക്കോ തന്റെ ബന്ധുക്കൾക്കോ ദോഷമാണുണ്ടാകുന്നതെങ്കിലും സത്യം മാത്രമേ പ്രവർത്തിക്കാവൂ, പറയാവൂ" (4:136). വ്യാജം ചമച്ചുള്ള ഭാഷണത്തിന്റെ ദൂഷ്യഫലം സന്താനങ്ങളേയും ബാധിക്കുന്നു. തന്നിമിത്തമാണ് നബി(സ)തിരുമേനി സ്ത്രീകളോട് ബയ്അത്ത് പ്രതിജ്ഞ ചെയ്യിക്കുമ്പോൾ ഇപ്രകാരം ഉറപ്പ് വാങ്ങിയിരുന്നത്. "ഓ, നബി, തങ്ങൾ അല്ലാഹുവിനോട് മറ്റൊന്നിനേയും പങ്കുചേർക്കുകയില്ലെന്നും മോഷ്ടിക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയില്ലെന്നും മനഃപൂർവ്വം നുണ കെട്ടിച്ചമച്ച് പ്രചരിപ്പിക്കുയില്ലെന്നുമുള്ള നിബന്ധനയോടെ സത്യവിശ്വാസിനികൾ ബയ്അത്ത് (അനുസരണപ്രതിജ്ഞ) ചെയ്യാൻ നിന്റെ അടുക്കൽ വന്നാൽ നീ അവരുടെ അനുസരണപ്രതിജ്ഞ സ്വീകരികച്ചുകൊള്ളുക. അവർക്കായി പാപമോചനത്തിന് പ്രാർത്ഥിക്കുകയും ചെയ്യുക. അല്ലാഹു പൊറുക്കുന്നവനും കരുണാമയനുമാകുന്നു." (വിശുദ്ധഖുർആൻ, 60:13).

**തിന്മകളുടെ ജനനി**

കളവ് തിന്മകളുടെ ജനനിയാകുന്നു. കളവിൽനിന്നുമാണ് സകല തിന്മകളും ഉത്ഭൂതമാകുന്നത്. ഒരിക്കൽ നബി(സ) തിരുമേനിയുടെയടുക്കൽ ഒരാൾ വന്നുപറഞ്ഞു. "അല്ലയോ പ്രവാചകരേ, ഞാൻ പല തിന്മകളും ചെയ്യുന്ന ദുർബ്ബലനാണ്. ഒരേസമയം എല്ലാ തിന്മകളും പാടെ ഉപേക്ഷിക്കാനുള്ള കരുത്തും, ഈമാനും എനിക്കില്ല. നബിതിരുമേനി(സ) അരുളി. നിങ്ങൾ കളവ് ഉപേക്ഷിക്കുക. അങ്ങനെ ചെയ്യാമെന്ന് അങ്ങേയ്ക്ക് വാക്കുതരുന്നു എന്നു പറഞ്ഞ് ആ മനുഷ്യൻ തിരിച്ചുപോയി. പിന്നീട് അയാൾ തന്റെ സ്വഭാവമനുസരിച്ച് കുറ്റകൃത്യങ്ങൾക്കൊരുമ്പെടുമ്പോൾ നബി(സ)തിരുമേനിയോട് ചെയ്ത വാഗ്ദാനം അയാളെ ചിന്താകുലനാക്കി. തന്റെ കുറ്റകൃത്യങ്ങൾ നബിതിരുമേനി അന്വേഷിച്ചാൽ മറച്ചുവയ്ക്കാൻ സാധ്യമല്ല, മറ്റുള്ളവർ അന്വേഷിച്ചാലും കളവ് പറയാൻ നിർവാഹമില്ല. ഇങ്ങനെ ചിന്തിച്ച് ഒടുവിൽ എല്ലാ പാപകൃത്യങ്ങളും ഉപേക്ഷിക്കുകയാണ് ഉചിതമെന്ന് അയാൾ തീരുമാനിച്ചു. അങ്ങനെ കളവ് ഉപേക്ഷിക്കുക വഴി ആ മനുഷ്യൻ ഉത്കൃഷ്ടനായി മാറുകയും ചെയ്തു. കളവ് തിന്മകളുടെ ജനനിയാണെന്നും അതുപേക്ഷിക്കുന്നപക്ഷം എല്ലാവിധ കുറ്റകൃത്യങ്ങളിൽനിന്നും രക്ഷപ്രാപിക്കാനാവുമെന്നും മേൽസംഭവം തെളിയിക്കുന്നു.

**കളവിന്റെ വകഭേദങ്ങൾ**

കളവിലേക്ക് വഴിയൊരുക്കുന്നതും കളവിന്റെ വകഭേദങ്ങളുമായ ചില ദൂഷ്യങ്ങളെപ്പറ്റി വിശുദ്ധഖുർ

ആൻ മുന്നറിയിപ്പ് നല്കുന്നുണ്ട്. സത്യവിരുദ്ധവും വക്രവുമായ കാര്യങ്ങൾ കളവിന്റെ പ്രകടമായ രൂപങ്ങളാകുന്നു. എന്നാൽ, കളവിന് നിമിത്തമായിത്തീരുന്ന ഒരു തിന്മയാണ് ആത്മപ്രശംസ. ഇതുസംബന്ധിച്ച് വിശുദ്ധഖുർആൻ പറയുകയാണ് "തങ്ങൾ പ്രവർത്തിച്ചതിൽ അതിയായി ആഹ്ലാദിക്കുകയും തങ്ങൾ പ്രവർത്തിക്കാത്തതിൽ അവർ പ്രശംസിക്കപ്പെടണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ച് (അവരുടെ ധാരണ ശരിയാണെന്ന്) നീ വിചാരിക്കുകയേ വേണ്ട. അവർ ശിക്ഷയിൽനിന്ന് സുരക്ഷിത സ്ഥാനത്ത് എത്തിയെന്ന് വിചാരിക്കേണ്ട. അവർക്ക് വേദനാജനകമായ ശിക്ഷയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്" (3:189). അതായത്, എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനെ പെരുപ്പിച്ച് കാണിക്കുന്നതിനുവേണ്ടി ചെയ്യാത്ത കാര്യങ്ങളും അതോടൊപ്പം കൂട്ടിപ്പറുയുന്ന ശീലം ആത്മപ്രശംസയുടെ ഭാഗമാണ്. ഇതുമൂലം കളവും രൂപമെടുക്കുന്നു. യഥാർത്ഥത്തിൽ എല്ലാ സ്തുതികൾക്കും അർഹൻ ദൈവം മാത്രമാണ്. മനുഷ്യൻ ദുർബലനും ബലഹീനനുമാകുന്നു. അതിനാൽ, അമിതമായ പ്രശംസ കിട്ടാനുള്ള വ്യഗ്രത മനുഷ്യനെ വഴികേടിലെത്തിക്കുകയാണ് ചെയ്യുന്നത്. കളവിന് അസ്തിവാരമിടുന്ന മറ്റൊരു കാര്യം ധനസമ്പാദനമോഹമാണ്. വിശുദ്ധഖുർആൻ പറയുന്നു. "വിശ്വസിച്ചവരേ, നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി നിങ്ങൾ ഭക്ഷിക്കരുത്" (4:30). ഈ ആയത്തിൽ കളവ് എന്നർത്ഥം ലഭിക്കുന്ന 'ബാത്തിൽ' എന്ന പദമാണ് പ്രയുക്തമായിരിക്കുന്നത്. അതായത്, അന്യായമായ നിലയിൽ ധനം സമാഹരിച്ച് ഭക്ഷിക്കാൻ പാടില്ല. മനുഷ്യന്റെ ശുദ്ധപ്രകൃതിക്കനുയോജ്യമായ നിലയിലുള്ള മാർഗ്ഗദർശനമാണ് വിശുദ്ധഖുർആൻ നല്കുന്നത്. തന്മൂലം ദൈവം വിരോധിച്ച മാർഗ്ഗങ്ങളിലൂടെ മനുഷ്യൻ ചലിക്കുമ്പോൾ അവന്റെ സ്വഭാവത്തെ അത് ബാധിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു "പരിശുദ്ധവസ്തുക്കളിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുക" (23:52). വിഹിതവും ശുദ്ധവുമായ ഭക്ഷണപാനീയങ്ങളുടെ ഉപയോഗം ഉത്കൃഷ്ട സ്വഭാവരൂപീകരണത്തിനും ദൂഷ്യഭാവങ്ങളുടെ പരിവർജ്ജനത്തിനും അനിവാര്യമായ അടിസ്ഥാന ഘടകങ്ങളാണെന്ന ശാസ്ത്രീയ യാഥാർത്ഥ്യത്തെയാണ് മേൽസൂക്തത്തിൽ അനാവരണം ചെയ്തിരിക്കുന്നത്. അതുപോലെ മനുഷ്യന് ശാരീരികവും മാനസികവും ധാർമ്മികവുമായി തകരാറുണ്ടാക്കുന്ന എല്ലാ വസ്തുക്കളേയും വിശുദ്ധഖുർആൻ അതിൽ നിഷിദ്ധമാക്കുകയും ചെയ്തിട്ടുണ്ട്. ഖുർആൻ പറയുന്നു. "ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത മറ്റു വല്ലതിന്റേയും പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, കൊമ്പുകൊണ്ട് കുത്തിക്കൊല്ലപ്പെട്ടത്, ദുഷ്ടജന്തുക്കൾ തിന്നു ബാക്കിയായത്, ബിംബങ്ങൾക്കുവേണ്ടി ബലിപീഠത്തിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അപ്രകാരംതന്നെ അമ്പുകൾ ഉപയോഗിച്ച് കുറിയിട്ട് ഓഹരിവെച്ചിരിക്കുന്നതും നിങ്ങൾക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം അധർമ്മമാകുന്നു" (5:4). തിന്മകൾ പ്രവേശിക്കാൻ ഇടയാകുന്ന സൂക്ഷ്മമായ വഴികളെ പറ്റി അവബോധമുണ്ടാക്കുകയും അവ മുളയിൽത്തന്നെ നുള്ളിക്കളയുവാൻ ജാഗ്രതപ്പെടുത്തുകയുമാണ് വിശുദ്ധഖുർആൻ. "അവർ വക്രത കൈക്കൊണ്ടപ്പോൾ അവരുടെ സ്വഭാവത്തെ അല്ലാഹു വക്രമാക്കിക്കളഞ്ഞു" എന്നു ഖുർആൻ പറയുന്നു. ചുരുക്കത്തിൽ, അവിഹിതമായ രീതിയിലുള്ള ധനസമ്പാദന മോഹവും നിഷിദ്ധഭക്ഷണത്തിന്റെ ഉപയോഗവും മനുഷ്യനെ കളവിലേക്കും വക്രസ്വഭാവത്തിലേക്കും എത്തിക്കുന്നു. കളവ് രൂപമെടുക്കുന്നതിന്റെ മറ്റൊരു കാര്യം നിത്യാഭിമാന ചിന്തയാകുന്നു. തന്റെ മാന്യതയ്ക്ക് ഒരിക്കലും കോട്ടം തട്ടരുതെന്ന വ്യഗ്രതയിൽ ഇതര സഹോദരന്റെ ന്യൂനത വെളിപ്പെടുത്തുവാനും അതുവഴി വ്യാജോക്തികൾ നടത്തുവാനും നിമിത്തമായിത്തീരുന്നു. സ്വന്തം അസ്തിത്വത്തെ മാന്യമാക്കി ചിത്രീകരിക്കാൻ മറ്റുള്ളവരെ ഇകഴ്ത്തിക്കാണിക്കുന്ന ശീലവും കളവിന്റെ മാർഗ്ഗമാണ്. സത്യം നിങ്ങളുടെ പക്ഷത്താണെങ്കിലും വ്യാജനെപോലെ പെരുമാറാനാണ് വാഗ്ദത്ത മഹ്ദി (അ) ഉപദേശിക്കുന്നത്. ചില സന്ദർഭങ്ങളിൽ ദൈവതൃപ്തിക്കുവേണ്ടി സമൂഹത്തിലെ മാന്യത അവഗണിക്കേണ്ടതായി വരും. അല്ലാഹുവിന്റെ പ്രീതരായ പ്രവാചകന്മാരെല്ലാം സമൂഹത്തിലെ ഒഴുക്കിനെതിരെ നീന്തിയവരാണ്. നബി(സ) തിരുമേനിയെ വിശ്വസ്തൻ (അൽ അമീൻ) എന്നും സത്യസന്ധൻ (സദൂഖ്) എന്നുമുള്ള സ്ഥാനപ്പേരുകൾ നല്കി അക്കാലത്തെ സമൂഹം ആദരിച്ചിരുന്നു. സമൂഹം നല്കിയ സ്ഥാനം പോകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അവിടുന്ന് ദൈവീക പ്രഖ്യാപനം നടത്തിയത്. നീ ഞങ്ങളുടെ ആശാകേന്ദ്രമായിരുന്നു എന്നാണ് ഹദ്റത്ത് സാലിഹ് നബിയെപ്പറ്റി അക്കാലത്തെ ജനത പറഞ്ഞത്. ആ സ്ഥാനം നഷ്ടപ്പെടുമെന്നറിഞ്ഞുകൊണ്ട് അദ്ദേഹവും തന്റെ ദൗത്യം വിളംബരം ചെയ്യുകയുണ്ടായി. ആളുകൾക്കിടയിൽ മാന്യനായി അറിയപ്പെടണമെന്ന മോഹവും കളവ് പൊട്ടിപ്പുറപ്പെടുന്നതിന് കാരണമായിത്തീരുന്നു. തന്റെ അറിവില്ലായ്മ മൂടിവെക്കണമെന്ന ചിന്തയും കളവിന്റെ വകഭേദമാണ്. അഥവാ തനിക്കെല്ലാം അറിയാം, തന്റെ അറിവില്ലായ്മകൾ മറ്റുള്ളവർ അറിയരുതെന്ന നിർബന്ധം കാരണം അറിയാത്ത കാര്യങ്ങളെ സംബന്ധിച്ചും അനുമാനിച്ച് പറയുന്ന സ്വഭാവം കളവിന് അടിത്തറപാകുന്നു. അറിയാമെന്ന ഭാവത്തിൽ കടന്നുകയറി മറുപടി പറയുന്നതും ഈ സ്വഭാവത്തിൽ പെടുന്നു. വിശുദ്ധഖുർആൻ പറയുകയാണ്. "ഭൂമിയിലുള്ള അധികംപേരേയും നീ അനുസരിക്കുന്നതായാൽ

അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് അവർ നിന്നെ തെറ്റിച്ചുകളയും. അവർ തങ്ങളുടെ ഊഹത്തെയല്ലാതെ മറ്റൊന്നിനേയും പിൻപറ്റുന്നില്ല. അവർ സങ്കല്പിച്ച് സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്" (6:117). സങ്കല്പിച്ച് സംസാരിക്കുന്ന സ്വഭാവം, നിഷേധികളുടേതാണ്, കപടവിശ്വാസികളുടേതാണ് എന്ന് പ്രത്യേകപ്പെടുത്തി പറയാതെ പൊതുവെ മനുഷ്യരിൽ ഭൂരിഭാഗവും സങ്കല്പിച്ച് സംസാരിക്കുന്നവരാണെന്നാണ് വിശുദ്ധഖുർആൻ പറയുന്നത്. ഈ സ്വഭാവവും കളവിലേക്ക് നയിക്കുന്നതാണ്. കളവിന്നെതിരെ പ്രബോധിച്ചവരും പടപൊരുതിയവരുമാണ് ദൈവദൂതന്മാർ. ജീവൻ നഷ്ടപ്പെടുമാറായ സന്ദിഗ്ദ്ധഘട്ടങ്ങളിലും സത്യത്തിൽ അടിയുറച്ചുനിന്നവരാണവർ. സത്യത്തെ മുറുകെപിടിച്ച് തങ്ങളുടെ ദൗത്യം നിർവ്വഹിച്ചവർ എല്ലാറ്റിലുമെന്നപോലെ ഇക്കാര്യത്തിലും അതുല്യ മാതൃക കാണിച്ചവർ. എന്നാൽ, ചില നിർണ്ണായക ഘട്ടങ്ങളിൽ ജീവന് ഭീഷണിയാകുന്ന സന്ദർഭങ്ങളിൽ, കളവ് പറഞ്ഞ് രക്ഷപ്പെടാനാകുമെങ്കിൽ (?) കളവുമായി രാജിയാകാമെന്ന് മാത്രമല്ല അതിന് ഇസ്ലാമികമായ മാനം നല്കുവാനും ചില ഉലമാക്കൾ ധൃഷ്ടത കാണിച്ചിരിക്കുന്നു! ഇസ്ലാമിന്റെ മേൽവിലാസമുള്ള ജമാഅത്തെ ഇസ്ലാമിയും അതിന്റെ സ്ഥാപകനേതാവുമാണ് ലജ്ജാകരമായ ഇത്തരം ന്യായവാദങ്ങളുടെ പ്രണേതാക്കൾ. എന്നാൽ, കളവ് ഗുരുതരമായ പാപമാണെന്നും സന്ദിഗ്ദ്ധഘട്ടങ്ങളിൽ കളവ് ഉപേക്ഷിക്കുമ്പോഴാണ് കൂടുതൽ പുണ്യമായിത്തീരുന്നതെന്നുമാണ് ഇക്കാലത്ത് അവതീർണ്ണരായ വാഗ്ദത്ത മഹ്ദി (അ) പഠിപ്പിച്ചത്. ഇതുസംബന്ധിച്ച് ആ ദിവ്യാത്മാവ് പറയുന്നത് കാണുക.

"സത്യനിഷ്ഠയ്ക്ക് ഭംഗം വരുത്തുന്ന സ്വാർത്ഥപരമായ ഉദ്ദേശ്യങ്ങളിൽനിന്ന് വേർപെടാതിരിക്കുന്ന കാലത്തോളം മനുഷ്യന് യഥാർത്ഥത്തിൽ സത്യസന്ധനായിത്തീരുവാൻ സാധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനിവരുമെന്ന ഘട്ടത്തിൽ കള്ളം പറയുകയും സത്യം പറയാതെ മൗനം ദീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ അവന് കേവലം ശിശുവിനേക്കാളും ഭ്രാന്തനേക്കാളും ഒരു മേന്മയുമില്ല. ഹതബുദ്ധിയായ ഒരു ഭ്രാന്തനും വിവേകബുദ്ധി പക്വമാകാത്ത ശിശുവും ഇപ്രകാരം സത്യം പറയാറുണ്ടല്ലോ. ബാഹ്യമായ ഒരു പ്രേരണയും കൂടാതെ വെറുതെ കളവ് പറയുന്നവരായി നാം ആരേയും കാണുകയില്ല. എന്നാൽ, ആപത്ത് നേരിടുമെന്ന് കാണുന്ന ഘട്ടത്തിൽ സത്യനിഷ്ഠയെ ഉപേക്ഷിക്കുക എന്നത് യഥാർത്ഥ സൽസ്വഭാവത്തിന് കേവലം വിരുദ്ധവുമാകുന്നു. സ്വന്തം ജീവനോ സമ്പത്തോ അഭിമാനമോ സന്ദിഗ്ദ്ധാവസ്ഥയിലാകുമ്പോഴാണ് സത്യവചസ്സിന് ഏറ്റവും ഘനവത്തായ അവസരം" (ഇസ്ലാംമത തത്ത്വജ്ഞാനം).

---

*12 ൽ നിന്ന്*

നിലയും കരസ്ഥമാക്കി. അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ പദവിയും കരസ്ഥമാക്കി. നമ്മളിലൊരുപാടാളുകളുണ്ട്; അവർ തങ്ങൾ സഹാബിമാരുടെ മക്കളാണെന്ന് അഭിമാനം കൊള്ളുന്നവരാണ്. അവർക്ക് ആദ്യം വന്നവരുമായി കൂടിച്ചേരാനുള്ള അവസരം കിട്ടി. എന്നാൽ, നാം നമ്മുടെ കർമ്മങ്ങളിലും ആ സഹാബാക്കളുടെ കാലടിപ്പാതകളിലൂടെ നടന്നുകൊണ്ട് പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയിട്ടില്ലെങ്കിൽ ആ അഭിമാനം നമുക്കൊരു പ്രയോജനവും ചെയ്യുകയില്ല.

ചിന്തിക്കേണ്ട സ്ഥാനമാണിത്. ഒരുപാട് ചിന്തിക്കേണ്ട സ്ഥാനമാണിത്. ഇവിടെ നാം ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യവുമുണ്ട്.

നബി(സ)യുടെ കൊടിക്കീഴിൽ വന്നതിന്റെ മാറ്റം നമുക്ക് വരേണ്ടതുണ്ട്. മുഴുലോകവും ആ മഹാത്മാവിന്റെ കൊടിക്കീഴിൽ വരണം. ഇൻശാഅല്ലാഹ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നമ്മൾ നമ്മുടെ ബലഹീനതയിലേക്ക് നോക്കിയും, അല്ലാഹുവിനെ ആരാധിച്ചും, ദൈവികചിഹ്നങ്ങളെ കാത്തുസൂക്ഷിച്ചും കൊണ്ട് ആ മാറ്റത്തിൽ ഭാഗഭാക്കാകണം. എങ്കിലേ നാം ഇക്കാലഘട്ടത്തിലേയും ഇക്കാലഘട്ടത്തിലെ ജുമുആകളിലേയും അനുഗ്രഹത്തിൽ ഭാഗഭാക്കായി എന്ന് പറയപ്പെടുകയുള്ളൂ.

ഇക്കാലഘട്ടത്തിൽ ഓരോ അഹ്മദിയും ആരാധനയുടേയും പ്രാർത്ഥനയുടേയും നിലവാരം മെച്ചപ്പെടുത്താൻ പരിശ്രമിക്കേണ്ടതാണ്. റമദാനും അതിലെ അവസാനത്തെ ജുമുആയും മാത്രമല്ല, മറിച്ച് നബി(സ) പറഞ്ഞതുപോലെ അഞ്ചുനേര നമസ്കാരവും ജുമുഅ മുതൽ ജുമുഅയും റമദാൻ മുതൽ റമദാനും നമ്മുടെ ഉള്ളിൽ പരിശുദ്ധിയുണ്ടാക്കുന്നതായിത്തീരണം. അല്ലാഹു നമ്മുടെ തെറ്റുകൾ പൊറുക്കട്ടെ. വിജയത്തിന്റെ ദൃശ്യങ്ങൾ കാണുന്നവരിൽ നമ്മളേയും ഉൾപ്പെടുത്തുമാറാകട്ടെ.

ദുആ സ്വീകാര്യത കാണുന്നവരായി നാം തീരട്ടെ. ഹൃദയങ്ങൾ ശുദ്ധീകരിക്കപ്പെടുന്നത് നമുക്ക് കാണാൻ ഭാഗ്യം ലഭിക്കട്ടെ. അല്ലാഹുവിന്റെ സ്നേഹപ്രകടനം ദർശിക്കുന്നവരായിത്തീരട്ടെ. ശത്രുക്കളിൽ നിന്ന് അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ ഭരണം നമ്മുടെ ഹൃദയങ്ങളിലും, ലോകത്തിന്റെ ഹൃദയങ്ങളിലും നിലനാട്ടുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ പ്രിയപ്പെട്ട റസൂലിന്റെ ദീനിന്റെ കൊടി, അതിന്ന് അഹ്മദികളെയാണ് ഏല്പിച്ചിട്ടുള്ളത്. ഈ ജുമുആയുടെ അനുഗ്രഹം കൊണ്ട് അത് ലോകം മുഴുവൻ പാറികളിക്കുന്നത് കാണുന്നവരാകട്ടെ. (12.10.07ലെ ഖുത്ബയിൽനിന്ന്. വിവ: മുഹമ്മദ് ഇസ്മായീൽ)

ലേഖനം

എ.ക്യു. മഹ്ദി

# 'ഭക്തിനിർഭരമായ ഒരുണർത്തുപാട്ടും ഒപ്പം ഒരനുസ്മരണവും'

രണ്ടു ചെറിയ കുട്ടികൾ. അവർ സഹോദരന്മാരാണ്. ഒന്നൊന്നര വയസ്സ് പ്രായവ്യത്യാസം വരും അവർ തമ്മിൽ. ഇരുണ്ടനിറമുള്ള നിക്കറും വെളുത്ത അരക്കയ്യൻ ഷർട്ടുമാണ് വേഷം.

വേദിക്കരികിൽ ഒതുങ്ങിനിന്ന് യോഗനടപടികൾ ആരംഭിക്കും മുമ്പ് അവർ ആ പ്രാർത്ഥനാഗീതം ചൊല്ലാനാരംഭിച്ചു.

'ആരൊരാൾ വിധിനാളിന്റെ കർത്തൃത്വം
ആരിലും സമർപ്പിക്കാതെ സർവ്വഥാ........

ശബ്ദമാധുര്യത്തിനല്ല പ്രാധാന്യം; പ്രാസത്തിൽ, ഈണത്തിൽതന്നെ ഒരേശബ്ദത്തിൽ അവരാ ഈരടികൾ തുടർന്നു.

'ന്യായമായവകാശം സർവ്വസ്വത്തിൻ
നായകനായി ലാലസിച്ചീടുന്നു'

കുട്ടികളുടെ പിതാവ്, മക്കളുടെ ഈ പ്രാർത്ഥനാഗീത പാരായണം സദസ്സിലിരുന്ന് അഭിമാനപൂർവ്വം കണുന്നുണ്ടായിരുന്നു. യോഗത്തിൽ സംബന്ധിച്ചിരുന്ന വിശിഷ്ടാതിഥിയാകട്ടെ, പ്രാർത്ഥന ചൊല്ലിയ കുട്ടികളെ വേദിയിലിരുന്ന് വാത്സല്യപൂർവ്വം ശ്രദ്ധിക്കുകയാണ്. അദ്ദേഹത്തിന്റെ മുഖത്ത് വിസ്മയവും കുട്ടികളോടുള്ള അഭിനന്ദനഭാവവും നിറഞ്ഞുനിന്നു.

ചെറിയ സദസ്സാണ്. സ്ഥലവും, കാലവും, വ്യക്തികളെപ്പറ്റിയും പറയാൻ സമയമാകുന്നു. കേരളത്തിലെ ഒരു ആദ്യകാല ജമാഅത്ത്. അന്നതൊരു ചെറിയ ജമാഅത്തായിരുന്നു. ഓടിട്ട കെട്ടിടത്തിന്റെ വശത്തുള്ള ചെറിയ ഹാളാണ് രംഗവേദി.

കരുനാഗപ്പള്ളിയാണ് സ്ഥലം. കുട്ടികൾ ഞാനും ജ്യേഷ്ഠസഹോദരൻ മുസ്‌ലിം സാഹിബും. ഞങ്ങളുടെ നന്നേ ചെറിയ കുട്ടിക്കാലമാണത്. ആറിലോ ഏഴിലോ പഠിക്കുന്ന സമയം. മുഖ്യപ്രസംഗകനായി വേദിയിലിരുന്ന വിശിഷ്ടാതിഥി, വലിയ മൗലവി സാഹിബ് എന്നറിയപ്പെട്ടിരുന്ന മൗലവി ബി. അബ്ദുല്ലാ സാഹിബ് എച്ച്.എ. അവർകൾ. മർഹൂം എച്ച്.എ. ഖഹാർ സാഹിബാണ് സദസ്സിലിരുന്ന് തന്റെ മക്കളുടെ പദ്യപാരായണം താല്പര്യത്തോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നത്.

ഇന്നേയ്ക്ക് നാലഞ്ചു പതിറ്റാണ്ടിന്നപ്പുറമുള്ള ഒരു ഭൂതകാലത്തായിരുന്നു ഈ സംഭവം. സന്ദർഭമാകട്ടെ ഒരു നബിദിനാഘോഷ പരിപാടിയും.

കരുനാഗപ്പള്ളി ജമാഅത്ത് അന്ന് തീരെ ചെറിയ ഒരു കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. അംഗങ്ങളും കുറവായിരുന്നു. വേദിയിലും സദസ്സിലും ഉണ്ടായിരുന്ന വലിയ മൗലവി സാഹിബും എന്റെ പിതാവും ഉൾപ്പെടെയുള്ള ആ തലമുറയിലെ മിക്കവരും ഇന്ന് ജീവിച്ചിരിപ്പില്ല.

അരനൂറ്റാണ്ടുകാലം പിന്നിട്ടിട്ടും ഒരിക്കൽപോലും കടലാസ്സിൽ എഴുതിവായിച്ച് പഠിച്ചിട്ടില്ലാത്ത ഈ പ്രാർത്ഥനാഗീതത്തിലെ പല വരികളും എന്റെ മനസ്സിൽ മായാതെ ഇന്നും പതിഞ്ഞുകിടപ്പുണ്ട്. അതിന് കാരണവുമുണ്ട്. ഈ പ്രാർത്ഥനാഗീതം ഞങ്ങളെ പഠിപ്പിച്ചത് ഞങ്ങളുടെ വന്ദ്യപിതാവായ മർഹൂം എച്ച്.എ. ഖഹാർ സാഹിബ് അവർകളായിരുന്നു. അദ്ദേഹം കുട്ടികളായ ഞങ്ങളെക്കൊണ്ട് ഈ ഭക്തിഗാനം വീട്ടിൽ മാത്രമല്ല, അന്നത്തെ പല പൊതു സദസ്സുകളിലും പാടിച്ചിട്ടുണ്ട്.

'ജമാഅത്താപ്പീസ്' എന്നറിയപ്പെട്ടിരുന്ന കരുനാഗപ്പള്ളിയിലെ നമ്മുടെ പള്ളിയിൽവച്ച് വർഷംതോറും അക്കാലത്ത് നബിദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. കൂടാതെ, പുറത്ത് മെയിൻ റോഡരികിലെ മോഡൽ അപ്പർ പ്രൈമറി സ്കൂൾ അങ്കണത്തിലും, ടൗൺ ക്ലബ്ബ് എന്നറിയപ്പെട്ടിരുന്ന റിക്രിയേഷൻ ഹാളിലുമാണ് നബിദിനാഘോഷ പരിപാടി അന്ന് കരുനാഗപ്പള്ളിയിൽ അരങ്ങേറിയിരുന്നത്. ഇന്നും അത് എന്റെ മനസ്സിൽ നിറം മങ്ങാത്ത ഓർമ്മയായി അവശേഷിക്കുന്നുണ്ട്. പല യോഗങ്ങളിലും മുഖ്യപ്രസംഗകനായി വലിയ മൗലവി സാഹിബ് പങ്കെടുത്തിരുന്നുവെന്നതും സ്മരണയിൽ ഇപ്പോഴുമുണ്ട്.

അതൊക്കെയൊരു കാലം.

നാലുവരി കവിതയാണ് ഓർമ്മയുടെ ചെപ്പ് തുറന്ന് ഞാനിവിടെ കോറിയിട്ടത്; ബാക്കികൂടി മനസ്സിൽ തെളിയുമോ എന്ന് ഒന്നു പരതിനോക്കട്ടെ.

'അകൃപാനിധി അല്ലാഹുത്തമ്പുരാൻ
ദുഷ്കൃതാന്തകൻ പാവനൻ പാലകൻ
ഇത്ഥമുള്ളൊരു സംസ്തുതിവാക്യങ്ങൾ-
ക്കുത്തമപാത്രവാനായ ദൈവമേ........'

ഇല്ല, ഇതിനപ്പുറത്തേക്ക് ഈ എട്ടുവരികൾക്ക് ശേഷമുള്ളവ, വ്യക്തമായി മനസ്സിന്റെ തിരശ്ശീലയിൽ തെളിയുന്നില്ല; അരനൂറ്റാണ്ടുകാലം എന്നത് തീരെച്ചെ

റിയ സമയമൊന്നുമല്ലല്ലോ. ഇനിയുമുണ്ട് കവിതയിൽ തെല്ലു ഭാഗങ്ങൾ ബാക്കി.

മറ്റൊരു ഫ്ളാഷ് ബാക്ക് കൂടി.

കരുനാഗപ്പള്ളി ഹൈസ്കൂളിലെ എന്റെ വിദ്യാഭ്യാസ കാലം. ആറുമുതൽ പതിനൊന്നു ക്ലാസ്സുവരെ ഞാൻ ആ വിദ്യാലയത്തിലാണ് പഠിച്ചത്. ചില അഹ്മദി അധ്യാപകർ അന്ന് ആ സ്കൂളിൽ പഠിപ്പിച്ചിരുന്നുവെന്നാണോർമ്മ. എന്നാൽ, ഏറെ അഹ്മദി അധ്യാപകരുണ്ടായിരുന്നത് മോഡൽ അപ്പർ പ്രൈമറി സ്കൂളിൽതന്നെ. ആ സ്കൂളിലായിരുന്നു കരുനാഗപ്പള്ളി ജമാഅത്തിൽ ദീർഘകാലം പ്രസിഡന്റായി സേവനമനുഷ്ഠിച്ച സാലിസാർ എന്നു നാട്ടിലറിയപ്പെട്ടിരുന്ന മർഹൂം എ. മുഹമ്മദ് സാലിഹ് സാഹിബ് പഠിപ്പിച്ചിരുന്നത്. അവിടെ രണ്ട് അഹ്മദി വനിതകളും ടീച്ചർമാരായിരുന്നിട്ടുണ്ട്; ഫാത്തിമബീവി ടീച്ചറും, സൗദാബീവി ടീച്ചറും. ഇവരിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന സൗദാബീവി ടീച്ചറാകട്ടെ, എന്നെ എന്റെ മൂന്നാം ക്ലാസ്സിൽ പഠിപ്പിച്ചിട്ടുമുണ്ട്. അഹ്മദി അധ്യാപകരുടെ സാന്നിധ്യമുണ്ടായിരുന്ന ഈ മോഡൽ സ്കൂളിൽ പ്രധാന അധ്യാപകനായി ഒരു പതിറ്റാണ്ടിലേറെക്കാലം പ്രവർത്തിച്ചിട്ടുണ്ട് നമ്മുടെ സുബായ് തഅ്ലീം സെക്രട്ടറിയായിരുന്ന എം. ബശീറുദ്ദീൻ സാഹിബ്.

കരുനാഗപ്പള്ളി ഹൈസ്കൂളിലാണ് ഞാൻ പഠിച്ചിരുന്നതെന്ന് പറഞ്ഞുവല്ലൊ? ഫ്ളാഷ് ബായ്ക്കിന്റെ ബാക്കിച്ചുരുൾകൂടി ഇവിടെ നിവരുന്നു.

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.വി.എ. നാരായണപിള്ള സാർ, സഹൃദയനും വിശാലമനസ്കനും ഒപ്പം ഗൗരവപ്രകൃതിയുമുള്ള ഒരധ്യാപകനായിരുന്നു. മതവിഷയങ്ങളിലും അദ്ദേഹത്തിന് ശരാശരി അറിവുണ്ടായിരുന്നു. ഒരുപക്ഷേ, അതിനു കാരണം നമ്മുടെ ജമാഅത്ത് തന്നെയായിരുന്നിരിക്കാം. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന അറിവും, മതിപ്പും, ഇസ്ലാംമതത്തെപ്പറ്റി അല്പമെങ്കിലും വായിക്കാനും പഠിക്കാനും കാരണമായിട്ടുണ്ടാകാം. നമ്മുടെ സാഹിത്യങ്ങൾ സംഭാവന ചെയ്യാനും, നബിദിനാഘോഷങ്ങളിൽ അദ്ദേഹത്തെ പ്രസംഗകനായി പങ്കെടുപ്പിക്കാനും ജമാഅത്ത് അന്ന് ശ്രദ്ധിച്ചിരുന്നുവെന്ന് തോന്നുന്നു. നാരായണപിള്ള മാഷിനെപ്പറ്റി ഈ വരികൾ കുറിക്കുമ്പോൾ എന്റെ ഓർമ്മയിൽ അത്യന്തം ബഹുമാനം നിറഞ്ഞ ഒരു വ്യക്തിയായാണ് അദ്ദേഹം നിലകൊള്ളുന്നത്; അത്രയ്ക്ക് ഞങ്ങളിഷ്ടപ്പെട്ട ഒരു മാതൃകാധ്യാപകനായിരുന്നു അദ്ദേഹം.

ഹൈസ്കൂൾ പഠനകാലത്ത്, സ്കൂളിലെ ചെറിയൊരു കലാകാരൻ എന്ന നേരിയ മേലങ്കികൂടി എനിക്കുണ്ടായിരുന്നു. ലേഖന, ചെറുകഥാ മത്സരങ്ങളിലും പ്രസംഗമത്സരത്തിനും ഞാൻ തുടർച്ചയായി സമ്മാനം നേടിയിരുന്നതിനാലാണിത്.

സ്കൂളിലെ ഒരു വാർഷികാഘോഷ പരിപാടി തീരുമാനിച്ച സമയം. പൊതുമീറ്റിങ്ങുകൾ എപ്പോഴും ഒരു പ്രാർത്ഥനാലാപനത്തോടെയാണല്ലോ തുടങ്ങാറ്. ഏതെങ്കിലും ഹിന്ദുഭക്തിഗാനത്തോടെയാണ് അധികവും ആരംഭിക്കുക.

സഹൃദയനായ ഹെഡ്മാസ്റ്റർ, ഇക്കുറി ഒരു മുസ്ലിം ഭക്തിഗീതം (ഈശ്വരപ്രാർത്ഥന) ആവട്ടെ എന്നു തീരുമാനിക്കുന്നു. എന്റെമേലാണ് അദ്ദേഹമാ ചുമതല കെട്ടിവച്ചത്. ഞാനന്ന് എട്ടിൽ പഠിക്കുകയാണ്.

ഇസ്ലാമിക പ്രാർത്ഥനാഗാനം ചൊല്ലുന്ന വിഷയം വീട്ടിലറിയിച്ചപ്പോൾ ഉപ്പ തടഞ്ഞില്ല; 'ആരൊരാൾവിധി......' തന്നെ ചൊല്ലിക്കൊള്ളൂ എന്ന് ഓർഡറിടുകയും ചെയ്തു. അതിലെ വരികളാണെങ്കിൽ അന്നെനിക്ക് ഹൃദിസ്ഥവുമാണ്.

യോഗനടപടിക്ക് തൊട്ടുമുമ്പ് സ്കൂൾ വേദിയിൽ നിന്ന് ഞാനാ പ്രാർത്ഥനാഗീതം ചൊല്ലി. മനസ്സിലൽപം ഭയാശങ്ക ഉണ്ടാവാതിരുന്നില്ല. മുമ്പിൽ വലിയൊരു സദസ്സാണ്. സദസ്സിനെ കണ്ടപ്പോഴുള്ള സഭാകമ്പം സൃഷ്ടിച്ച ഉത്കണ്ഠയും ആകാംക്ഷയും വലിയ സ്വരമൂല്യമൊന്നും കൂടാതെ ഞാനാ വരികൾ പാടി ഒപ്പിച്ചു. പാരായണം കഴിഞ്ഞ് വേദിയിൽനിന്നും പിൻവശത്തുകൂടി രക്ഷപ്പെട്ടിട്ടും ശരീരവിറയലും കാലിലെ തരിപ്പും നോർമ്മലാവാൻ പിന്നേയും സമയമെടുത്തു.

അടുത്തദിവസം; ആദ്യക്ലാസ്സ്. സ്കൂളിലെ പ്യൂൺ ഒരു കുറിമാനവുമായി ക്ലാസ്സിൽവന്ന് ഹെഡ്മാസ്റ്റർ എന്നെ വിളിക്കുന്നുവെന്നറിയിച്ചു. സഹപാഠികളൊക്കെ സംശയദൃഷ്ടിയോടെ ഒരു കുറ്റവാളിയെ കാണുമ്പോലെ എന്നെ നോക്കി. എന്തിനാണാവോ വിളിച്ചത്? ഭയന്നുഭയന്നാണ് ഹെഡ്മാസ്റ്ററുടെ മുറിയിൽ കയറിച്ചെന്നത്. കഴിഞ്ഞനാളത്തെ എന്റെ പ്രാർത്ഥനാലാപനത്തിലെ പിഴവുകൾ ചൂണ്ടിക്കാട്ടി ശാസിക്കാനാണോ എന്ന് എനിക്കല്പം ആശങ്കയുണ്ടായിരുന്നു.

ഹെഡ്മാസ്റ്റർ ഒരു മന്ദസ്മിതത്തോടെയാണ് എന്നെ അഭിമുഖീകരിച്ചത്. എന്നോട് സംസാരിച്ചുതുടങ്ങിയതും സന്തോഷഭാവത്തിൽതന്നെ.

പേടിക്കാനില്ല, കുഴപ്പമൊന്നുമില്ല. ആ റൂമിൽ ഹെഡ്മാസ്റ്ററോടൊപ്പം ഞങ്ങളുടെ മലയാളം അധ്യാപകനും ഉണ്ടായിരുന്നു; കെ.പി. ശാസ്ത്രികൾ എന്നറിയപ്പെട്ടിരുന്ന ശ്രീ. കെ. പരമേശ്വരൻ മാഷ്. എപ്പോഴും ഖദർ വസ്ത്രം മാത്രം ധരിക്കാറുള്ള ഗാന്ധിയനായ ശാസ്ത്രിസാറും ഹെഡ്മാസ്റ്ററോടൊപ്പം എന്നോടുള്ള സംഭാഷണത്തിൽ പങ്കുകൊണ്ടു. അവർ രണ്ടുപേർക്കും വേണ്ടിയാണെന്നെ വിളിപ്പിച്ചതെന്നു വ്യക്തമായി. അവർക്കറിയേണ്ടത് ഇത്രമാത്രം; ഞാൻ ഇന്നലെ ചൊല്ലിയ പ്രാർത്ഥനാഗീതം ഏതാണ്, അതെഴുതിയ താരാണ്?

ശാസ്ത്രിസാർ ഒരു സംസ്കൃത പണ്ഡിതൻ കൂടിയാണ്. മലയാളത്തിൽ രചിക്കപ്പെട്ട, ഞാൻ ചൊല്ലിയ പ്രാർത്ഥനാവരികൾ മനോഹരമായ പല സംസ്കൃത പദങ്ങളും ഉൾപ്പെട്ടതിനാലാണ് ശാസ്ത്രിമാഷിന് ഗാന രചയിതാവിനെപ്പറ്റി അറിയാൻ താല്പര്യം..

പതിമൂന്ന് വയസ്സുകാരനായ ഞാൻ കൈമലർത്തി. രചയിതാവിനെപ്പറ്റി എനിക്കറിയില്ല, പിതാവാണ് എന്നെ ഇത് പഠിപ്പിച്ചതെന്നു മാത്രം വിനയ പൂർവ്വം ഞാനറിയിച്ചു. ഒന്നുകൂടി ഞാൻ പറഞ്ഞു, ഇത് പരിശുദ്ധ ഖുർആനിലെ ആദ്യഖണ്ഡമായ സൂറഃഫാത്തിഹയുടെ ഭാഷാന്തരമാണ്. നാരായണപിള്ള മാഷിന് ഞാൻ പറഞ്ഞത് ഏകദേശം മനസ്സിലായി എന്നു തോന്നി. അദ്ദേഹം ഇസ്ലാംമതത്തെപ്പറ്റിയും ഖുർആനെക്കുറിച്ചും അല്പമൊക്കെ നമ്മുടെ പുസ്തകങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നുവല്ലോ.

"സൂറ...?" ചോദ്യഭാവത്തിലുള്ള ശാസ്ത്രിമാഷിന്റെ നോട്ടം, ഞാൻ പറഞ്ഞു 'സൂറഃഫാത്തിഹ' സൂറ എന്ന സൂചന അദ്ദേഹത്തിന് പിടികിട്ടിയില്ല എന്ന് വ്യക്തമായി. എന്റെ പരുങ്ങൽ കണ്ട് "സാരമില്ല, നാളെ വരുമ്പോൾ പിതാവിനോടു ചോദിച്ചിട്ട് വന്ന് വിശദമായി പറഞ്ഞാൽ മതി...."

ശാസ്ത്രിമാഷ് ആ പ്രതിസന്ധിയിൽനിന്നും തല്ക്കാലത്തേക്ക് എന്നെ മോചിപ്പിച്ചു.

ഈ വിഷയം ഞാനന്ന് വീട്ടിൽ പോയപ്പോൾ ഉപ്പയോടു ചോദിച്ച് വിശദീകരണം തേടിയോ എന്നെനിക്കോർമ്മയില്ല. ശാസ്ത്രിമാഷ് വീണ്ടുമെന്നോടിക്കാര്യം സൂചിപ്പിച്ചിട്ടുമില്ല.

ആ മൂന്നുപേരും ഇന്ന് ജീവിച്ചിരിപ്പില്ല; എന്റെ ബാപ്പയും, ഹെഡ്മാസ്റ്റർ നാരായണപിള്ള സാറും, ശാസ്ത്രിമാഷും.

ആ പ്രാർത്ഥനാഗാനം, സൂറത്തുൽ ഫാത്തിഹയുടെ ഗാനാവിഷ്കാരമാണെന്ന അറിവ് ഇപ്പോൾ വായനക്കാരിൽ കൗതുകം ഉണർത്തുന്നുണ്ടാവും.

സ്കൂളും കോളേജും ഒക്കെ ജീവിതത്തിൽനിന്നും എന്നോ കടന്നുപോയി. കാലം പിന്നിട്ടുനീങ്ങിയതിലൂടെ ജീവിതത്തിൽതന്നെ എത്രയോ മാറ്റങ്ങളുമുണ്ടായി. ഒരു മൂന്നാംതലമുറയുടെ സൃഷ്ടികർമ്മംകൂടി ഇന്നെനിക്കുണ്ടായിരിക്കുന്നു. ഇന്നും ഈ മധ്യവയസ്സുകാലത്തും 'ആരൊരാൾവിധി........' എന്ന ഫാത്തിഹാ ഗാനത്തിന്റെ ഈരടികളിൽ ചിലതൊക്കെ മനസ്സിന്റെ ഉള്ളറയിൽ പതിഞ്ഞുകിടക്കുന്നു.

യാദൃച്ഛികമായി, വളരെ യാദൃച്ഛികമായാണ് പിതാവ് സ്വജീവിതകാലത്ത് ശേഖരിച്ച് വീട്ടിൽ സൂക്ഷിച്ചിരുന്ന നിരവധി അഹ്മദിയ്യാ സാഹിത്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ബൈൻഡ് ചെയ്തുവച്ചിരുന്ന 1938-ലെ സമ്പൂർണ്ണവർഷത്തെ സത്യദൂതൻ മാസികപ്പതിപ്പ് കണാനിടവന്നത്. അതിലെ ജനുവരി ലക്കത്തിൽ 'മംഗളപ്രാർത്ഥന' എന്ന തലക്കെട്ടിൽ ഞാനൊരു ചെറുകവിത കണ്ടു. ആ കവിതാഭാഗം ഓർമ്മകളിലൂടെ അഞ്ചുപതിറ്റാണ്ടിനപ്പുറത്തെ എന്റെ ബാല്യകാലത്തേയ്ക്കെന്നെ വലിച്ചുകൊണ്ടുപോയി.

ഹാ! ഇതല്ലേ, ഉപ്പ ഞങ്ങളെക്കൊണ്ട് അന്നു പാടിച്ച, ഞങ്ങളെ പാടിപ്പഠിപ്പിച്ച ആ ഗാനശകലം; ആ പ്രാർത്ഥനാഗാനം. എഴുപതുവർഷം പിന്നിട്ട സത്യദൂതൻ മാസികപ്പതിപ്പിലൂടെ ജീവിതത്തിലാദ്യമായി, ആ പദ്യവരികൾ അച്ചടിക്കടലാസ്സിൽ കാണുകയായിരുന്നു ഞാൻ. ഞാനത് കണ്ടെത്തിയപ്പോഴാകട്ടെ ആ മാസികത്താളുകൾ കാലപ്പഴക്കംകൊണ്ട് മറിച്ചുനോക്കാൻകൂടി കഴിയാത്തവിധം ദ്രവിച്ച അവസ്ഥയിലായിരുന്നു.

എന്നിട്ടും, ഏറെ സൂക്ഷ്മതയോടെ, താളുകൾക്ക് തെല്ലും പരിക്കുപറ്റാതെ ഞാനാ സത്യദൂതൻ പേജിൽനിന്നും ആ മനോഹരഗാനം പകർത്തിയെഴുതിവച്ചു.

ഇനി എനിക്ക് വേണ്ടിയിരുന്നത്, ഞാൻ എട്ടിൽ പഠിക്കുമ്പോൾ ശാസ്ത്രിമാഷ് ചോദിച്ച ആ ചോദ്യത്തിനുത്തരം കണ്ടെത്തുക എന്നതായിരുന്നു. ഏതിലേതാണീ കവിത? ആരെഴുതിയതാണീ വരികൾ?

സത്യദൂതൻ പതിപ്പിലേക്ക് എന്റെ ശ്രദ്ധ വീണ്ടും ചെന്നെത്തി. 1938 നവംബർ രണ്ടാം തിയ്യതി, അഹ്മദിയ്യാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥലത്തെ ഗൗതമാ ലോഡ്ജിൽവച്ച് 'നബിദിനം' കൊണ്ടായിടപ്പോൾ ശ്രീ. ശൈലജാനന്ദസ്വാമി വായിച്ചത്' എന്നൊരു അടിക്കുറിപ്പും കവിതയോടൊപ്പം ചേർത്തിട്ടുണ്ട്. 'സ്ഥലത്തെ' എന്ന സൂചന 'കണ്ണൂരെ' എന്നതാവാം. 'ഗൗതമാലോഡ്ജ്' ഇന്ന് നിലവിലുണ്ടോ എന്നറിയില്ല. ആരാണീ ശൈലജാനന്ദ സ്വാമി എന്നുമറിയില്ല. 'സ്വാമി വായിച്ചത്' എന്നു മാത്രമേ പരാമർശിച്ചിരുന്നുള്ളൂ എന്നതുകൊണ്ട് ഈ കവിത ശൈലജാനന്ദ സ്വാമി എഴുതിയതാവണം എന്നുമില്ല; ഒരുപക്ഷേ, ചടങ്ങിൽ അദ്ദേഹം വായിച്ചിട്ടേ ഉണ്ടാവൂ എന്നുമാത്രം ഊഹിക്കാം.

പിന്നെ ആരാണീ മനോഹര വരികളെഴുതിയത്? നല്ല ഭാഷാപരിജ്ഞാനമുള്ള ആരോ ആവാം. സംസ്കൃതത്തിൽ പാണ്ഡിത്യമുള്ള ഒരു വ്യക്തിയും ആയിരിക്കാം അദ്ദേഹം.

രചയിതാവിനെപ്പറ്റി ആരോടു ചോദിക്കും, എങ്ങനെ സംശയം തീർക്കും...?

മനസ്സിൽ തിടുക്കം കൂടിയപ്പോൾ, ഞാൻ മുസ്ലിം സാഹിബിന്റെ സഹായം തേടാൻ തീരുമാനിച്ചു. കുട്ടിക്കാലത്ത് ഞങ്ങളൊരുമിച്ച് എത്രയോ വേദികളിൽ ഈ പ്രാർത്ഥനാഗീതം ചൊല്ലിയിട്ടുണ്ട്.

അദ്ദേഹവും കൈമലർത്തി. അദ്ദേഹത്തിനും അറിയില്ല ആരെഴുതിയതാണിതെന്ന്. സംശയനിവൃത്തിക്കായി സമീപിക്കാൻ കഴിയുമായിരുന്ന ഒരാളേ ഉണ്ടായിരുന്നുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അത് മർഹൂം ജനാബ് എസ്സ്.വി. സൈനുദ്ദീൻ സാഹിബ്

ആയിരുന്നു. കേവലം ദിവസങ്ങൾക്കു മുമ്പാണ് അദ്ദേഹത്തിന്റെ ദേഹവിയോഗമുണ്ടായത്.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ഐ.ജിയായി വിരമിച്ച അദ്ദേഹം അറിയപ്പെടുന്ന ഒരെഴുത്തുകാരനാണ്; നമ്മുടെ ജമാഅത്തിലെ ഒരു കവിയാണ്. എന്റെ ഉപ്പയുടെ ഒരടുത്ത സുഹൃത്തുകൂടിയായിരുന്നു അദ്ദേഹം. 'സൈന്ധവൻ' എന്ന തൂലികാനാമത്തിൽ അദ്ദേഹം കഥകളും കവിതകളും എഴുതിയിട്ടുണ്ട്. നമ്മുടെ മുഖപത്രമായ സത്യദൂതന്റെ പഴയ താളുകളെ അദ്ദേഹം രചിച്ച എത്രയോ ഗാനങ്ങളും കവിതകളും സമ്പന്നമാക്കിയിട്ടുണ്ട്.

ജനാബ് സൈനുദ്ദീൻ സാഹിബ്, ഏറ്റവും ഒടുവിൽ താമസിച്ചിരുന്നത് മരുമകൻ ജനാബ് അബ്ദുല്ലാ സുബൈർ സാഹിബിനോടൊപ്പം കണ്ണൂരാണ്.

സൈനുദ്ദീൻ സാഹിബിന്റെ മകൾ മിസ്സിസ് ജാസ്മിൻ അബ്ദുല്ലാ സുബൈർ സാഹിബ, ഈ വിഷയത്തിൽ സഹായിക്കാമെന്നേറ്റു. തന്റെ ഉപ്പയുടേതല്ല ഈ കവിതയെന്നവർക്കുറപ്പുണ്ടായിരുന്നു. മിസ്സിസ് ജാസ്മിൻ സാഹിബ ഒരു സൂചന നല്കി. ഒരുപക്ഷേ ഈ ഗാനശകലം, 'അമൃതവാണി' എന്ന ബൃഹത്കവിതാ സമാഹാരത്തിൽ നിന്നുള്ളതായിരിക്കാം എന്നാണവർ പറഞ്ഞത്. അങ്ങനെയാണ് സ്വഗൃഹത്തിലെ ഗ്രന്ഥശേഖരത്തിൽനിന്നും 'അമൃതവാണി' പുറത്തെടുക്കപ്പെട്ടത്.

'അമൃതവാണി' ഒരു മലയാള കവിതാസമാഹാരമാണ്. ആയിരത്തോളം പേജുകൾ വലിപ്പമുണ്ട് ഈ കാവ്യഗ്രന്ഥത്തിന്. ഇത് പരിശുദ്ധ ഖുർആന്റെ ഒരു പദ്യാവിഷ്കാരമാണെന്ന് കരുതപ്പെടുന്നു. പദാനുപദ പദ്യാവിഷ്കാരമല്ല, പ്രത്യുത ഖുർആനിലെ ആശയങ്ങളുടെ ഒരു സ്വതന്ത്ര ഭാഷാന്തര കാവ്യരൂപം.

അതീവ വിചിത്രതരമായി തോന്നിയത് ഇതെഴുതിയത് ഒരു ഹിന്ദു സഹോദരനാണെന്നതാണ്. അദ്ദേഹത്തിന്റെ പേര് ശ്രീ കെ.ജി. രാഘവൻ നായർ. 1911 -ൽ തിരുവല്ലയിൽ ജനിച്ച അദ്ദേഹം ഒറ്റപ്പാലത്തിനടുത്തുള്ള ചുനങ്ങാട് എന്ന സ്ഥലത്താണ്, ഈ ഗ്രന്ഥരചനാകാലത്ത് താമസിച്ചിരുന്നത്. കേന്ദ്ര ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിൽനിന്നും, കണ്ണൂരിൽ ജോലിയിലിരിക്കെ 1969-ലാണ് അദ്ദേഹം റിട്ടയർ ചെയ്തത്.

അദ്ദേഹത്തിന്റെ ജന്മവർഷം നോക്കുക, 1911, തന്റെ വാർദ്ധക്യത്തിന്റെ വിവശതയ്ക്കിടയിൽ, 1997-ലാണ് അദ്ദേഹം ഈ ഗ്രന്ഥം പൂർത്തിയാക്കി പ്രസാധനം ചെയ്തത്. നിരന്തരമായ ഒരു ത്യാഗം ഈ രചനയ്ക്ക് പിന്നിലുണ്ടെന്നതിൽ സംശയമില്ല.

കണ്ണൂരെ റഹ്മാൻജിയിലൂടെയാണ് മിസ്സിസ് ജാസ്മിൻ അബ്ദുല്ലാ സുബൈർ സാഹിബ ഈ പുസ്തകം എനിക്കെത്തിച്ചു തന്നത്. റഹ്മാൻജിക്കും മിസ്സിസ് ജാസ്മിൻ അബ്ദുല്ലാ സുബൈറിനും നന്ദി പറയട്ടെ. ഒപ്പംതന്നെ ഞാനീ ലേഖനം മർഹൂം ജനാബ് എസ്സ്.വി. സൈനുദ്ദീൻ സാഹിബിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്നു.

ദൈവികവചനങ്ങളുടെ അമൂല്യസമാഹാരമായ ഖുർആന് തത്തുല്യമായ ഒരു കാവ്യാവിഷ്കാരം നിർവഹിക്കുവാൻ ഈ ഭൂമുഖത്ത് ആർക്കും കഴിയുകയില്ല എന്നത് നിസ്തർക്കമായ സംഗതിയാണ്. അമുസ്ലിം സഹോദരന്മാർക്ക് ഖുർആനികാശയങ്ങൾ ഒരുപരിധിവരെ ഗ്രഹിക്കാൻ പര്യാപ്തമെന്ന നിലയിലാണ് ഈ കാവ്യഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നതെന്ന് കാണാം.

അമൃതവാണി പരിശോധിച്ചപ്പോൾ, 'ആരൊരാൾവിധി...' ഈ ഗ്രന്ഥത്തിൽ ഇല്ലെന്ന് മനസ്സിലാകുന്നു. പിന്നെ ആരെഴുതിയതാണ് പഴയ സത്യദൂതൻ മാസികയിൽ വന്ന ഈ ഗാനശകലം. ഈ പദ്യശകലം എഴുതിയകാലത്ത്, രചയിതാവിന് ചുരുങ്ങിയത് മുപ്പതു വയസ്സ് പ്രായമെങ്കിലും ഉണ്ടായിരുന്നുവെന്ന് സങ്കല്പിച്ചാൽപ്പോലും ഈ കവിതയ്ക്ക് ഒരു നൂറ്റാണ്ടുകാലമെങ്കിലും പഴക്കമുണ്ടാവാമെന്നു കരുതാം.

ഈ ലേഖനം വായിക്കാനിടവരുന്ന നമ്മുടെ വായനക്കാരിൽ ആർക്കെങ്കിലും പ്രസ്തുത കവിതയുടെ കർത്താവിനെപ്പറ്റി സൂചന നല്കാൻ കഴിയുമെങ്കിൽ, വരുംതലമുറയ്ക്ക് നമുക്കീ 'അജ്ഞാതകവി'യെ പരിചയപ്പെടുത്തുകയും ആദരിക്കുകയും ചെയ്യാം. പരിശുദ്ധഖുർആനേയും, സൂറഃഫാത്തിഹയേയുംപ്പറ്റി ഓർക്കുമ്പോൾ പുരാതന അറേബ്യയെപ്പറ്റികൂടി ഇത്തരുണത്തിൽ നമുക്കല്പം ചിന്തിക്കേണ്ടിയിരിക്കുന്നു. ആറാം നൂറ്റാണ്ടാണ് കാലം. അറേബ്യാരാജ്യത്ത് സർവ്വത്ര അരാജകത്വം നിറഞ്ഞിരുന്നു അന്ന്. മുഷ്കിനും മുഷ്ടിക്കുമായിരുന്നു മേധാവിത്വം. അക്രമവും അനീതിയും അരങ്ങുതകർത്തു. മദ്യവും മദിരാക്ഷിയും എങ്ങും നിറഞ്ഞുനിന്നു. മനുഷ്യത്വം മരിക്കുകയും മനസ്സാക്ഷി മരവിക്കുകയും ചെയ്ത മനുഷ്യർ. നീതിയും ന്യായവും മാനവും മര്യാദയും അവർക്ക് അന്യമായിരുന്നു. മർദ്ദിതന്റെ വിലാപം കേൾക്കാനോ അശരണരുടെ അവശത അകറ്റാനോ ആരുമുണ്ടായില്ല. അറബികളെയൊട്ടാകെ അന്ന് ഗ്രസിച്ചിരുന്നത് കടുത്ത അന്ധവിശ്വാസവും അനാചാരങ്ങളും മാത്രമായിരുന്നു. പ്രതിമകളുടേയും പ്രതിഷ്ഠകളുടേയും മുമ്പിൽ അവർ പ്രാർത്ഥനകളും പ്രണാമങ്ങളും അർപ്പിച്ചുപോന്നു. കരിങ്കൽ ബിംബങ്ങളിലും, രൂപമാറ്റം വരുത്തി ദിവ്യത്വം അർപ്പിച്ച മൺകൂനകളിലും ആയിരുന്നു അവരുടെ ആരാധനാ സങ്കല്പം മുഴുവൻ നിറഞ്ഞുനിന്നത്. ആ കരിങ്കൽ ദേവന്മാരെ പ്രീതിപ്പെടുത്താനായി വിശുദ്ധദേവാലയത്തിനു ചുറ്റും നഗ്നനൃത്തം പോലും ചെയ്യുമായിരുന്നു ആ പ്രാകൃത അറബിവർഗ്ഗങ്ങൾ. കടുത്ത ഈ അന്ധകാരത്തെ തട്ടിമാറ്റാൻ അന്ന് ആരും രംഗത്തുണ്ടായിരുന്നില്ല. കൂരി

രുളിന്റെ ഈ കാവൽക്കാർ, വെളിച്ചത്തിന്റെ അവസാനത്തെ കൈത്തിരിയും ഊതിക്കെടുത്തിക്കളഞ്ഞു. എങ്ങും അന്ധകാരം മാത്രം. ആ കൂരിരുളിൽ മർദ്ദിതരുടെ വിലാപങ്ങളും മർദ്ദകരുടെ വിജയാരവങ്ങളുമല്ലാതെ മറ്റൊന്നും എങ്ങും മുഴങ്ങിക്കേട്ടില്ല.

ഈ കാലത്താണ്, ഈയൊരു സന്ദിഗ്ദ്ധ ഘട്ടത്തിലാണ് അല്ലാഹുവിന്റെ തിരുദൂതരായ മുഹമ്മദ്(സ) ഭൂജാതനായത്. അദ്ദേഹം ഒരനാഥനായിരുന്നു. ജനനത്തിനു മുമ്പുതന്നെ പിതാവ് അബ്ദുല്ല പരലോകം പ്രാപിച്ചിരുന്നു. ആറാമത്തെ വയസ്സിൽ മാതാവ് ആമിനയും അന്ത്യശ്വാസംവലിച്ചു. സംരക്ഷണം ഏറ്റെടുത്ത പിതാമഹനും രണ്ടുകൊല്ലം കഴിയുംമുമ്പേ മരണമടഞ്ഞു. പിന്നീട്, പിതൃവ്യനാണ് അദ്ദേഹത്തിന്റെ സംരക്ഷണം ഏറ്റെടുത്തത്.

അനന്തമായ ആകാശത്തിന്റെ ചുവട്ടിൽ, അതിർത്തി കാണാത്ത മരുഭൂമിയുടെ മാറിൽ, മുഹമ്മദ്, ഉമ്മയും ഉപ്പയുമില്ലാതെ വളർന്നു. നാട്ടിലെ ദുശ്ശീലങ്ങളിൽനിന്നും, ദുരാചാരങ്ങളിൽനിന്നുമെല്ലാം ആ ബാലൻ അകന്നു ജീവിച്ചു. ജീവിതത്തിൽ ഒരിക്കലും അവൻ കള്ളം പറഞ്ഞില്ല, ആരേയും ദ്രോഹിച്ചില്ല, മാന്യതയ്ക്ക് ചേരാത്തതൊന്നും ചെയ്തുമില്ല. ഈ അസാധാരണ സാഹചര്യങ്ങളിലൂടെ അവന്റെ ബാല കൗമാരങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു.

യുവാവായ മുഹമ്മദിനെ ജനം വിശ്വസ്തനായ മനുഷ്യൻ- അൽഅമീൻ- എന്നു വിളിച്ചു.

തന്റെ ജനത്തിന്റെ അവസ്ഥയും അസ്വസ്ഥതയും മുഹമ്മദിനെ ദുഃഖിതനാക്കി. ദുർവൃത്തികളിൽനിന്നും ദുരാചാരങ്ങളിൽനിന്നുമൊക്കെ സ്വയം മാറിനിന്നതുകൊണ്ടു മാത്രം അദ്ദേഹത്തിന് ആത്മസംതൃപ്തി കൈവന്നില്ല. അചേതനമായ വിഗ്രഹങ്ങൾക്ക് അർച്ചനകളർപ്പിക്കുന്ന അവരുടെ അധമാവസ്ഥയിൽ അദ്ദേഹത്തിന് വെറുപ്പല്ല, അനുകമ്പയാണ് തോന്നിയത്. മുഹമ്മദ് അവരിൽ നിന്നകന്ന്, ധ്യാനത്തിലും പ്രാർത്ഥനയിലും വ്യാപൃതനായി. ഏകാന്തവാസം അദ്ദേഹം ഇഷ്ടപ്പെടുകയും ബഹളങ്ങളിൽനിന്ന് മാറിനിന്ന് ചിന്തയിലും ധ്യാനത്തിലും മുഴുകുകയും ചെയ്തു. അജ്ഞാതമായ എന്തോ ഒന്ന് അദ്ദേഹം തേടുകയായിരുന്നു. എന്താണ് താനന്വേഷിക്കുന്നതെന്ന് മുഹമ്മദിനുതന്നെ അറിയുമായിരുന്നില്ല. ഒടുവിൽ, ഏകാന്തവാസത്തിന് അദ്ദേഹം ഒരിടം കണ്ടെത്തി- ഹിറാഗുഹ. വിശുദ്ധ കഅ്ബയിൽനിന്നും മൂന്ന് കിലോമീറ്റർ വടക്കുള്ള ഒരു ചെറിയ മലയുടെ മുകളിലാണാ ഗുഹ സ്ഥിതി ചെയ്യുന്നത്. നാഗരികതയുടെ ലോകത്തുനിന്ന് വളരെ അകന്ന് വിനീതവും ശാന്തവുമായ ഒരിടം.

ഹിറാഗുഹയിലെ വാസത്തിനിടയിൽ മുഹമ്മദുൽ അമീന് ചില സ്വപ്നദർശനങ്ങളുണ്ടായി. അവ, പ്രപഞ്ച സ്രഷ്ടാവിനെ സംബന്ധിച്ച, അവ്യക്തമെങ്കിലും അവികലമായ ധാരണ വളർത്തുന്നവയായിരുന്നു. അത് അദ്ദേഹത്തിന്റെ ചിന്തയ്ക്ക് ദിശാബോധം നല്കി. മനസ്സിനെ മഥിക്കുന്ന ചിന്തകളും സ്വപ്നദർശനത്തിലെ വസ്തുതകളും എവിടെയോ സന്ധിച്ചുകൊണ്ടിരുന്നു. അത് ഉപവാസത്തിലും ഉപാസനയിലും മുഴുകിയ മുഹമ്മദിന് കൂടുതൽ ആത്മസാന്നിധ്യം നല്കി. അങ്ങനെ പ്രവാചകത്വം ഏറ്റുവാങ്ങുവാൻ പര്യാപ്തമായ മാനസിക പക്വതയും പൂർണ്ണതയും പ്രാപിച്ച നാൽപ്പതാം വയസ്സിൽ, അദ്ദേഹം ദൈവദൂതനായി നിയുക്തനായി. ഗുഹയിലെ ഏകാന്ത നിശ്ശബ്ദതയിൽ നിരക്ഷരനായ മുഹമ്മദിനോട് ജിബ്രീൽ എന്ന മലക്ക് ആവശ്യപ്പെട്ടു,

'വായിക്കുക' മുഹമ്മദ് സവിനയം പ്രതിവചിച്ചു.

'എനിക്ക് വായിക്കാനറിയില്ല..'

മുഹമ്മദ് നിരക്ഷരനായിരുന്നല്ലോ. ജിബ്രീലിലൂടെ ദൈവകല്പന ആവർത്തിക്കപ്പെട്ടു.

"എനിക്ക് വായിക്കാനറിയില്ല..." ഇതേ മറുപടി തന്നെ മുഹമ്മദിൽനിന്നും വീണ്ടുമുണ്ടായി.

ഒടുവിൽ ജിബ്രീൽതന്നെ, വായിക്കേണ്ട വാക്യങ്ങൾ മുഹമ്മദിന് കേൾപ്പിച്ചുകൊടുത്തു.

"സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക, അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചു. വായിക്കുക, നിന്റെ നാഥൻ അത്യുദാരൻ! തൂലികകൊണ്ട് പഠിപ്പിച്ചവൻ! മനുഷ്യനെ അവനറിയാത്തത് പഠിപ്പിച്ചവൻ! (അൽ അലഖ്, 1-5).

അങ്ങനെ പരിശുദ്ധഖുർആനിലെ ആദ്യസൂക്തങ്ങൾ അവതീർണമായി. ഖദീജ നല്കിയ ഭക്ഷണപ്പൊതിയുമായ് പർവതമുകളിലെ ഗുഹയിലേക്ക് പോയ മുഹമ്മദ്, ഹൃദയം നിറയെ ലഭിച്ച ദിവ്യവെളിച്ചവും, കണ്ണുകളിൽ പ്രശോഭിതമായ പുതിയ പ്രഭാതത്തെക്കുറിച്ച പ്രത്യാശയും, ചുണ്ടുകളിൽ വേദവചനങ്ങളുമായി പ്രവാചകനായി തിരിച്ചുവന്നു. തുടർന്ന് 23 വർഷങ്ങളിലൂടെ മുഹമ്മദ് നബി(സ)ക്ക് അവതീർണമായ ദൈവവചനങ്ങളുടെ സമാഹാരമാണ് വിശുദ്ധഖുർആൻ.

ഖുർആനിലെ സൂക്തങ്ങളോരോന്നും അനവദ്യസുന്ദരവും ആലോചനാമൃതവുമാണ്. അത് വായനക്കാർക്ക് ആത്മവീര്യം പകരുന്നു. അജ്ഞത നിറഞ്ഞ മനസ്സിൽ പ്രകാശഗോപുരംപോലെ അത് വെളിച്ചം പകരുന്നു. നന്മയുടെ ആത്മപ്രകാശം പ്രസരിപ്പിച്ച് വിശുദ്ധിയുടെ വഴി അത് തെളിക്കുന്നു.

ദൈവത്തിന്റെ ഭാഷണമാണ് ഖുർആൻ. അതിലൂടെ അല്ലാഹു മനുഷ്യനോട് സംസാരിക്കുന്നു. മനുഷ്യനോടൊപ്പം നിന്ന് അവനോട് സംവദിക്കുന്നു. ഖുർആന്റെ ദിവ്യസാന്നിധ്യമറിയുന്ന വിശ്വാസി അതിന്റെ പാരായണവേളയിൽ ഉള്ളിന്റെയുള്ളിൽ ഈശ്വരശബ്ദം ശ്രവിക്കുന്നു. അക്ഷരത്തിനും അറിവിനും അനൽപമായ പരിഗണന നല്കുന്ന ഈ ഗ്രന്ഥം മനുഷ്യനെ ഒരാചാര്യനെപോലെ ഉപദേശിക്കുന്നു, ഒരു സുഹൃത്തി

നെപോലെ സമാധാനിപ്പിക്കുന്നു, ഒരു ഗുണകാംക്ഷി യെപ്പോലെ സമാശ്വസിപ്പിക്കുന്നു.

ഖുർആനിലെ ഓരോ വാക്കും വാചകവും അല്ലാഹുവിൽ നിന്നുള്ളതാണ്. നിരവധി തലമുറകൾ കൈമാറിയാണ് അത് നമ്മുടെ കൈകളിലെത്തിയത്. ഇന്നോളം അതിൽ ഒരു തരത്തിലുള്ള വെട്ടിച്ചുരുക്കലോ കൂട്ടിച്ചേർക്കലോ മാറ്റിത്തിരുത്തലോ വന്നിട്ടില്ല, ഇനിയൊരിക്കലും വരികയുമില്ല. അല്ലാഹു അതിന്റെ സംരക്ഷണം സ്വയം ഏറ്റെടുത്തിരിക്കുന്നു. അങ്ങനെ, മുഴുവൻ മനുഷ്യനും ദൈവികസന്ദേശം അന്യൂനമായി ലഭിക്കാൻ ഈ ദൈവികഗ്രന്ഥം അവസരമൊരുക്കിയിരിക്കുന്നു.

"ഈ ഖുർആൻ നാം തന്നെ അവതരിപ്പിച്ചതാകുന്നു. നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും" (അൽഹിജ്ർ, 9).

114 അധ്യായങ്ങളുള്ള, ആറായിരത്തിലേറെ സൂക്തങ്ങളുള്ള, എൺപത്താറായിരത്തിലേറെ വാക്കുകളുള്ള ഈ മഹൽഗ്രന്ഥം മുപ്പത് ഭാഗമായും 540 ഖണ്ഡികകളായും വിഭജിക്കപ്പെട്ടിരിക്കുന്നു.

ഈ മഹൽഗ്രന്ഥത്തിന്റെ ആദ്യത്തെ ഖണ്ഡികയാണ് സൂറഃഫാത്തിഹ. ഈ സൂറഃഫാത്തിഹയുടെ ആശയം, കവിതാരൂപത്തിൽ എഴുതിയതാണ് ഞാൻ ലേഖനത്തിന്റെ ആദ്യഭാഗത്ത് കേൾപ്പിച്ച 'ആരൊരാൾവിധി...'

ഓർമ്മയുടെ വാടിപ്പോയ ദളങ്ങളിലെ നിറംമങ്ങിയ ആ വരികൾ, കാലപ്പഴക്കംകൊണ്ട് ദ്രവിച്ചുതുടങ്ങിയ അച്ചടിക്കടലാസ്സിൽനിന്നും പകർത്തിയെടുത്ത്, വായനക്കാർക്കായി ഞാനിവിടെ സമർപ്പിക്കുന്നു. നമ്മുടെ കുട്ടികൾ മനോഹരമായ ഈ ഫാത്തിഹാഗാനം വായിക്കട്ടെ, പാടിപ്പഠിക്കട്ടെ; അതുകേട്ട് നമുക്കും ആനന്ദിക്കാം.

അക്ഷരം എന്നാൽ, 'ക്ഷരം' ഇല്ലാത്തത്, നാശം ഇല്ലാത്തത് എന്നാണർത്ഥം. അവയ്ക്ക് മരണമില്ല. അച്ചടിക്കടലാസ് ദ്രവിച്ചുപോയിട്ടും, സൂറഃഫാത്തിഹയുടെ അർത്ഥമുണർത്തുന്ന ഈ 'അക്ഷരക്കൂട്ടം' ഭക്തിനിർഭരമായ ഒരു ഉണർത്തുപാട്ടിന്റെ മങ്ങാത്ത ശീലുകൾ നമ്മെ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു.

ഏഴു പതിറ്റാണ്ടു മുമ്പേ സത്യദൂതനിൽവന്ന ആ കവിത നമുക്കിവിടെ പൂർണ്ണമായി വായിക്കാം.

മംഗളപ്രാർത്ഥന
(ഫാത്തിഹയുടെ തർജമ)
ആരൊരാൾവിധി നാളിന്റെ കർത്തൃത്വം
ആരിലും സമർപ്പിക്കാതെ സർവ്വഥാ
ന്യായമായവകാശ സർവ്വസ്വത്തിൻ
നായകനായി ലാലസിച്ചീടുന്നു.
അകൃപാനിധി അല്ലാഹുത്തമ്പുരാൻ
ദുഷ്കൃതാന്തകൻ പാവനൻ പാലകൻ
ഇത്ഥമുള്ളൊരു സംസ്തുതി വാക്യങ്ങൾ-
ക്കുത്തമപാത്രവാനായ ദൈവമേ!
ആരാധിക്കുന്നു നിന്നെയീ സാധുക്കൾ
ആരായുന്നു സഹായവും നിന്നിൽതാൻ
നേർവഴിയിൽ സ്ഥിരതയുണ്ടാക്കി നീ
സാവധാനം നയിക്കണേ ഞങ്ങളെ
താവക പാരിതോഷികസിദ്ധരായ്
പാവന കൃപാപാത്രരായ് തീർന്നവർ
യാനം ചെയ്യും വഴിയ്ക്ക് നീ ഞങ്ങളെ
ആനയിക്കണെ കാരുണ്യവാരിധെ!
മാർഗ്ഗഭ്രംശം നിമിത്തം പിഴച്ചവർ
നിന്റെ സന്നിധി ചേരാത്ത മാനവർ
സഞ്ചരിക്കും വഴിയിൽ നീ ഞങ്ങളെ
രക്ഷിയ്ക്കേണമേ ദേവ ദയാനിധേ!
നന്മ ചെയ്യുവാൻ ഞങ്ങൾക്ക് സർവ്വഥാ
സന്മനസ്സ് ഭവിയ്ക്കുമാറാകണം
അല്ലാഹു! തമ്പുരാനെ! കൃപാകരാ
സർവ്വലോകേശ! നിത്യം നമോസ്തുതെ.

*5-ൽ നിന്ന്*

വാൾമുന കാട്ടി പ്രചരിപ്പിക്കുന്ന ഒരു യോധൃമഹ്ദി വെളിപ്പെടുമെന്ന് ഇക്കാലത്തെ ചില ആലിംകൾ പ്രചരിപ്പിക്കുന്ന വിശ്വാസങ്ങൾ ഖുർആന്റെ പാഠങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും അത്യാർത്തിയുടേയും സ്വാർത്ഥവിചാരത്തിന്റേയും ഫലമായിട്ടുള്ളതും ആണെന്ന് ഞാൻ മുകളിൽ വ്യക്തമാക്കിക്കഴിഞ്ഞു. ആകയാൽ, നേർക്കുനേരെ ചിന്തിക്കുന്ന, സത്യസ്നേഹിയായ ഒരു മുസ്‌ലിമിനു ഇത്തരം വിശ്വാസങ്ങളും ആശയങ്ങളും ഉപേക്ഷിക്കാൻ ഖുർആൻ ശ്രദ്ധാപൂർവ്വം വായിക്കുകയും, ഇസ്‌ലാമിലേക്ക് ഒരാളെ മാർഗ്ഗം കൂട്ടുന്നതിന് കൊല്ലുമെന്ന ഭീഷണി പ്രയോഗിക്കുന്നത് ദിവ്യവചനങ്ങൾക്ക് തികച്ചും എതിരായിട്ടുള്ളതാണെന്ന് ചിന്തിച്ചറിയുകയും മാത്രമേ വേണ്ടൂ. ഈ തെറ്റായ ആശയങ്ങളെ ഖണ്ഡിക്കുന്നതിന് ഈ ഒരൊറ്റ വാദഗതി മതിയാകും. എന്നാലും ഈ സഹാനുഭൂതി കാരണമായിത്തന്നെ, മേൽപറഞ്ഞ ആശയങ്ങളെ ചരിത്രത്തിൽനിന്നും മറ്റുമുള്ള വ്യക്തമായ അനുകൂല തെളിവുകൾ മുഖേന ഖണ്ഡിച്ചുകാട്ടാൻ ഞാൻ നിശ്ചയിച്ചിരിക്കുകയാണ് (*മസീഹ് ഹിന്ദുസ്ഥാൻ മെ*).

ലേഖനം

അബൂസ്വബാഹ്

# ഹദ്റത്ത് സയ്യിദ ആയിശബാനു സാഹിബ(റ.അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രമുഖ സ്വഹാബിയും പണ്ഡിതശ്രേഷ്ഠനും സൂഫിവര്യനുമായിരുന്ന ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ്നയ്യർ(റ)ന്റെ ഒന്നാമത്തെ ഭാര്യയായിരുന്നു ഹദ്റത്ത് സയ്യിദ ആയിശബാനു സാഹിബ(റ.അ).

ജനനവർഷം കൃത്യമായി രേഖപ്പെട്ടിട്ടില്ലെങ്കിലും ലഭ്യമായ വിവരങ്ങളിൽനിന്ന് മനസ്സിലാകുന്നത്, 1886 -ലാണ് സയ്യിദ സാഹിബ ജനിച്ചതെന്നാണ്. പിതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശ്രുത സ്വഹാബിയായിരുന്ന ബറേൽവി സ്വദേശി ഹദ്റത്ത് സയ്യിദ് അസീസുർ റഹ്മാൻ സാഹിബ്(റ) ആണ്.

സയ്യിദ് സാഹിബിന് അഹ്മദിയ്യത്ത് സ്വീരിച്ച കാരണത്താൽ നാട്ടുകാരിൽനിന്ന് ഒരുപാട് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. വഴിനടക്കുന്നതും, വെള്ളമെടുക്കുന്നതുപോലും തടയപ്പെട്ടു. മില്ലുകാരൻ ധാന്യം പൊടിക്കാനും വിസമ്മതിച്ചു.

ഒരിക്കൽ സയ്യിദ് സാഹിബ് നിറകണ്ണുകളുമായി ഇങ്ങനെ പറഞ്ഞു. "ഉമ്മയും മകളും സ്വന്തമായാണ് ധാന്യം പൊടിച്ചിരുന്നത്. എന്റെ ആയിശ (അന്ന് 13 വയസ്സായിരുന്നു)യുടെ കൈകളിൽ മുറിവും തഴമ്പും വന്നിരുന്നു...."

**ഉപ്പ ഹിന്ദുവായിരുന്നു, ഇപ്പോൾ മുസ്‌ലിമായി!**

ഹദ്റത്ത് സയ്യിദ് സാഹിബ് ബയ്അത്ത് ചെയ്യുമ്പോൾ ആയിശ സാഹിബയ്ക്ക് മൂന്ന് വയസ്സായിരുന്നു പ്രായം. താൻ ബയ്അത്ത് ചെയ്തതിൽ ഭാര്യ എങ്ങനെ പ്രതികരിക്കുമെന്നതിനെക്കുറിച്ച് സയ്യിദ് സാഹിബിന് ആശങ്കയുണ്ടായിരുന്നു. വീട്ടിലെത്തിയപ്പോൾ 3 വയസ്സുള്ള ആയിശ ചുമരിൽനോക്കി എന്തൊക്കെയോ പറയുന്നതാണ് കേട്ടത്. അതോടൊപ്പം, 'എന്റെ ഉപ്പ ഇതുവരെ ഹിന്ദുവായിരുന്നു, ഇപ്പോൾ മുസ്‌ലിമായി' എന്നും പറഞ്ഞു. ഇതുകേട്ട സയ്യിദ് സാഹിബിന്റെ ഭാര്യ തന്റെ ബയ്അത്തും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയക്കണമെന്ന് സ്വയം ആവശ്യപ്പെടുകയായിരുന്നു.

**'ബുർഖ പുതക്കുന്നവൾ'**

മാതാവുമൊന്നിച്ച് കൊച്ചുആയിശ കൂടെക്കൂടെ ഖാദിയാനിൽ പോയിരുന്നു. നാണംകുണുങ്ങിയായിരുന്ന ആയിശബാനു ബുർഖ ധരിച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ പോയിരുന്നത്. അതുകൊണ്ടുതന്നെ 'ബുർഖ പുതക്കുന്നവൾ' എന്നാണ് ഹുസൂർ(അ) അവരെ വിളിച്ചിരുന്നത്.

സയ്യിദ് സാഹിബിന്റെ 4 പെൺമക്കളിൽ ഏറ്റവും ചെറിയ മകളായിരുന്നു ആയിശബാനു സാഹിബ. മകളെ ഖാദിയാനിൽ വിവാഹം ചെയ്യിക്കാൻ അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഖാദിയാനിൽ പോകാൻ മകളും ദുആ ചെയ്തിരുന്നു.

ആയിടെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സയ്യിദ് സാഹിബിനോട് നയ്യർ സാഹിബുമായുള്ള വിവാഹ അന്വേഷണം നടത്തുന്നത്. ഹുസൂർ കത്തെഴുതി ചോദിച്ചു: "നിങ്ങൾ സയ്യിദ് കുടുംബമാണ്. അതുകൊണ്ട് സയ്യിദ് കുടുംബത്തിലെ പയ്യൻ തന്നെവേണമെന്നുണ്ടോ?"

ആ സ്വഹാബിവര്യൻ ഹുസൂറിന് മറുപടിയിൽ ഇങ്ങനെ എഴുതി: "അങ്ങയുടെ അധ്യാപനം, ബയ്അത്തിനുശേഷം നാടോടിയും സയ്യിദുമൊക്കെ ഒരേ ഉദരത്തിൽനിന്ന് വന്നവരെപ്പോലെയാകുന്നുവെന്നാണ്. ആയതിനാൽ അങ്ങ് എവിടെ നിർദ്ദേശിച്ചാലും, അത് എത്ര മോശക്കാരനായ ആളാണെങ്കിലും ഞാൻ മകളെ വിവാഹം ചെയ്തുകൊടുക്കും. എനിക്ക് എതിരഭിപ്രായമൊന്നുമുണ്ടാകില്ല."

തുടർന്ന് 1905-ൽ ഹുസൂർ(അ)ന്റെ നിർദ്ദേശപ്രകാരം ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ(റ)യുമായി ഹദ്റത്ത് ആയിശബാനു സാഹിബയുടെ വിവാഹം നടന്നു. വിവാഹ സംഘത്തിൽ നയ്യർ സാഹിബിനെ കൂടാതെ, ഹദ്റത്ത് മൗലാനാ സയ്യിദ് സർവർശാഹ് സാഹിബും, മറ്റുരണ്ടുപേരും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഹദ്റത്ത് നയ്യർ സാഹിബ് പറയുന്നു: "അന്നെനിക്ക് 20 രൂപയായിരുന്നു ശമ്പളം. നൂറു രൂപ ഞാൻ അഞ്ചുമനിൽനിന്ന് കടമെടുത്തിരുന്നു. 50 രൂപ യാത്രാ ചെലവുകൾക്ക് വേണ്ടിവന്നു. ബാക്കി 50 രൂപ സയ്യിദ് സാഹിബിന് അയച്ചുകൊടുത്തിട്ട് മകൾക്ക് എന്തെങ്കിലും ഉണ്ടാക്കാൻ ആവശ്യപ്പെട്ടു. എന്റെ വീട്ടിൽ ഒന്നും ഇല്ലായിരുന്നു. വീടിന്റെ അന്തസ്സ് വിശ്വാസിയായ ഒരു മനുഷ്യൻ മാത്രമാണ്..."

"....ഞാൻ ഒരിക്കൽ രോഗിയായി. ശക്തമായ ചുമയുണ്ടായിരുന്നു. ചുമച്ച് ചുമച്ച് ഛർദ്ദിവന്നു. വീട്ടിലെ വേലക്കാരി അതെടുത്തുമാറ്റാൻ വിമ്മിട്ടം കാട്ടുന്നത് ആയിശ കാണാനിടവന്നു. വിവാഹത്തിന്റെ മൂന്നാം ദിവസമാണ്. അവർ എന്നോട് പറഞ്ഞു. എനിക്കിത് പുതുദിവസങ്ങളാണ്. പക്ഷേ വേലക്കാരി വെറുപ്പോടെ കാണുന്നത് എനിക്ക് സഹിക്കാൻ കഴിയുന്നില്ല. ഞാൻ

സ്വയം എടുത്തുകളയാം..." വളരെ ആത്മാർത്ഥമായി, രോഗിയായ എന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. പിതാവ് കൊടുത്ത ആഭരണം വിറ്റ് എനിക്ക് ഭക്ഷണം തന്നു. ആറുവർഷം ഞാൻ ഇന്ത്യയ്ക്ക് വെളിയിലായിരുന്നപ്പോൾ, ക്ഷമയോടും സഹനത്തോടും സ്ഥിരചിത്തതയോടുംകൂടി ജീവിച്ചു. മക്കളെ പരിപാലിക്കുകയും പഠിപ്പിക്കുകയും ചെയ്തു. മൂത്തമകൾ 'മൗലവി' ഡിഗ്രിവരെ പഠിച്ചു. ചെറിയ മകൾ 10-ാം ക്ലാസ്സ് പാസായി. എന്റെ തബ്ലീഗ് സേവനത്തിൽ ഭാര്യയുടെ പരിശുദ്ധസഹകരണത്തിനും ഒരുവലിയ പങ്കുണ്ട്."

**കരഞ്ഞില്ലെങ്കിൽ കണ്ണുകളെന്തിന്?**

ഹദ്റത്ത് നയ്യർ സാഹിബ്(റ) പറയുന്നു: മർഹൂമക്ക് അല്ലാഹുവിൽ ഉണ്ടായിരുന്ന അടിയുറച്ച വിശ്വാസം അസൂയാവഹമായിരുന്നു. ബുദ്ധിമുട്ടുകളിൽ പറയും: ഞാൻ ദുആ ചെയ്യാം, ബുദ്ധിമുട്ടുകൾ തീർച്ചയായും മാറും. എന്ത് പ്രയാസത്തിലും എഴുന്നേറ്റ് 'വുളു' ചെയ്ത് മുസ്വല്ല വിരിച്ച് കരഞ്ഞുകരഞ്ഞ് ദുആ ചെയ്തിരുന്നു. ചിലസമയം സജദാസ്ഥാനം കണ്ണീരിൽ കുതിർന്നിരുന്നു. നമസ്കാരത്തിൽ കരച്ചിൽ വന്നില്ലെങ്കിൽ അക്കാര്യത്തിൽ ഏറെ വേവലാതിപ്പെടുമായിരുന്നു.

**'എങ്കിൽ എനിക്ക് ത്വലാഖ് നല്കുകയാണ് നല്ലത്'**

"ഖിലാഫത്തിൽ അവർക്ക് അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. ലാഹോർ വിഭാഗക്കാർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കാലത്ത് എതിർപ്പുകൾ പ്രകടിപ്പിച്ചിരുന്നു. ഞാനതിൽ പ്രഭാവിതനായെന്ന് കണ്ട അവർ, എന്റെ മാതാപിതാക്കളുടെ മുന്നിൽവെച്ച് എന്നോട് പറഞ്ഞു. 'നിങ്ങൾ, ഹദ്റത്ത് മൗലവി സാഹിബിനെ (ഹദ്റത്ത് ഖലീഫ അവ്വൽ(റ)) എതിർക്കുകയാണെങ്കിൽ എനിക്ക് ത്വലാഖ് നല്കുകയാണ് നല്ലത്..."

**ഇബാദത്തുകൾ**

നമസ്കാരം, നോമ്പ്, ദാനധർമ്മം എന്നിവയിൽ ഹദ്റത്ത് സയ്യിദ സാഹിബയുടെ മാതൃക അനുപമമാണ്. അവാസന റമദാനിൽ മുഴുവൻ നോമ്പും എടുത്തിരുന്നു. റമദാന്റെ അവസാനത്തിലുള്ള സമൂഹ ദുആയിലും ഭാഗഭാക്കായി. വിശുദ്ധഖുർആൻ മുഴുവൻ ഓതിത്തീർത്തു. മരണത്തിന് മുമ്പ് ഓതി അടയാളം വെച്ചിരുന്നത് 18-ാം ജുസുഅ്ന്റെ അവസാനത്തിലായിരുന്നു. ബുദ്ധിമുട്ടുകളുണ്ടായാലും സ്വപ്നങ്ങൾ കണ്ടാലും പ്രത്യേകമായി ദാനധർമ്മങ്ങൾ ചെയ്തിരുന്നു.

**മലക്കുൽമൗത്ത് നിങ്ങൾക്ക് മരണം നല്കുന്നു!**

സയ്യിദ സാഹിബ വലിയ പണ്ഡിതയൊന്നുമല്ലായിരുന്നു. പക്ഷേ, ജമാഅത്തിന്റെ പത്രമാസികകൾ പാരായണം ചെയ്യുന്നതിൽ പ്രത്യേകം താല്പര്യം കാട്ടിയിരുന്നു. വിശുദ്ധഖുർആന്റെ പുതുതായി ഇറങ്ങുന്ന തർജ്ജമയും തഫ്സീറും തീർച്ചയായും വാങ്ങിവായിച്ചിരുന്നു. ഹജ്ജ് ചെയ്യാൻ വലിയ ആഗ്രഹമായിരുന്നു. അതിനുവേണ്ടി, നിർദ്ദേശങ്ങളടങ്ങിയ പുസ്തകവും വായിച്ചിരുന്നു. ഹജ്ജിൽ തബ്ലീഗിന് അവസരം കിട്ടുമെന്ന പ്രതീക്ഷയിൽ റിവ്യൂ ഓഫ് റിലീജിയൻസ് (ഉർദു) പ്രത്യേകം വായിച്ചിരുന്നു. സൃഷ്ടി സംബന്ധിച്ച 'ഹദ്‌യ്യത്തുൽ അർവാഹ്' എന്ന പുസ്തകത്തിന്റെ ഉർദു തർജമ 'തുഹ്ഫത്തുൽ ഖുലൂബ്' ആണ് അവസാനം വായിച്ചത്. അതിലെ '***ഖുൽ യതഫ്ഫാക്കും മലക്കുൽ മൗത്ത്***' (പറയുക മലക്കുൽ മൗത്ത് നിങ്ങൾക്ക് മരണം നല്കുന്നു) എന്ന ഭാഗം വരെ മാത്രമേ വായിച്ചിരുന്നുള്ളൂ. അതിന്റെ ജീവൽവ്യാഖ്യാനമായി അവർ നിര്യാതയായി.

ഖുർആൻ, ഹദീസ് സംബന്ധമായ സംസാരങ്ങളിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞ കാര്യങ്ങൾ ഓർമ്മയോടെ ഉദ്ധരിച്ചിരുന്നു.

**അൽവസിയ്യത്തിലെ നിബന്ധനകൾ പൂർത്തിയാക്കാൻ ശ്രമിച്ചു**

മരണത്തിനുമുമ്പേ ഹുസൂർ(അ)ന്റെ 'ശഹാദത്തുൽ ഖുർആൻ' എന്ന ഗ്രന്ഥം അവസാനവട്ടം വായിച്ചു തീർത്തിരുന്നു. മാത്രമല്ല, അന്ത്യനാളുകളിൽ 'അൽവസിയ്യത്ത്' കൂടെക്കൂടെ വായിക്കാറുണ്ടായിരുന്നു. ഒരിക്കൽ അവർ പറഞ്ഞു: "ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ നിബന്ധനകൾ മുഴുവനും പ്രാവർത്തികമാക്കാൻ ഞാൻ പൂർണമായും ശ്രമിച്ചിട്ടുണ്ട്."

**അല്ലാഹുവുമായി കച്ചവടം നടത്തി!**

ത്യാഗത്തിന്റെ കാര്യത്തിലും പരേത പ്രത്യേകം സ്മരണീയയാണ്. സാധുക്കളെ സഹായിക്കുന്നതിലും ജമാഅത്തിന്റെ ആവശ്യങ്ങളിൽ ഭാഗഭാക്കാകുന്നതിലും പ്രത്യേകം ശുഷ്കാന്തി കാണിച്ചിരുന്നു.

നയ്യർ സാഹിബ് പറയുന്നു: "ഒരിക്കൽ ഞാൻ പരേതയ്ക്ക് കമ്മലുകളുണ്ടാക്കിക്കൊടുത്തു. കുറച്ചു ദിവസം കഴിഞ്ഞ് നോക്കുമ്പോൾ അവ കാണുന്നില്ല. ഞാൻ ചോദിച്ചു, കമ്മലുകൾ എവിടെ? അവർ പറഞ്ഞു: "അല്ലാഹുവുമായി കച്ചവടം നടത്തി." കൂടുതൽ ചോദിച്ചപ്പോൾ പറഞ്ഞു ലണ്ടൻ മിഷനുവേണ്ടി ചന്ദയുടെ വിളംബരം വന്നിരുന്നു. ഞാനത് അതിലേക്ക് കൊടുത്തു.

**ബീബി! ഞാൻ വലിയ പ്രതീക്ഷയോടെയാണ് വന്നത്**

സയ്യിദ് സാഹിബ് പറയുന്നു: "ഒരിക്കൽ ഞാൻ ഡൽഹൗസിയിലേക്ക് പോകുമ്പോൾ അത്യാവശ്യ ചെലവുകൾക്കുവേണ്ടി അഞ്ചുരൂപ കടംവാങ്ങി ഭാര്യയെ ഏല്പിച്ചിരുന്നു. ഒരു വൃദ്ധ വന്ന് ഭാര്യയോട് അഞ്ചുരൂപ ചോദിച്ചു. പക്ഷേ, കൈവശമുള്ള അഞ്ചുരൂപയുടെ നിജസ്ഥിതി അറിയാവുന്ന പരേത ഒരുപാട് ഒഴികഴിവ് പറഞ്ഞു. തന്റെ ആവശ്യം പൂർത്തിയാകുന്നില്ലെന്ന് കണ്ടപ്പോൾ ആ വൃദ്ധ പറഞ്ഞു: "ബീബി, ഞാൻ വലിയ പ്രതീക്ഷയോടെയാണ് നിങ്ങളുടെയടുത്ത് വന്നത്."

ഭാര്യയെന്നോട് പറയുകയാണ് ആ വൃദ്ധയുടെ വാക്കുകൾ എന്റെ എല്ലാ ആവശ്യങ്ങളേയും മറപ്പിച്ചുകളഞ്ഞു. ഞാൻ ആ അഞ്ചുരൂപ വൃദ്ധയ്ക്ക് നല്കിക്കൊണ്ട് ദുആ ചെയ്തു.

"അല്ലാഹുവേ! ഞാനൊരു ആവശ്യക്കാരിയുടെ ബുദ്ധിമുട്ടകറ്റിയിരിക്കുന്നു. നീതന്നെ എന്റെ ബുദ്ധിമുട്ട് അകറ്റിത്തരേണമേ."

അടുത്തദിവസം വീട്ടുവേലക്കാരി സാധനങ്ങൾ വാങ്ങാൻ പൈസ ചോദിച്ചപ്പോൾ ഞാൻ എന്തുപറയണമെന്നറിയാതെ വിഷമിക്കുകയായിരുന്നു. അപ്പോൾ വീടിന്റെ വാതിലിൽ ആരോ മുട്ടുന്നതുപോലെ തോന്നി. നോക്കിയപ്പോൾ പോസ്റ്റുമാനാണ്. അഞ്ചുരൂപയുടെ മണിയോർഡർ അയാൾ കൊണ്ടുവന്നിരിക്കുന്നു. ഇറാനിൽനിന്ന് ഡോക്ടർ മുഹമ്മദ് ഹുസൈൻ സാഹിബ് ആരിഫ് അയച്ചതായിരുന്നു. ഞാനത് ഒപ്പിട്ടുവാങ്ങി.

**ഞാൻ താങ്കൾക്ക് മുമ്പേ ഈ ലോകത്തിൽനിന്ന് പോകും**

ഞാൻ ഹൈദരാബാദിലേക്കു പോകുംമുമ്പേ എന്നോട് പറഞ്ഞു: "ഞാൻ ദുആ ചെയ്തിട്ടുണ്ട്. അത് റമദാനിൽ സാധ്യമല്ല. ഞാൻ താങ്കൾക്ക് മുമ്പേ ഇവിടെനിന്നുപോകും."

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സ്വപ്നം**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി അൽമുസ്‌ലിഹ് മൗഊദ്(റ) ഒരു സ്വപ്നം കണ്ടിരുന്നു. ഹുസൂർ(റ) ഈദ്ഗാഹിൽനിന്ന് തന്റെ വാഹനത്തിൽ വരുമ്പോൾ വഴിയിൽ കറുത്ത ബുർഖയും, മുത്തുകളുടെ നിറമുള്ള ബുർഖയും ധരിച്ച രണ്ട് സ്ത്രീകൾ വഴിയിൽ നില്ക്കുന്നു. മുത്തുകളുടെ നിറമുള്ള ബുർഖ ധരിച്ച സ്ത്രീ, മരണസമയത്ത് തെറ്റുകൾക്ക് മാപ്പപേക്ഷിക്കുന്നതുപോലെ സംസാരിച്ചിരുന്നു. ഹുസൂർ സ്നേഹപൂർവ്വം മറുപടിയും നല്കി. ഹുസൂർ പറയുന്നു: "ആ സ്ത്രീ ആയിശബാനു ആയിരുന്നു."

**ആ ദിവസവും വന്നെത്തി**

മൗലാനാ നയ്യർ സാഹിബ് ഹൈദരാബാദിലായിരുന്നു. സന്ദേശം കിട്ടിയതിനെ തുടർന്ന് ഉടൻ ഖാദിയാനിലെത്തി. മയ്യിത്ത് എടുത്തപ്പോൾ ഹൂസൂറും ഏറ്റാൻകൂടി. ബിഹിശ്തി മഖ്ബറയിൽ സ്വഹാബാക്കളുടെ ജനാസ അടക്കുന്നിടത്തുതന്നെയാണ് അവരേയും ഖബറടക്കിയത്.

മൗലാനാ സാഹിബ് പറയുന്നു: 1933 മാർച്ച് 31-ന് എന്റെ ജീവിതസഖി, ആയിശബാനു, 27 വർഷത്തെ കൂറും സ്നേഹമസൃണവുമായ സൗഹൃദത്തിനു ശേഷം വഫാത്തായി.

**ഹജ്ജ് ചെയ്യാൻ വന്നതാണ്**

മൗലാനാ സാഹിബ് പറയുന്നു: ഈദ് ഖുത്ബക്കിടയിൽ എനിക്കൊരു മയക്കം അനുഭവപ്പെട്ടു. അപ്പോൾ മർഹൂമ ദർശനത്തിൽവന്ന് എന്നോടു പറഞ്ഞു. "ഞാൻ ഹജ്ജ് ചെയ്യാൻ വന്നതാണ്. അല്ലാഹു ദുൽഹജ്ജ്, ജുമുഅ ദിവസം എന്നെ തിരിച്ചുവിളിച്ചു കൊണ്ട് എന്റെ ആഗ്രഹം പൂർത്തിയാക്കിയിരിക്കുന്നു.''

''ആസ്മാൻ തുർബത്ത്പെ തേരീ ശബ്നം അഫ്ശാനികരെ" (ആകാശം നിന്റെ ഖബ്റിൽ ശബ്നം പൊഴിക്കട്ടെ).

**ഇനി പാതിരാത്രിയുടെ ദുആകളിൽ എന്നെ ആര് ഓർക്കും?**

മൗലാനാ നയ്യർ സാഹിബ് മർഹൂമയുടെ അനുസ്മരണത്തിന്റെ അവസാനത്തിൽ ഏതാനും ഈരടികൾ ഓർക്കുന്നുണ്ട്.

കിസ്കോ അബ് ഹോഗാ വത്വൻമേം ആഹ് മേരാ ഇൻതിസാർ
കോൻ മേരാ ഖത്ത്ന ആനേസേ രഹേഗാ ബേഖറാർ
ഖാകെ മർഖദ് പർ തേരീ, ലേകർയെ ഫർയാദ് ആഊംഗാ
അബ് ദുആയെ നീമെ ശബ്മേ കിസ്കോ മേ യാദ് ആഊംഗാ

(ഇനി നാട്ടിൽ എന്നെ ആര് പ്രതീക്ഷിച്ചിരിക്കാനാണ്, എന്റെ കത്ത് വരാത്തതിൽ ആർക്ക് വേവലാതി ഉണ്ടാകാൻ, നിന്റെ അന്ത്യവിശ്രമസ്ഥലത്ത് ഞാനീ രോദനവുമായി വരും, ഇനി പാതിരാത്രിയുടെ ദുആകളിൽ എന്നെ ആര് ഓർക്കാൻ!)

**മക്കൾ**

മൂന്ന് പെൺമക്കളും മൂന്ന് ആൺമക്കളും ജനിച്ചെങ്കിലും രണ്ട് പെൺമക്കൾ മാത്രമേ ജീവിച്ചിരുന്നുള്ളൂ. ഒന്നാമത്തെ മകളുടെ വിവാഹം മർഹൂമയുടെ ജീവിതകാലത്തുതന്നെ നടന്നു. രണ്ടാമത്തെ മകളുടെ വീട്ടുകൂടൽ ചടങ്ങ് നടക്കാനിരിക്കേയായിരുന്നു മരണം. (*അവലംബം: നയ്യറെ അഹ്മദിയ്യത്ത്*) ●

---

*19-ൽ നിന്ന്*

**ചരമദിനം**

ഹദ്റത്ത് ഇമാം ഹസൻ രിവായത്ത് ചെയ്യുന്നു. "റമദാൻ 17-ന്റെ രാത്രിയിൽ ഹദ്റത്ത് ഈസാ(അ) ചരമം പ്രാപിച്ച അതേസമയത്താണ് എന്റെ പിതാവ് ഹദ്റത്ത് അലി(റ) ചരമം പ്രാപിച്ചത്" (*അൽത്വബ്ക്കാത്തുൽ കുബ്റ, വാള്യം-3, പേ-28*).

ലോകത്ത് നിരവധി പ്രവാചകന്മാർ കടന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ, അവരുടെയൊന്നും വയസ്സും, ചരമദിവസവും, ഖബ്റിനെ സംബന്ധിച്ച വിവരവും നമുക്കറിയാൻ കഴിയുന്നില്ല. എന്നാൽ, ഈസാ(അ)ന്റെ വയസ്സിന്റെ കാര്യത്തിലും വഫാത്തിന്റെ കാര്യത്തിലും ഒരുപാട് സംവാദങ്ങൾ നടക്കുന്നുണ്ട്.

മേൽവിവരിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് ഈസാ(അ)ന്റെ വയസ്സ് 120 ആണെന്നും റമദാൻ മാസം 17-നാണ് അദ്ദേഹം ചരമം പ്രാപിച്ചതെന്നും കശ്മീരിൽ ചരമം പ്രാപിച്ച അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലാണെന്നും മനസ്സിലാകുന്നു. ശ്രീനഗറിലെ അദ്ദേഹത്തിന്റേതായി ചൂണ്ടിക്കാണിക്കപ്പെടുന്ന ഖബ്ർ മുസ്‌ലിംകളുടെ ഖബർ പോലെയല്ല ഉള്ളത്. മറിച്ച്, അതൊരു യഹൂദ ഖബ്ർ പോലെയാണുള്ളത്.

ലോകം യഥാർത്ഥസത്യം തിരിച്ചറിയാൻ അല്ലാഹു സഹായിക്കട്ടെ.

*അത്താഉൽ മുജീബ് റാശിദ്, ലണ്ടൻപള്ളി ഇമാം*

# അഞ്ചാം ഖിലാഫത്തിനെ സംബന്ധിച്ച് മുൻകൂട്ടി അറിയിച്ച സ്വപ്നങ്ങൾ - 3

(തിരഞ്ഞെടുപ്പിന് മുമ്പുകണ്ട ദർശനങ്ങൾ)

***2005 ഡിസംബറിൽ ജൽസാ സാലാന സ്പെഷ്യൽ പതിപ്പായി ഇറങ്ങിയ ബദ്ർ വാരികയിൽ എഴുതിയ ലേഖനത്തിന്റെ പരിഭാഷ (ഇംഗ്ലീഷിൽനിന്ന്)***

22

ടോപിയിലെ സുബേദാർ അബ്ദുൽ ഗഫൂർഖാന്റെ മകൻ റ്റി. ശേഖർ അലിഖാൻ(യു.എസ്.എ) 2005 ജൂൺ 24 ാം തിയ്യതിയിലെ തന്റെ കത്തിൽ ഹുസൂറിന് എഴുതുന്നു:

''ഹുസൂറിന്റെ ഖിലാഫത്തിനെ സംബന്ധിച്ച സുവാർത്ത അല്ലാഹു താൻ തന്നെയാണ് എനിക്ക് അറിയിച്ചു തന്നത്. തിരഞ്ഞെടുപ്പിന് കുറച്ചു മുമ്പ് ഞാൻ മൂന്ന് തവണ മയക്കത്തിലായി. ആദ്യത്തെ തവണ ഉണർന്നപ്പോൾ ഞാൻ മസ്റൂർ അഹ്മദ് എന്ന് പറയുകയായിരുന്നു. രണ്ടാമത്തെ പ്രാവശ്യം മിർസാ മസ്റൂർ അഹ്മദ് എന്ന് ഞാൻ പറഞ്ഞു. മൂന്നാമത്തെ തവണ മിർസാ മസ്റൂർ അഹ്മദ് സിന്ദാബാദ് എന്ന് ഞാൻ പറഞ്ഞു. ഇത് അല്ലാഹുവിന്റെ ഇച്ഛപ്രകാരമായിരുന്നുവെന്നല്ലാതെ ഇതിന് മറ്റൊരു വിശദീകരണവുമില്ല. ഖിലാഫത്തിന് മുമ്പ് ഞാൻ താങ്കളെ കണ്ടു മുട്ടിയിരുന്നുമില്ല. താങ്കളെക്കുറിച്ച് സ്മരിക്കാൻ എനിക്ക് താങ്കളുമായി പറയത്തക്ക ബന്ധമുണ്ടായിരുന്നില്ല. തിരഞ്ഞെടുപ്പിനു മുമ്പ് അല്ലാഹു ആശംസകളർപ്പിക്കുകയായിരുന്നു. ഇത് എന്തെങ്കിലും സംശയത്തെ നിരാകരിക്കലുമായിരുന്നു.''

23

ഹോളണ്ടിലെ മിഷ്യനറി ഇൻചാർജ്ജ് മി. നയീം അഹ്മദ് വറൈക്ക് 2005 ജൂൺ 2 ലെ തന്റെ കത്തിൽ ഹുസൂറിന് എഴുതുന്നു:

''തിരഞ്ഞെടുപ്പിന് ഒരു ദിവസം മുമ്പ് ഫജ്ർ നമസ്കാരത്തിനു ശേഷം ഞാൻ കിടന്നു. അപ്പോൾ താഴെ പറയുന്ന അവിസ്മരണീയമായ ഒരു ദർശനം എന്റെ കണ്ണുകൾക്ക് മുന്നിൽ ദൃശ്യമായി. ഹുസൂറും മി. സെയ്ദ് വാലിദ് അഹ്മദ്ഷായും ഒരുമിച്ച് നിൽക്കുകയാണ്. അപ്പോൾ ആകാശത്തു നിന്ന് വെളുത്ത പ്രകാശത്തിന്റെ ഒരു രശ്മി ഇറങ്ങി വന്ന് ഹുസൂറിന്റെ മുഖം പ്രകാശമാനമാക്കി. അതിനു ശേഷം അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫ മിർസാ മസ്റൂർ അഹ്മദ് ആയിരിക്കുമെന്ന് എനിക്ക് ബോധ്യപ്പെട്ടു. ആകാശത്തുനിന്ന് ഇറങ്ങുന്നതായി ഞാൻ കണ്ട അതേ പ്രകാശം തന്നെയാണ് ഇപ്പോൾ ഹുസൂറിന്റെ വദനത്തിൽ തിളങ്ങുന്നത്.''

24

റബ്വയിലെ നസാറത്ത് ഉമൂർആമയിലെ ഡ്രൈവർ മി. മസൂദ് അഹ്മദ് മുബാറക്ക് ഹുസൂറിന് എഴുതുന്നു:

''താങ്കൾ ഖലീഫയാകുന്നതിന് ഏകദേശം പത്തോ പതിനഞ്ചോ ദിവസങ്ങൾക്ക് മുമ്പ് ഏപ്രിൽ 2003ൽ ഞാൻ ഒരു സ്വപ്നം കണ്ടു. അതിനെക്കുറിച്ച് ഞാൻ എന്റെ മാതാവിനോടും ചില സുഹൃത്തുക്കളോടും പറഞ്ഞിരുന്നു. സദർ അഞ്ചുമൻ അഹ്മദിയ്യായുടെ ആഫീസുകളുടെ പുതുതായി നിർമ്മിച്ച കാർപോർച്ചിന്റെ കിഴക്കു ഭാഗത്ത് ഞാൻ നിൽക്കുകയാണ്. താങ്കൾ കിഴക്കിനഭിമുഖമായി നിൽക്കുന്നു. ഞാൻ പടിഞ്ഞാറിനഭിമുഖമായും നിൽക്കുന്നു. താങ്കൾ പാന്റും ഷർട്ടും ധരിച്ചിരിക്കുന്നു. ഒരു ജിന്നാതൊപ്പിയും ധരിച്ചിട്ടുണ്ട്. താങ്കളെന്നോട് എന്തോ പറയുകയാണ്. താങ്കൾ വളരെ നീളം കൂടിയതിനാൽ താങ്കളോടു സംസാരിക്കാൻ എനിക്ക് മുകളിലേക്ക് നോക്കേണ്ടിയിരുന്നു. താങ്കൾക്കെങ്ങനെ ഇത്ര നീളം വന്നു എന്ന് ഞാൻ സ്വപ്നത്തിൽ ചിന്തിച്ചു കൊണ്ടിരിക്കേ ആകാശത്തു നിന്ന് ഒരു വെളുത്ത പ്രകാശം ഇറങ്ങി വന്ന് ഒരു ഫുട്ബോൾ കണക്കെ ചുഴറ്റിക്കൊണ്ട് താങ്കളുടെ മുഖത്ത് ലയിച്ചു ചേർന്നു. വീണ്ടും ആ വെളിച്ചം ഇറങ്ങി വന്ന് താങ്കളുടെ അനുഗൃഹീത വദനത്തിൽ ലയിച്ചു ചേർന്നു. ഞാൻ ഉണർന്നപ്പോൾ ഫജ്ർ നമസ്കാരത്തിന്റെ സമയമായിരുന്നു.''

25

ഇപ്പോൾ ലണ്ടനിൽ താമസിക്കുന്ന ജർമ്മനിയിലെ മി. മുഹമ്മദ് സഫ്ദർ റാണ തന്റെ ഭാര്യ മിസ്സിസ് താഹിറ റാണയുടെ സ്വപ്നം വിവരിക്കുന്നു:

“ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

ആളുകൾ നിറഞ്ഞ ഒരു ഗ്രൗണ്ടിൽ സന്നിഹിതനാണ്. എല്ലാവരും വളരെ ദുഃഖിതരായി കാണപ്പെടുന്നു. രംഗം മാറുന്നു. ജനങ്ങൾ നമസ്കാരത്തിനായി വരിയായി നിൽക്കുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നമസ്കാരത്തിന് ഇമാമത്ത് നിൽക്കുമെന്ന് തോന്നുന്നു. നമസ്കാരം ആരംഭിച്ചപ്പോൾ ഇമാമിന്റെ ശബ്ദത്തിൽ നിന്ന് അത് വേറൊരു വ്യക്തിയാണെന്ന് പ്രകടമാവുന്നു. ഈ വ്യക്തിയെ തിരിച്ചറിയാൻ എനിക്ക് സാധിക്കുന്നില്ല. നമസ്കാരത്തിനു ശേഷം ഹുസൂർ ഒരു കട്ടിലിൽ ഇരിക്കുന്നു. അതിന്റെ കീഴിൽ തെളിവുള്ള ശുദ്ധമായ ഒരു നീരുറവ ഒഴുകുകയാണ്. ഞാൻ ഹുസൂറിന് സലാം പറഞ്ഞു. ഹുസൂർ സ്നേഹത്തോടെ പ്രതികരിക്കുന്നു. എന്റെ മക്കളെ അല്ലാഹു അനുഗ്രഹിക്കാൻ ദുആ ചെയ്യാൻ ഞാൻ ഹുസൂറിനോടപേക്ഷിക്കുന്നു. ഹുസൂർ തന്റെ വലതു കരം പിന്നിലേക്ക് ചൂണ്ടിക്കൊണ്ട് പറയുന്നു:' 'ഇപ്പോൾ മുതൽ ഇക്കാര്യം മസ്റൂറിനോട് പറയുക. ഞാൻ ഉണർന്നു. അല്ലാഹു സാക്ഷി ഞാൻ മുമ്പൊരിക്കലും താങ്കളെ കണ്ടിട്ടില്ല.''

26

ന്യൂജേഴ്സി(യു.എസ്.എ)യിലെ ഡോ. കരിമുല്ലാഹ് സിവ്റിയുടെ ഭാര്യ മിസ്സിസ് അമത്തുൽ ലത്തീഫ് സിവ്റി 2005 നവംബർ 14 ലെ തന്റെ കത്തിൽ എഴുതുന്നു:

"ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് 2003 ഏപ്രിൽ 19 ന് വഫാത്തായി. പിറ്റേന്ന് 2003 ഏപ്രിൽ 20 ന് ഫജ്ർ നമസ്കാരത്തിനു ശേഷം ഞാൻ കിടന്നുറങ്ങിപ്പോയി. പുതിയ ഖലീഫയുടെ തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നതായും ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചതായും ഞാൻ സ്വപ്നം കണ്ടു. അന്നു രാവിലെ ഈ സ്വപ്നത്തെക്കുറിച്ച് എന്റെ ഭർത്താവ് ഡോ. കരിമുല്ലാഹ് സിർവിയോടു പറഞ്ഞു. പിന്നീട് എന്റെ ഇളയ സഹോദരൻ അസർ മാലിക്ക് ഫോൺ ചെയ്തപ്പോൾ അവനോടും ഈ വിവരം പറഞ്ഞു.''

27

കറാച്ചിയിലെ മോഡൽ കോളനിയിലെ മി. ജമാലുദ്ദീൻ, 2004 ഫെബ്രുവരി 7ലെ തന്റെ കത്തിൽ ഹുസൂറിനെഴുതുന്നു: ''ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ചരമം കാരണം ഞാൻ വളരെ ദുഃഖിതനായി. ഖിലാഫത്ത് തിരഞ്ഞെടുപ്പിൽ മാർഗ്ഗദർശനം നൽകാൻ അല്ലാഹുവിനോട് ഞാൻ കണ്ണീരോടെ പ്രാർത്ഥിച്ചു പിറ്റേന്ന് തഹജ്ജുദ് നമസ്കാരത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിനായി ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ മസ്റൂർ എന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ച ഒരു ശബ്ദം കേട്ടു. ഞാൻ അൽഹം ദുലില്ലാഹ് എന്ന് ഉറക്കെ പറഞ്ഞു. അന്ന് ജീവിച്ചിരിപ്പുണ്ടായിരുന്ന എന്റെ ഭാര്യ കാര്യമെന്താണെന്ന് എന്നോടന്വേഷിച്ചു. ഞാൻ കാര്യം പറഞ്ഞപ്പോൾ ഇതൊരനുഗ്രഹമാണെന്നവർ പറഞ്ഞു. ആ സമയത്ത് എനിക്ക് താങ്കളുടെ പേരുപോലും അറിയുമായിരുന്നില്ല."

28

മി. നസീർ അഹ്മദിന്റെ പുത്രൻ മി. മൻസൂർ അഹ്മദ് (ക്വറ്റ, പാക്കിസ്ഥാൻ) 2003 ജൂണിലെ തന്റെ കത്തിൽ ഹുസൂറിനെഴുതുന്നു:

"ഹുസൂറിന്റെ തിരഞ്ഞെടുപ്പിന് ഒരു ദിവസം മുമ്പ് ഞാൻ കണ്ട ഒരു സ്വപ്നം വിവരിക്കാൻ ആഗ്രഹിക്കുന്നു. ഖലീഫയെ അല്ലാഹുവാണ് നിയമിക്കുന്നത് എന്നതിനുള്ള അനിഷേധ്യമായ ഒരു തെളിവാണിത്. 2003 ഏപ്രിൽ 21 ന് രാത്രി ഞാൻ കണ്ട സ്വപ്നത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നമസ്കാരത്തിൽ ഇമാമത്ത് വഹിച്ചതിനുശേഷം ഒരു കിടക്കയിൽ ഇരുന്നുകൊണ്ട് പറയുന്നു: മസ്റൂർ, താങ്കളുടെ കൈ ഇങ്ങോട്ടു കാണിക്കൂ, ഞാൻ ഈ മോതിരം ഇടട്ടെ. അതിനു ശേഷം ഹുസൂർ താങ്കളുടെ ചെറുവിരലിൽ മോതിരം അണിയിക്കുന്നു. അന്നു രാവിലെ എന്റെ കുടുംബാംഗങ്ങളോട് ഞാനിക്കാര്യം പറഞ്ഞു. താഴെ പറയുന്ന വ്യക്തികളാണ് അതിലുൾപ്പെടുന്നത്.

എന്റെ ഉപ്പ, ഉമ്മ, ഭാര്യ എന്റെ മകൻ മഹ്ബൂബ് ബശീർ അഹ്മദ്, എന്റെ മൂത്ത സഹോദരൻ മി. ത്വാഹിർ അഹ്മദ് അദ്ദേഹത്തിന്റെ മക്കൾ, എന്റെ ഭാര്യാ സഹോദരി മിസ്സിസ്. ഖുദ്സിയാ ത്വാഹിർ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏപ്രിൽ 22 നു രാത്രി സ്വപ്നം സത്യമായി പുലർന്നു. പുലർച്ചെ 3.40 ന് മുഴു ലോകവും അതിന് സാക്ഷ്യം വഹിച്ചു. അൽഹംദുലില്ലാഹ് അലാ ദാലിക്ക്."

29

സങ്കാർ ജില്ലയിലെ മുറബ്ബിയായ മി. മുഹമ്മദ് ദാവൂദ് ഭട്ടി എഴുതുന്നു:

"ജനങ്ങളെല്ലാം സാഹിബ് സാദാ മിർസാ മസ്റൂർ അഹ്മദിന് വോട്ടു ചെയ്യുന്നതായി ഖിലാഫത്ത് തിരഞ്ഞെടുപ്പിന് മുമ്പ് മി. മഖ്സൂദ് അഹ്മദ് (ഫത്തേപ്പൂർ, സങ്കർ ജില്ല) സ്വപ്നം കണ്ടു. താൻ ദുർബലനാണെന്ന് സാഹിബ് സാദാസാഹിബ് പറയുന്നു. അതിനുശേഷം ഞാൻ ഉണർന്നു."

30

ഒന്റേറിയോയിലെ (യു.എസ്.എ) മിസ്സിസ് ബുശ്റ അബ്ബാസ് സൽമാൻ ഹുസൂറിനുള്ള കത്തിൽ എഴുതുന്നു:

"എന്റെ ഭർതൃ സഹോദരി മുബശ്ശിറ യു.എസ്.എയിലെ റോച്ചസ്റ്ററയിലാണ് താമസിക്കുന്നത്. അവരുടെ അമ്മായി ആയിശ അവളോട് ഇങ്ങനെ പറയുന്നതായി സ്വപ്നം കണ്ടു. മുസ്‌ലിമിന്റെ മകൻ ഉമറിനോട്, മസ്റൂർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്ന് പറ

യുക. മുസ്‌ലിം എന്റെ ഭർതൃസഹോദരനാണ് ഉമർ അദ്ദേഹത്തിന്റെ മകനും. അവർ നോർവേയിലാണ്. ഈ വിധത്തിൽ, താങ്കളാണ് ഖലീഫയാവുക എന്ന് അല്ലാഹു ഞങ്ങളെ അറിയിക്കുകയും അങ്ങനെ ഞങ്ങളുടെ ഈമാൻ ശക്തിപ്പെടുത്തുകയും ചെയ്തു.

31

ബഹ്റൈനിലെ മിസ്സിസ് ബുശ്റ ത്വയ്യിബ് യൂസുഫ് 2003 ഏപ്രിൽ 23ലെ തന്റെ കത്തിൽ ഹുസൂറിന് എഴുതുന്നു:

"എന്റെ ഇമാമും ക്ഷേമകാംക്ഷിയുമായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ(റഹ്) ചരമത്തിൽ ഞാൻ അഗാധമായി ദുഃഖിച്ചു. ഈ അവസ്ഥയിൽ വളരെ ദൗർബല്യം അനുഭവപ്പെട്ടു. നമസ്കാരത്തിലും ദുആ ചെയ്യുമ്പോഴും ഉണർന്നിരിക്കാൻ ഞാൻ വളരെ പ്രയാസപ്പെട്ടു. ഞാൻ നൈമിഷികമായി നിദ്രയിലാണ്ടു. അപ്പോൾ ഞാൻ സ്വയം പറയുന്നതായി കേട്ടു. മസ്റൂർ അഹ്മദ്. ഈ അവസ്ഥ എന്നിൽ കുറച്ചു സമയം നിലനിന്നു.

32

മി. അസീസുർ റഹ്മാന്റെ ഭാര്യ മിസ്സിസ് ത്വാഹിറാ റഹ്മാൻ (ഹഡ്രസ് ഫീൽഡ്, യു.കെ.) 2003 ഏപ്രിൽ 25ന്റെ തന്റെ കത്തിൽ ഹുസൂറിന് എഴുതുന്നു:

"2003 ഏപ്രിൽ 16 നു ബുധനാഴ്ച ഇങ്ങനെ പറയുന്നതായി സ്വപ്നത്തിൽ ഞാൻ കേട്ടു. വെള്ളിയാഴ്ചക്ക് ശേഷം വളരെയധികം ദുഃഖം ഉണ്ടാകും. ഏപ്രിൽ 19 നു ശനിയാഴ്ചയാണ് ഹുസൂർ വഫാത്തായത്. ഏപ്രിൽ 21 ന് തിങ്കളാഴ്ച ഒരു സ്വപ്നത്തിൽ മസ്റൂർ അഹ്മദ് എന്ന ശബ്ദം ഞാൻ കേട്ടു. ഞാൻ വളരെ വേദനയോടെ ചോദിക്കുന്നു. ആര്? ഞാൻ ഉണർന്നു. അപ്പോൾ സമയം പുലർച്ചെ 4.30 ആയിരുന്നു."

33

സർഗോദയിലെ ഡോ. അബ്ദുൽ ലത്തീഫിന്റെ മകൾ മിസ്സിസ് തസ്നീം ലത്തീഫ് 2004 മാർച്ച് 1ന് ലാഹോറിൽ നിന്നും എഴുതുന്നു:

''ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ അന്ന് രാത്രി എന്റെ മകൻ ശുഐബ് ഒരു സ്വപ്നം കണ്ടു. അവൻ ലാഹോറിലെ തന്റെ ഹോസ്റ്റലിലായിരുന്നു. അവിടെ എം.ടി.എ സംവിധാനമുണ്ടായിരുന്നില്ല. രാവിലെ ഞാനവനെ വിളിച്ചപ്പോൾ, അഞ്ചാം ഖിലാഫത്തിനെ കുറിച്ച് ഞാൻ എന്തെങ്കിലും പറയുന്നതിന് മുമ്പ് തനിക്ക് ഒരു സ്വപ്നത്തെക്കുറിച്ച് പറയാനുണ്ടെന്ന് അവൻ എന്നോട് പറഞ്ഞു. എന്നിട്ട് പറഞ്ഞു. ഇന്നലെ രാത്രി ഞാനൊരു സ്വപ്നം കണ്ടു. മിയാൻ മസ്റൂർ, റുകൂഇൽ പോകുന്നതുപോലെ മുന്നോട്ടുചായുന്നു. ആരോ അദ്ദേഹത്തിന്റെ തലയിൽ തലപ്പാവ് വെക്കുന്നു. സംഭവങ്ങളെല്ലാം ഞാനവനോട് പറഞ്ഞപ്പോൾ, ഖലീഫയെ അല്ലാഹുവാണ് നിശ്ചയിക്കുന്നതെന്ന് തനിക്ക് വ്യക്തമായതായി അവൻ എന്നോട് പറഞ്ഞു.''

34

മിസ്സിസ് ഫർസാനാ അജ്മൽ, പാരാചീനാർ, കോഹട്ട് ജില്ല, പാക്കിസ്ഥാൻ, 2003 സെപ്തംബർ 12ലെ തന്റെ കത്തിൽ ഹുസൂറിനെഴുതുന്നു.

"ഹുസൂറിന് അസുഖമായിരുന്നപ്പോൾ ഞാൻ ഒരു സ്വപ്നം കണ്ടു. ഒരു പള്ളി, മക്കയിലോ, റബ്വയിലോ ആണ്. ആകാശം വളരെ ഇരുണ്ടിരിക്കുന്നു. നിറയെ നക്ഷത്രങ്ങൾ. ഈന്തപ്പനകളും ഉണ്ട്. ഒട്ടകങ്ങൾ കടന്നു പോകുന്നു. അപ്പോൾ ഞാനൊരു ശബ്ദം കേട്ടു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ ഹദ്റത്ത്മിർസാ ത്വാഹിർ അഹ്മദ് വഫാത്തായി.

"ഞാൻ ഉണർന്നു. പുറത്ത് മുറ്റത്തേക്ക് പോയി ഇരുന്നു. എന്റെ സഹോദരൻ വന്നപ്പോൾ അവനോട് സ്വപ്നത്തെക്കുറിച്ച് പറഞ്ഞു. ഹുസൂർ സുഖമില്ലാതിരിക്കുന്നതിനാൽ നിന്റെ മനസ്സ് നിറയെ അത്തരം ചിന്തകളാണ് എന്ന് അവൻ പറഞ്ഞു. വീണ്ടും ഞാൻ ഉറങ്ങിയപ്പോൾ അതേ രംഗം തന്നെ കണ്ടു. ആകാശം നിറയെ ചുകപ്പ്, പച്ച, നീല നിറങ്ങൾ അവ കൂടിക്കലർന്നു ഉരുണ്ടു കളിക്കുന്നു. പിന്നെ നിറങ്ങളുടെ ചലനം നിലച്ചു പോയി. പിന്നെ അല്ലാഹുവിന്റെ നാമങ്ങൾ ഓരോന്നായി പ്രത്യക്ഷപ്പെടുന്നു. അതിനു ശേഷം ആകാശം തെളിയുന്നു. പ്രഭാത വെളിച്ചം പ്രത്യക്ഷപ്പെടുന്നു. നക്ഷത്രങ്ങളും മേഘവും എനിക്കപ്പോഴും കാണാൻ കഴിയുന്നുണ്ട്. ഒരു ചിത്രം പ്രത്യക്ഷപ്പെടുന്നു. അത് വാഗ്ദത്ത മസീഹിന്റേ(അ)താണ്. അദ്ദേഹത്തിന്റെ കൈകളിൽ ഒരു ശിശുവുമുണ്ട്. അദ്ദേഹത്തിന്റെ സമീപത്ത് വേറൊരു കുട്ടിയുണ്ട്. (ഈ ചിത്രം ഞാൻ ഒരു പുസ്തകത്തിൽ കണ്ടിട്ടുണ്ട്). ഞാൻ ഒരു ശബ്ദം കേൾക്കുന്നു. എന്താണ് കേട്ടതെന്ന് ഞാൻ ശരിക്ക് ഓർമ്മിക്കുന്നില്ല. വേറൊരു ശബ്ദം പറയുന്നു. ഇതാ പുതിയ ഖലീഫ എന്ന്. അതോടെ വേറൊരു ചിത്രം പ്രത്യക്ഷപ്പെടുന്നു. ഞാൻ വളരെയടുത്ത് ചെന്ന് ചിത്രം നോക്കി. ചിത്രം മങ്ങിപ്പോകുന്നു. ചിത്രത്തോടൊപ്പം പേരും എഴുതപ്പെട്ടിട്ടുണ്ട്. ചിത്രവും പേരും വെള്ളത്തിലെന്ന പോലെ ഓളം പോലെ മങ്ങിപ്പോകുന്നു. പക്ഷേ, മുഖവും പേരും ഞാനോർക്കുന്നു. പുതിയ ഖലീഫയെക്കാണാൻ ആകാശത്തിലേക്ക് നോക്കാൻ ഞാനെല്ലാവരേയും വിളിക്കുന്നു. അപ്പോൾ ഞാൻ ഉണർന്നു.

''മർദാനിലുള്ള എന്റെ അളിയനോട് ഞാൻ സ്വപ്നത്തെക്കുറിച്ചു പറഞ്ഞു. മുറബി സാഹിബിനോടും പറഞ്ഞു. അദ്ദേഹം പേര് ചോദിച്ചു. 'മ' (മീം) കൊണ്ട് തുടങ്ങുന്ന മസ്റൂർ ഞാൻ പറഞ്ഞു. ആരോടും പറയേണ്ടെന്ന് അദ്ദേഹവും പറഞ്ഞു. ഞാൻ പറഞ്ഞില്ല. താങ്കൾ തിരഞ്ഞെടുക്കപ്പെട്ട ദിവസം ഞാൻ താങ്കളുടെ പേര് കേൾക്കുകയും താങ്കളെകാണുകയും ചെയ്തപ്പോൾ ഞാൻ ആകെ

വിറയ്ക്കാൻ തുടങ്ങി. കരയാനും തുടങ്ങി. അതേ വസ്ത്രം. അതേ തലപ്പാവ്. അതേ മുഖം.അതേ പേര് ഞാൻ വളരെയധികം ആശ്ചര്യപ്പെട്ടു. ഞാനൊരു പാപിയാണ്. എന്നിട്ടും അല്ലാഹു എനിക്കീ സ്വപ്നം കാണിച്ചുതന്നു. ദയവുചെയ്തു എനിക്കുവേണ്ടി ദുആ ചെയ്യുക."

35

മിസ്സിസ് സഫിയ ഹലീമ ഇസ്മായീൽ (അവരുടെ പിതാവ് ഖാദിയാനിലെ ദർവേശുമാരിൽ ഒരാളായിരുന്നു) 2003 ഒക്ടോബർ 15ലെ കത്തിൽ എഴുതുന്നു:

"2003 ഏപ്രിൽ 23 ന് എന്റെ ഭർത്താവ് പുലർച്ചെ 3.30ന് എന്റെ അളിയനെ വിളിച്ചുണർത്തി. അദ്ദേഹം തന്റെ മുറിയിൽനിന്ന് പുറത്തേക്ക് വന്നു. അദ്ദേഹത്തിന്റെ ഉറക്കച്ചടവ് മാറിയിരുന്നില്ല. താൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)നെ സ്വപ്നം കണ്ടുവെന്നും റബ്വയിലെ നാസിർ അഅ്ലയായിരിക്കും പുതിയ ഖലീഫയെന്ന് ഹുസൂർ പറഞ്ഞുവെന്നും അളിയൻ പറഞ്ഞു. ആ സമയത്താണ് അദ്ദേഹം വിളിച്ചുണർത്തപ്പെട്ടത്. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എം.ടി.എ യിൽ ഇതേ സംഗതി പ്രഖ്യാപിക്കപ്പെട്ടു. ഞങ്ങളെല്ലാം ആനന്ദിച്ചു. ദുആ ചെയ്തു."

36

മിസ്സിസ് ഹമീദാ ബീഗം, ഗോലർച്ചീ, സിന്ധ് 2004 ആഗസ്റ്റ് 4ലെ തന്റെ കത്തിൽ ഹുസൂറിനെഴുതുന്നു:

''ഇത് എന്റെ ഇളയപ്പെന്റെ മകൻ റിസ്വാൻ അഹ്മദ് കണ്ട ഒരു സ്വപ്നത്തെക്കുറിച്ചാണ്. ഇക്കാര്യം എഴുതാൻ താമസിച്ചു പോയതിന് ഞാൻ ക്ഷമായാചനം ചെയ്യുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വഫാത്തായ അന്ന് രാത്രി എന്റെ മകന് പള്ളിയിൽ സെക്യൂരിറ്റി ഡ്യൂട്ടി ഉണ്ടായിരുന്നു. രാത്രി 12 മണിക്ക് വേറൊരു ഖാദിം ഡ്യൂട്ടിക്ക് വന്നപ്പോൾ അവന്റെ ഡ്യൂട്ടി കഴിഞ്ഞു വിശ്രമിക്കാനായി അവൻ കിടന്നു. ഉറങ്ങിപ്പോയി. ഇങ്ങനെയാണ് അവൻ സ്വപ്നം വിവരിച്ചത്. മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ആയതായി ജനങ്ങൾ പറയുന്നത് ഞാൻ കാണുന്നു. അദ്ദേഹം ഞങ്ങളുടെ അടുത്ത് ഒരു കസേരയിൽ ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ കഴുത്ത് അസാധാരണമായ നിലയിൽ മുകളിലേക്ക് നീളാൻ തുടങ്ങുന്നു. ഞാൻ വളരെ അസ്വസ്ഥനായി. ഞാൻ ഞങ്ങളുടെ ഖാഇദ് ശെയ്ഖ് ത്വാഹിർ അഹ്മദിനോട് എന്താണ് സംഭവിക്കുന്നതെന്ന് ചോദിക്കുന്നു. ഹുസൂറാണ് ഇപ്പോൾ ഖലീഫത്തുൽ മസീഹ് എന്ന കാര്യം നിനക്കറിയില്ലേ അദ്ദേഹത്തിന്റെ ആത്മാവ് മാറിക്കൊണ്ടിരിക്കുകയാണ് എന്ന് ഖാഇദ് സാഹിബ് പറയുന്നു. ഇതിനു ശേഷം ഞാൻ ഉണർന്നു."

37

മിസ്സിസ്സ് സോഫിയാ ശകൂർ, ജോഹർ ടൗൺ, ലാഹോർ 2004 മെയ് 10ലെ കത്തിൽ ഹുസൂറിനെഴുതുന്നു.

"ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ വഫാത്തിന് മുമ്പ് ഞാൻ എന്റെ ഉപ്പയുടെ ഉപ്പയായ മിർസാ അഹ്മദ് ദീൻ(ഖനിവാൾ)നേയും ഉമ്മയുടെ ഉപ്പയായ ബാബു അബ്ദുൾ ഗഫ്ഫാർ ശഹീദി (ഹൈദരാബാദ്)നേയും സ്വപ്നം കണ്ടു. അവർ എനിക്ക് നാല് നാണയങ്ങൾ കാണിച്ചിട്ട് ഞാനത് തിരിച്ചറിയുന്നുണ്ടോ എന്ന് ചോദിച്ചു. ഞാൻ വളരെ ശ്രദ്ധയോടെ അവ നോക്കിയിട്ട് ഇവ നാലു ഖലീഫമാരാണല്ലോ എന്ന് പറഞ്ഞു. അവരുടെ മുഖങ്ങൾ ആ നാണയങ്ങളിൽ മുദ്രണം ചെയ്തിട്ടുണ്ടായിരുന്നു. പിന്നെ, അവരെനിക്ക് വേറൊരു നാണയം കാണിച്ചിട്ട് ഇത് പുതിയ ഖലീഫയാണെന്ന് പറയുന്നു. ഞാൻ അമ്പരന്നു പോയി. പിന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പ്രത്യക്ഷപ്പെടുന്നു. അദ്ദേഹം തന്റെ കൈ എന്റെ തലയിൽ വെക്കുകയും ഇത് പുതിയ ഖലീഫയാണെന്നും അദ്ദേഹത്തിന്റെ പേര് മിയാൻ മസ്റൂർ എന്നാണെന്നും ഞാൻ അദ്ദേഹത്തെ അനുസരിക്കണമെന്നും ദുഃഖിക്കരുതെന്നും എല്ലാം ശരിയാവുമെന്നും പറയുന്നു. പിന്നെ താങ്കൾ പ്രത്യക്ഷപ്പെടുന്നത് ഞാൻ കാണുന്നു. താങ്കൾ എന്നോട് സ്നേഹം പ്രകടിപ്പിക്കുന്നു. താങ്കളെ അനുഗമിച്ചുകൊണ്ട് ഒരു വലിയ സംഘം തന്നെയുണ്ട്."

38

റാവൽ പിണ്ടിയിലെ പരേതനായ മി.ശേഖ് ആർ. അഹ്മദ് മുനീറിന്റെ മകൻ മി.ശേഖ് ഉമർ മുനീർ എഴുതുന്നു:

"അല്ലാഹുവിനെക്കൊണ്ട് സത്യം. ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ പിറകിൽ നിന്നുകൊണ്ട് ജുമുഅ നമസ്കരിക്കുന്നതായിട്ട് 2003 ജനുവരിയിൽ ഞാനൊരു സ്വപ്നം കണ്ടു. നമസ്കാരം കഴിഞ്ഞ് ഹുസൂർ പിന്നിലേക്ക് നോക്കിയപ്പോൾ എന്നെ കാണുന്നു. താങ്കളെപ്പോഴാണ് എത്തിയത് എന്ന് ഹുസൂർ ചോദിക്കുന്നു. ഹുസൂറിന്റെ കൈകളിൽ ചുംബനമർപ്പിക്കാൻ ഞാൻ മുന്നോട്ടു ചുവടുവെച്ചു. ഹസ്തദാനം ചെയ്തശേഷം ഹുസൂർ പറഞ്ഞു ശേഖ് സാഹിബ് ഞാൻ പോയശേഷം താങ്കൾ മിർസാ മസ്റൂർ അഹ്മദിനാണ് ഹസ്തദാനം ചെയ്യേണ്ടത്. ഇതിനിടയിൽ മിർസാ മസ്റൂർ അഹ്മദ് എത്തിച്ചേർന്നു. ഹുസൂറിന്റെ തൊട്ടടുത്ത് നിൽക്കുന്നു. അദ്ദേഹത്തിന് ഹസ്തദാനം ചെയ്യാൻ ഞാൻ മുന്നോട്ടാഞ്ഞു. അദ്ദേഹം എന്റെ പുറത്ത് തട്ടുന്നു. ഇതിനുശേഷം ഞാൻ ഉണർന്നു."

39

മി. മുഹമ്മദ് അമീർ ജോഹർ, മൊറീഷ്യസ് അമീർ

*ശേഷം 42-ൽ*

ലേഖനം

കെ. അബ്ദുൽഹക്കീം

# എന്തു പറഞ്ഞാലും ഒരു ഈസാനബി!

അനഹ്മദി മുസ്‌ലിംസഹോദരന്മാരുമായി അഹ്മദികൾ സാധാരണ മതവിഷയങ്ങൾ ചർച്ച ചെയ്യുമ്പോഴെല്ലാം ഈസാനബി(അ)യുടെ പ്രശ്നം അഹ്മദികൾ പ്രത്യേകം എടുത്തുപറയാറുണ്ട്. അത് പറയുവാനുള്ള പ്രധാന കാരണം മതലോകത്ത് ആധുനിക കാലഘട്ടത്തിലും ഈസാനബിയുടെ പ്രശ്നം സജീവചർച്ചയിൽ തന്നെയുള്ളതുകൊണ്ടുമാണ്. രണ്ടായിരം വർഷം കഴിഞ്ഞിട്ടും ഇന്നും ക്രൈസ്തവലോകം ഒരു കുറവും കൂടാതെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്ന ഏകവിഷയം യേശുക്രിസ്തുവിന്റേതുതന്നെയാണ്. ആധുനിക വാർത്താ ദൃശ്യമാധ്യമങ്ങളെല്ലാം തന്നെ വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ട് ഈ വിഷയം 24 മണിക്കൂറും നമ്മുടെ മുന്നിൽ സുവിശേഷമെന്ന നിലയിൽ അവതരിപ്പിക്കുന്നു. ക്രൈസ്തവ സഹോദരങ്ങൾക്ക് ഇതിൽ ഒരുവിധ മടുപ്പും മടിയും ഇന്നുവരെയുണ്ടായതായിട്ട് കാണ്മാൻ സാധിക്കുകയുമില്ല. ഇതല്ലാത്ത മറ്റൊരു കാര്യം ലോകത്തിന്റെ മുന്നിൽ വെക്കുവാൻ അവർക്കില്ലായെന്നതും നേരുതന്നെ. സഭയ്ക്ക് വിശ്വാസികളുടെ മുന്നിൽ ബൈബിളിന്റെ വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ വളരെ പാടുപെടേണ്ടിവരുന്നുവെന്നതും ഒരു പരമാർത്ഥം മാത്രമാകുന്നു. എങ്കിലും പുരോഹിതന്മാരും, സുവിശേഷകരും ഈ വിശേഷം വാതോരാതെ പറഞ്ഞുകൊണ്ടേയിരിക്കുന്നു.

എന്നാൽ, പരിശുദ്ധഖുർആന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഈസാനബി(അ)യുടെ കാര്യങ്ങൾ അനഹ്മദികളോട് പറയുമ്പോൾ അവരുടെ സ്ഥിരം പല്ലവി 'എന്തു പറഞ്ഞാലും ഒരു ഈസാനബി' എന്നുള്ളതാണ്. ഏതോ പഴയ ഒരു കാര്യം ഒരു വിധത്തിലും വിശ്വാസികളുമായി ഒരു ബന്ധവുമില്ലാത്ത വിഷയം എന്ന നിലയ്ക്കുള്ള അവഗണനയാണ്. ഭൂരിപക്ഷമുസ്‌ലിംകളുടേയും നിലപാട്. ഈ നിലപാട് ശരിയാണോയെന്ന് അല്പം ചിന്തിച്ചിട്ടുണ്ടോ? മുസ്‌ലിം ലോകത്തിന് ഈസാനബി(അ)യുമായിട്ട് ഒരു ബന്ധവുമില്ലായെന്ന് ഉറപ്പിച്ച് പറയാമോ? അറിഞ്ഞോ, അറിയാതെയോ മുസ്‌ലിം ഭൂരിപക്ഷം ഈസാനബി(അ)യ്ക്ക് നിലവിൽ മുഹമ്മദ് നബി(സ)യേക്കാൾ ഉന്നതമായ സ്ഥാനമാനങ്ങളല്ലേ നൽകിപ്പോരുന്നത്. അന്ത്യകാലത്തെ അടയാളവും രക്ഷയും വീണ്ടെടുപ്പുമെല്ലാം തന്നെ ക്രിസ്തീയ സഹോദരങ്ങൾക്കും അനഹ്മദി മുസ്‌ലിംകൾക്കും ഒരേ വ്യക്തിയിലുള്ളതുതന്നെയാണ്. അത് ഈസാനബിയല്ലാതെ (യേശുക്രിസ്തു) മറ്റാരുമല്ല! ഇതുതന്നെയാണ് ഇന്ന് അഹ്മദികൾ ലോകത്തിന്റെ മുന്നിൽ ഈസാനബിയുടെ പ്രശ്നമായി എടുത്തു ചർച്ചചെയ്യുന്നതും.

ഈ വിഷയകമായി ഒരു ചെറിയ സംഭവം ഇവിടെ കുറിക്കുന്നു. ഏകദേശം ആറുവർഷങ്ങൾക്ക് മുമ്പ് ആലപ്പുഴയിൽ കലക്ടറേറ്റ് ജംഗ്ഷന് സമീപം രാവിലെ പത്തുമണി സമയത്ത് ചെറിയ മഴയുണ്ടായതിനെ തുടർന്ന് ഞാനും എന്റെ ഒരു സുഹൃത്തുംകൂടി തൊട്ടടുത്തുള്ള കടവരാന്തയിൽ കയറി നില്ക്കുകയായിരുന്നു. ഒരു അംബാസിഡർ കാർ ഞങ്ങളുടെ എതിർവശത്ത് വന്നുനിന്നു. അതിൽ നിന്നും കാഴ്ചയിൽ ഒരു നല്ല മുഖ്‌ലിസായ വ്യക്തി ഏകദേശം 60-നുള്ളിൽ പ്രായം ഉണ്ടാകാം- ഇറങ്ങിവന്നു എന്റെ സമീപം നിന്നു. പൊടുന്നനെ അദ്ദേഹം എന്നോട് ചോദിച്ചു, ഇവിടെ അടുത്ത് പള്ളി എവിടെയുണ്ടെന്ന്. ചോദ്യത്തിൽ എന്തോ പന്തികേട് തോന്നിയ ഞാൻ പറഞ്ഞു. നമ്മൾ നില്ക്കുന്നതിന്റെ പുറകിൽ മുജാഹിദിന്റെ പള്ളിയുണ്ട്. പിന്നെ താങ്കൾ വന്നവഴി തൊട്ടടുത്ത് സുന്നിപ്പള്ളിയും അതിന്റടുത്തായി ഒരു അഹ്മദിയ്യാ പള്ളിയുമുണ്ട്. കൂടാതെ അടുത്ത ജംഗ്ഷനിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പള്ളിയുമുണ്ട്. ഉടനെ അദ്ദേഹം ചോദിച്ചത് ഖാദിയാനിപ്പള്ളി ഇവിടെയുമുണ്ടോയെന്നാണ്. ഞാനും എന്റെ സുഹൃത്തുക്കളും അഹ്മദികളാണെന്ന് ഞാൻ പറഞ്ഞു. ഉടനെ അദ്ദേഹത്തിന്റെ അടുത്ത ചോദ്യം, ഖാദിയാനിയിൽ വിശ്വസിക്കാനുള്ള കാരണം? ഞാൻ പറഞ്ഞു ഇക്കാലഘട്ടത്തിൽ അല്ലാഹു ഒരു മഹാത്മാവിനെ അയച്ചിരിക്കുന്നു. അത് സത്യമാണെന്ന് ശരിക്കും ഞങ്ങൾക്ക് ബോധ്യമായതുകൊണ്ടാണ് എന്നു പറഞ്ഞു. ശരിയല്ലായെന്ന് തെളിയിച്ചാൽ പിന്മാറുമോയെന്ന അദ്ദേഹത്തിന്റെ ചോദ്യത്തിന് ഞാൻ പറഞ്ഞത് പരിശുദ്ധഖുർആന്റെ അധ്യാപനങ്ങളിലൂടെ തെളിയിച്ചുതന്നാൽ

പിന്മാറാമെന്നായിരുന്നു. ഉടനെതന്നെ അദ്ദേഹം എന്റെ കൈയ്ക്ക് കടന്നുപിടിച്ചു. വാ, നമുക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ പള്ളിയിൽ പോകാമെന്നു പറഞ്ഞു. ഞങ്ങൾ രണ്ടുപേരും കൂടി അദ്ദേഹത്തിന്റെ കൂട്ടത്തിൽ അവരുടെ മസ്ജിദ് മർക്കസിലേക്ക് പുറപ്പെട്ടു. അവിടെ ഞങ്ങൾ എത്തുമ്പോൾ കുറച്ചുപേർ അവിടെയുണ്ടായിരുന്നു. അവിടുത്തെ സ്ഥിരം മൗലവിയായ ആസാദ് മൗലവിയും കൂട്ടരുമായിരുന്നു അത്. ഇദ്ദേഹത്തെ കണ്ടമാത്രയിൽ അവിടെയുള്ള എല്ലാവരും തന്നെ വലിയ ഭയഭക്തി ബഹുമാനങ്ങളോടുകൂടി എഴുന്നേറ്റ് സലാം പറയുകയും സ്വീകരിക്കുകയും ചെയ്തു. ഞങ്ങളേയും കൂടെ കണ്ടപ്പോൾ അവർ കാര്യമന്വേഷിക്കുകയും ഇവരുമായിട്ട് കുറച്ച് സംസാരിക്കാനുണ്ടെന്നു പറയുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമിയുടെ ആലപ്പുഴയിലെ കോളേജും പള്ളിയും മദ്രസയും എല്ലാം കൂടിചേർന്നതാണിവിടം. ഉടനെ തന്നെ ആസാദ് മൗലവിയും കൂട്ടരും ഞങ്ങൾക്ക് ചുറ്റുമായി മാറിനിന്നു. ഞങ്ങളോട് ഇരിക്കുവാൻ പറഞ്ഞിട്ട് അദ്ദേഹവുമിരുന്നു. അതിനുശേഷം അയാൾ പറഞ്ഞു. "ഇനി പറയുക എന്താണ് നിങ്ങളുടെ ഖാദിയാനി വിശ്വാസം?" ഞാൻ പറഞ്ഞു അല്ലാഹു ഈ കാലഘട്ടത്തിൽ മുഴുലോകത്തേയും രക്ഷിക്കുവാനായി ഇമാം മഹ്ദിയും മസീഹുമായി ഹദ്റത്ത് അഹ്മദ്(അ)നെ നിയോഗിച്ചിരിക്കുന്നു.

അദ്ദേഹം മുഴുലോകത്തോടും ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ ദൈവത്താൽ നിയുക്തനായ സത്യാത്മാവാണെന്നും അവസാനകാല രക്ഷകനായി ഈസാനബി(അ) വരുമെന്നുമുള്ള ഭൂരിപക്ഷ മുസ്‌ലിം വിശ്വാസം പരിശുദ്ധ ഖുർആന്റെ പാഠങ്ങൾക്ക് വിരുദ്ധവും നബി(സ)യുടെ തിരുസുന്നത്തിനും വചനങ്ങൾക്കുമെതിരാണെന്നും ഈസാനബി(അ) മരിച്ചുപോയെന്നും മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിൽ നിന്നുതന്നെയാണ് അവസാനകാലത്തെ രക്ഷയ്ക്കുള്ള മാർഗ്ഗദർശനമെന്നും തന്റെ സത്യസാക്ഷ്യത്തിലേക്കായി ലോകരെ ക്ഷണിക്കുകയും ചെയ്തു. ആ സത്യം മനസ്സിലാക്കിയതുകൊണ്ടാണ് ഞങ്ങൾ അഹ്മദീ മുസ്‌ലിംകൾ എന്ന പേരിൽ അറിയപ്പെടുന്നതും. ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ മനസ്സിലാക്കിയിട്ടുണ്ടായിരുന്ന ചില ഖുർആനിക വചനങ്ങൾ അദ്ദേഹത്തെ കേൾപ്പിച്ചു. ഈസാനബി(അ)യുടെ മരണത്തെക്കുറിക്കുന്ന ആയത്തുകളാണ് കേൾപ്പിച്ചത്.

"മർയമിന്റെ മകൻ മസീഹ് ഒരു റസൂൽ മാത്രമാണെന്നും അദ്ദേഹത്തിന് മുമ്പേവന്ന എല്ലാ പ്രവാചകന്മാരും കാലഗതി പ്രാപിച്ചെന്നും, മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാണെന്നും അദ്ദേഹത്തിന്റെ മുമ്പേവന്ന എല്ലാ പ്രവാചകന്മാരും കാലഗതി പ്രാപിച്ചുവെന്നും" അവരെ കേൾപ്പിച്ചു. ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ അറിവിന്റെ ബലത്തിൽ തർക്കിക്കുവാൻ ശ്രമിച്ചു. ഞാൻ അദ്ദേഹത്തെ മൗലവി സാഹിബ് എന്നു സംബോധന ചെയ്താണ് സംസാരിച്ചിരുന്നത്. പക്ഷേ, അദ്ദേഹം പല പ്രാവശ്യം എന്റെ മൗലവി സാഹിബേ എന്ന വിളിയെ അവഗണിച്ചുകൊണ്ട് ഒന്നുമറിയാത്ത ഒരു വ്യക്തിയുടെ നിലപാടെടുത്തു. കൂടാതെ ഈസാനബിയുടെ മരണത്തെക്കുറിക്കുന്ന വലിയ വ്യാഖ്യാനത്തിന്റെ ആവശ്യകതയില്ലാത്തവിധം സാധാരണക്കാരന് വരെ മനസ്സിലാക്കാവുന്ന ഒന്നുരണ്ട് തെളിവുകൾ കൂടി പരിശുദ്ധഖുർആനിൽനിന്നും ഉദ്ധരിക്കുകയുണ്ടായി.

അൽഅമ്പിയായ്, ആയത്ത്, 8.34,35 എന്നീ വചനങ്ങളുടെ അർത്ഥംകൂടി കേൾപ്പിച്ചു. "നാം ആരേയും ആഹാരം കഴിക്കാത്ത ശരീരങ്ങളായിട്ട് സൃഷ്ടിച്ചിരുന്നിട്ടില്ല. അവർ നിത്യജീവികളുമായിരുന്നില്ല." "ഓ, നബിയേ, നിനക്ക് മുമ്പേ നാം ഒരു മനുഷ്യനും നിത്യജീവിതം നിശ്ചയിക്കുകയുണ്ടായിട്ടില്ല. എന്നിരിക്കെ, നീ മരിച്ചാൽ മറ്റുള്ളവർ മരിക്കാത്തവരായിരിക്കുമോ" ഇതും കൂടി കേട്ടുകഴിഞ്ഞപ്പോൾ മൗലവി സാഹിബ് ദ്വേഷ്യപ്പെടുവാൻ തുടങ്ങി. കേൾവിക്കാരായി നില്ക്കുന്നവർ ശ്രദ്ധിക്കുന്ന കാര്യം മൗലവിക്ക് ബുദ്ധിമുട്ടായി എന്നതാണതിനു കാരണം. അല്പം കഴിഞ്ഞ് 'ളുഹർ' ബാങ്ക് വിളിച്ചു. തല്ക്കാലം സംസാരം നിലച്ചു. മൗലവി ചോദിച്ചു. നിങ്ങൾ ഇവിടെ നമസ്കരിക്കുമോ, ഞാൻ പറഞ്ഞു ഇല്ലായെന്ന്. എന്നാൽ, നമസ്കാരം നിർവ്വഹിച്ച് വരാൻ പറഞ്ഞു. അതനുസരിച്ച് ഞങ്ങൾ പള്ളിയിൽപോയി നമസ്കരിച്ച് ഒന്നരമണിയോടെ വീണ്ടും വന്നു. അപ്പോൾ മൗലവിയും കുറേകൂടി ആൾക്കാരും സന്നിഹിതരായിരുന്നു.

രണ്ടാംവട്ട ചർച്ച തുടങ്ങിയത് മൗലവി തന്നെയാണ്. അദ്ദേഹം പറയുകയുണ്ടായി. ഞാൻ ഈസാനബി മരിച്ചെന്നുതന്നെ സമ്മതിക്കുന്നു. ഇനി നിങ്ങൾ വിശ്വസിക്കുന്ന ഇമാം മഹ്ദിയുടെ സത്യസാക്ഷ്യം ഖുർആനിൽ എവിടെ പറയുന്നുവെന്ന് തെളിയിക്കുകയെന്ന വാദവുമായി ഒന്നു ഞെളിഞ്ഞിരുന്നു. ഞാൻ പറഞ്ഞു അത് ശരിയല്ല സാഹിബേ, വാദത്തിനുവേണ്ടി സമ്മതിക്കുന്നതു നീതിയല്ല, മാത്രവുമല്ല ജമാഅത്തെ ഇസ്‌ലാമിയ്ക്ക് ഈസാനബിയുടെ കാര്യത്തിൽ താങ്കൾ പറയുന്നതുപോലൊരു വിശ്വാസങ്ങളൊട്ടും തന്നെയില്ല. അതുകൊണ്ട് താങ്കളുടെ വ്യക്തിപരമായ അഭിപ്രായം സ്വീകരിക്കണമെങ്കിൽ രേഖാമൂലം ഈ വിഷയം എഴുതിത്തരണമെന്നു പറഞ്ഞു. ഇതുകേട്ട മാത്രയിൽ അദ്ദേഹം അതീവകോപത്തോടുകൂടി അതിന്റെ ആവശ്യമില്ലായെന്നും താൻ ജമാഅത്തെ ഇസ്‌ലാമിയുടെ ശൂറാ അംഗമാണെന്നും, സാധാരണക്കാരനല്ലെന്നും സ്വയം വെളിപ്പെടുത്തുകയുണ്ടായി. ഇതുംകൂടിയായപ്പോൾ ഞാൻ പറഞ്ഞു. താങ്കളെ മൗലവി എന്നു വിളിച്ചപ്പോഴെല്ലാം അത് നിരസിക്കുകയും തന്നെ അങ്ങനെ വിളിക്കണ്ടായെന്നു വിലക്കുകയും ചെയ്തു. അങ്ങ് സാധാരണക്കാരനല്ലായെന്ന്

സ്വയം തെളിയിച്ച സ്ഥിതിയ്ക്ക് ഞാൻ ഒരു ദൈവിക പ്രസ്ഥാനത്തിന്റെ ഒരെളിയംഗവുമായ സ്ഥിതിയിൽ രേഖാമൂലമല്ലാതെ ഈ വിഷയത്തിൽനിന്നും മാറി തുടർന്ന് സംസാരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. അദ്ദേഹത്തിന് പരിശുദ്ധഖുർആനിലൂടെ ഒന്നും തന്നെ സമർത്ഥിക്കുവാനും കഴിഞ്ഞില്ല.

പ്രശ്നം ഇത്തരത്തിലായപ്പോൾ അദ്ദേഹം ഒരു പുതിയ നയം സ്വീകരിക്കുകയുണ്ടായി. ഈസാനബി (അ)യെ സംബന്ധിച്ചകാര്യം; ഈമാൻ കാര്യത്തിൽ പെട്ടതൊന്നുമല്ലായെന്ന്. ഞാൻ പറഞ്ഞു അത് ഈമാൻ കാര്യത്തിൽപ്പെട്ടതുതന്നെയാണ്. പ്രവാചകന്മാരിലുള്ള വിശ്വാസം. അതിൽ മനുഷ്യൻ യാതൊരു വ്യത്യാസവും കല്പിക്കരുതെന്നാണ് പരിശുദ്ധഖുർന്റെ വിധി. അങ്ങനെ ആരെങ്കിലും വ്യത്യാസപ്പെടുത്തി വിശ്വസിച്ചാൽ അവന്റെ ഈമാൻ കാര്യത്തിൽതന്നെ തെറ്റി. പിന്നെ അവൻ ഇസ്‌ലാമുമായിട്ട് എന്താണ് ബന്ധം? പെട്ടന്നദ്ദേഹം എന്ത് പറഞ്ഞാലും ഒരു ഈസാനബിയുടെ പ്രശ്നം ഇതല്ലാതെ മറ്റു വല്ലതും പറയാനുണ്ടോയെന്ന ഭാവത്തിൽ ദ്വേഷ്യത്തോടുകൂടി എഴുന്നേറ്റു. എന്നിട്ട് പറഞ്ഞു, "ഞാനൊരു സാധാരണ മുസ്‌ലിമാണ്. എനിക്ക് നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് പറഞ്ഞുതരിക". ഞാനും ഒട്ടും താമസിച്ചില്ല; ഞാൻ പറഞ്ഞു, "ഒരു സാധാരണ മുസ്‌ലിമിന്റെ വിശ്വാസം താങ്കൾ ആദ്യം പറയുക, എന്നിട്ട് എന്റെ വിശ്വാസം പറയാം. ഇതുകേട്ട മാത്രയിൽ അദ്ദേഹം കോപത്തോടുകൂടി സംസാരം നിർത്തി. ഇനി സംസാരിക്കുന്നില്ലായെന്ന് പറഞ്ഞു ഞങ്ങളെ പറഞ്ഞയച്ചു.

പിന്നീടറിയാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ സ്വദേശം മാളയിലാണെന്നും ജമാഅത്തെ ഇസ്‌ലാമിയുടെ ഇന്ത്യയിലെ 12 പേരിൽ പ്രഗത്ഭനാണെന്നും. ഇക്കാര്യത്തെക്കുറിച്ച് എന്റെ അനുഭവത്തിന്റെ സാക്ഷീകരണം വിവരിച്ച് വായനക്കാരെ മനഃപൂർവ്വം ബുദ്ധിമുട്ടിച്ചതല്ല. ഈ വിഷയത്തിന്റെ അടിസ്ഥാനപരമായ കാര്യകാരണങ്ങൾ അത്രയ്ക്ക് ഗുരുതരമായതാണ് എന്നതുകൊണ്ടാണ്. ഈസാനബിയുടെ ജീവൽമരണ പ്രശ്നങ്ങളിലാണ് ലോകത്തിന്റെ ഗതിതന്നെ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നത്. ചിലർക്കൊക്കെ ഈസാനബിയുടെ കാര്യം പറയുന്നത് ഒരു അലർജിയായിട്ടാണ് ഇപ്പോൾ കണ്ടുവരുന്നത്. എപ്പോഴും ഒരു ഈസാനബിയുടെ പ്രശ്നം ഇതല്ലാതെ മറ്റുവല്ല പ്രശ്നവും ഉണ്ടോ? ഉണ്ടെങ്കിൽ അതെഴുതിയാൽ കൊള്ളാമായിരുന്നു. വായിക്കാൻ ഇഷ്ടപ്പെടും. ഈസാനബി (അ)യുടെ വിഷയം ഒരു ഔട്ട് ഫാഷനായിട്ടാണ് അവർകരുതുന്നത്. ഇനിയും ഈ ആധുനികയുഗത്തിൽ ഇതൊന്നും പറഞ്ഞിട്ട് വലിയ കാര്യമില്ല. വല്ല ശാസ്ത്രീയമായ നേട്ടങ്ങളെക്കുറിച്ച് പ്രത്യേകിച്ച് ബഹിരാകാശ യാത്രയോ, കമ്പ്യൂട്ടറിന്റെ നിർമ്മാണമോ അതുമല്ലെങ്കിൽ വല്ല ബോംബും ഉണ്ടാക്കുന്നതിനെക്കുറിച്ചെല്ലാമാണെങ്കിൽ സമൂഹത്തിനും വിശ്വാസികൾക്കും വളരെ ഗുണം ചെയ്തേക്കുമെന്നാണ് ആധുനികസമൂഹം പറയുന്നത്. പരിശുദ്ധഖുർആനിലൂടെ അല്ലാഹു തന്റെ ഇഷ്ടപ്രവാചകനായ മുഹമ്മദ് നബി(സ)യോട് പറഞ്ഞത് നീ പറയുക. പറഞ്ഞുകൊണ്ടേയിരിക്കുക. ഉപദേശം ഫലം ചെയ്യും. അതല്ലാതെ നീ അവരുടെമേൽ അധികാരസ്ഥനല്ലായെന്നാണ്. അതുകൊണ്ടുതന്നെയാണ് 1400 വർഷം കഴിഞ്ഞിട്ടും വിശ്വാസികൾ ഖുർആന്റെ അധ്യാപനങ്ങൾ ഏറ്റുപറഞ്ഞുകൊണ്ടിരിക്കുന്നതും.

പരിശുദ്ധഖുർആന്റെ ഒരു പ്രാധാന്യമർഹിക്കുന്ന ആഹ്വാനം "അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവന് താക്കീത് ചെയ്യുന്നതിലേക്ക് കൂടിവേണ്ടിയാണ് നാം ഈ ഖുർആനെ അവതരിപ്പിച്ചിരിക്കുന്നതെന്നുകൂടിയാണ്. അവർ (ക്രിസ്ത്യാനികൾ) പറയുന്നത്. അവരുടെ നാവിൽനിന്നും വരുന്നത് ഘോരമായപരാധമാണ്. ആകാശം ഇടിഞ്ഞുവീഴുകയും ഭൂമി പൊട്ടിപ്പിളരുകയും ചെയ്യുന്നതിന് തുല്യമായ വാക്കുകളാണ് അവർ പറയുന്നതെന്നാണ്." ഈ ഖുർആൻ വചനത്തിലടങ്ങിയിരിക്കുന്ന ഗുരുതരമായ താക്കീത് മനസ്സിലാക്കിയ ഒരു മുസ്‌ലിമിനും അവൻ അറിഞ്ഞിടത്തോളം ഈസാനബി(അ)യുടെ കാര്യം ലോകത്തിന്റെ മുന്നിൽ പറയാതിരിക്കാൻ ഒരു നിവൃത്തിയുമില്ല." പറഞ്ഞുകൊണ്ടേയിരിക്കേണ്ടതാണ്. ഇത് ഖുർആന്റെ അഹല്കാരോടുള്ള ഓർമ്മപ്പെടുത്തലുമാണ്. ഇന്നിത് ആർക്കെങ്കിലും ഒരു പഴകിയ വിഷയമായി തോന്നുന്നുവെങ്കിൽ അവരെയോർത്തു ഖേദിക്കുന്നു. ക്രിസ്തുമതലോകത്തിന് ഈ വിഷയം സുവിശേഷമായിട്ട് പറയുവാൻ ഒരു മടുപ്പുമില്ല. നമുക്ക് മടുപ്പുണ്ടായിട്ടുണ്ടെങ്കിൽ നമ്മുടെ ധാർമ്മികമായ അവസ്ഥ എവിടെ നില്ക്കുന്നുവെന്ന് സ്വയം അത്തരക്കാർ ഒന്ന് ചിന്തിക്കുമല്ലോ? വാഗ്ദത്ത മഹ്ദി മസീഹായി അല്ലാഹു ഹദ്റത്ത് അഹ്മദ്(അ)നെ നിയോഗിച്ചിട്ടില്ലായിരുന്നെങ്കിൽ മുസ്‌ലിം ലോകത്തിന്റെ ഗതിയെന്താകുമായിരുന്നുവെന്ന് പ്രവചിക്കാൻ കൂടി സാധ്യമല്ലായിരുന്നു.

ആയതിനാൽ ഈസാനബി(അ)യുടെ വിഷയം ഇസ്‌ലാമിന്റെ, ഈമാന്റെ ജീവന്റെ പ്രശ്നം തന്നെയാണ്. അതു പറയുന്നതിൽ ഒരുവിധ മടിയും മടുപ്പും ഒരഹ്മദിയും കാണിക്കുകയില്ല. പറഞ്ഞുകൊണ്ടേയിരിക്കുക. അതിലാണ് ഇസ്‌ലാമിന്റെ സത്യതയും മുസ്‌ലിംകളുടെ ആഗോളവിജയവും ഈമാനും നിലനില്ക്കുന്നതെന്നോർക്കുക. ഈസാനബി(അ) മരിച്ചിട്ടില്ലായെങ്കിൽ ഇസ്‌ലാമിന് ജീവനില്ലായെന്ന്, ഇമാം മഹ്ദി ഹദ്റത്ത് അഹ്മദ്(അ)യുടെ വാക്കുകൾ ഓർമ്മയിരിക്കട്ടെ! ഈ പരമമായ സത്യം ഏതവസ്ഥയിലും ഉച്ചൈസ്തരം ഉദ്ഘോഷിക്കുവാനുള്ള എല്ലാ കഴിവും സർവ്വശക്തനായ അല്ലാഹു ഓരോരുത്തർക്കും നല്കുമാറാകട്ടെ.

*സി.എച്ച് അബ്ദുൽ ഗഫൂർ*

# ലജ്ജയില്ലാത്ത സമൂഹം

മനോരമ വാർത്താചാനലിലെ ന്യൂസ് അവറിൽ 9.8.07-ന് ബംഗ്ലാദേശ് എഴുത്തുകാരി തസ്ലീമ നസ്റിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ടു നടന്ന ചർച്ച ശ്രദ്ധിക്കുകയുണ്ടായി. ന്യൂസ് അവറിൽ ചർച്ചയ്ക്കെത്തിയിരുന്നത് ജമാഅത്തെ ഇസ്ലാമി നേതാവ് ശൈഖ് മുഹമ്മദ് കാരക്കുന്നും, ഹമീദ് ചേന്ദമംഗലൂരും ആയിരുന്നു. അവർ പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽനിന്നും ബഹിർഗമിക്കുന്ന വസ്തുതകൾ ചിന്തിക്കുന്നവർക്ക് പ്രയോജനകരമാകും എന്ന വിശ്വാസത്തിൽ നിരൂപണം ചെയ്യപ്പെടേണ്ടതുണ്ട്. തസ്ലീമ നസ്റിൻ എന്ന വ്യക്തി ഇസ്ലാമിക ചരിത്രത്തിൽ ഒറ്റപ്പെട്ട സംഭവമല്ല. നൂറ്റാണ്ടുകളോളം തുടർന്നുവന്ന ആസൂത്രിതമായ നീക്കത്തിന്റെ തുടർച്ചയായി ഇതിനെ നാം കാണേണ്ടതുണ്ട്. ഇസ്ലാമിനേയും പരിശുദ്ധപ്രവാചകനേയും വിമർശിക്കുന്നതിനും, അവഹേളിക്കുന്നതിനും എല്ലാ കാലത്തും ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. അബ്ദുല്ലാ ഇബ്നു സുലൂൽ മുതൽ അതിന്റെ ചരിത്രം തുടങ്ങുകയാണ്. ഇന്ന് ആധുനിക സമൂഹത്തിൽ ഇസ്ലാമിന്റെ സംരക്ഷകരായി, ഇസ്ലാമിന്റെ വക്താക്കളായി സ്വയം പ്രതിനിധാനം ചെയ്യുന്നവർ ഇങ്ങനെയൊരു പരിണിതിയിലേക്ക് നയിച്ചതിൽ കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളതെന്ന് ഖേദകരമായി ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

തസ്ലിമ നസ്റീനുനേരെ നടന്ന ആക്രമണം മതേതര സമൂഹത്തിൽ ഇസ്ലാമിനുമേൽ ലജ്ജാകരമായ സ്ഥിതിവിശേഷമാണ് ഉളവാക്കിയിട്ടുള്ളതെന്നതിൽ സംശയമില്ല. ഇസ്ലാമിന്റെ സുന്ദരമുഖത്തേറ്റ പോറലായി നാം ഇതിനെ കാണേണ്ടതുണ്ട്. അതിലേക്ക് നയിച്ച കാരണങ്ങളുടെ വേരുകൾ ചെന്നെത്തുന്നത് ദ്വിമുഖസ്വഭാവമുള്ള ജമാഅത്തെ ഇസ്ലാമിയിലോ, മറ്റു തീവ്രവാദ മസ്തിഷ്കത്തിലോ ആണ്.

തിരുമേനി(സ)ന്റെ വ്യക്തിത്വത്തെക്കുറിച്ച്, അദ്ദേഹത്തിന്റെ ശീലങ്ങളെക്കുറിച്ച് നിഷ്പക്ഷമായി പഠനം നടത്തിയപ്പോൾ ആ മാഹാത്മ്യം കണ്ടറിഞ്ഞിട്ടുണ്ട്. പാശ്ചാത്യരടക്കമുള്ള പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്.

കാലാകാലങ്ങളായി ഇസ്ലാമിന്റെ വക്താക്കളായി രംഗത്തെത്തിയവർ ഇസ്ലാമിന്റെ അന്തഃസത്ത മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയും, സങ്കുചിത ചിന്താഗതികളിലൂടെ, ഇസ്ലാമിന്റെ സൗന്ദര്യം പ്രകടമാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. അതിൽ അദ്വിതീയനായിരുന്നു ജമാഅത്തെ ഇസ്ലാമി സ്ഥാപകർ മൗലാനാ മൗദൂദി സാഹിബ്. ദൈവികസഹായം ലഭിച്ച പുണ്യാത്മാക്കളിലൂടെ നിർഗ്ഗമിച്ച സത്യത്തിനുനേരെ അവർ വാളോങ്ങുകയും അവരുടെ സ്വന്തം ചിന്താധാരയിലൂടെ സ്വയം സൃഷ്ടിച്ചെടുത്ത പ്രഭാവലയത്തിലേക്ക് ജനങ്ങളെ ആകർഷിച്ചെടുക്കുകയും ഇസ്ലാമിന്റെ സുന്ദരമുഖം കരിമ്പടംകൊണ്ട് മൂടുകയും ചെയ്തു. അവർ പ്രചരിപ്പിച്ച ഇസ്ലാം സങ്കുചിതമായിരുന്നു. ജിഹാദിന്റെ പോർവിളിയിലൂടെ ഇസ്ലാമിന്റെ സൗന്ദര്യവും, റസൂൽതിരുമേനി(സ)യുടെ ഉൽക്കൃഷ്ടതയും മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് തെറ്റുപറ്റുകയും അനേകം തസ്ലീമമാർ രംഗപ്രവേശനം ചെയ്യുകയും ചെയ്തു.

ന്യൂസ് അവറിൽ ശൈഖ് മുഹമ്മദ് കാരക്കുന്ന് അഭിപ്രായപ്പെടുന്നു. പ്രതിപക്ഷത്തെ ബഹുമാനിക്കുകയും എതിരാളികൾക്കുപോലും വേദിയിൽ ഇടം നൽകി ആരോഗ്യകരമായി സംവാദങ്ങളിൽ ഭാഗഭാക്കാകുകയും ഇതിലൂടെ വിശാലമായ സഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്യുന്ന സംഘടന തങ്ങളുടേതാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഇതിലൂടെ ശൈഖ് മുഹമ്മദ് കാരക്കുന്ന് ഉദ്ദേശിച്ചത് ആക്രമങ്ങൾക്കും, കുഴപ്പങ്ങൾക്കും ജമാഅത്തെ ഇസ്ലാമി അതീതമാണെന്നും, തങ്ങൾ പ്രതിനിധാനം ചെയ്യുന്നത് മതേതരമൂല്യങ്ങൾക്കും സഹിഷ്ണുതയ്ക്കും വേണ്ടി നിലകൊള്ളുന്നവരുമാണെന്നുമാണ്. ഇതിനു മറുപടിയെന്നോണം ഹമീദ് ചേന്ദമംഗലൂർ ഉന്നയിച്ച പ്രസക്തമായ ചോദ്യത്തിനു മുമ്പിൽ ജമാഅത്ത് നേതാവിന് ഉത്തരം മുട്ടുന്നതാണ് കണ്ടത്. ചേന്ദമംഗലൂർ പറയുന്നു. മുഹമ്മദ് നബി(സ) സ്നേഹത്തിന്റേയും, സഹിഷ്ണുതയുടേയും മാതൃകയായിരുന്നുവെന്നും, പ്രവാചകന്റെ പള്ളിയിൽപോലും മലമൂത്രവിസർജ്ജനം നടത്തിയ വ്യക്തിയ്ക്ക് മാപ്പുകൊടുക്കുകയും മാത്രമല്ല സ്വയം അത് വൃത്തിയാക്കുകയുമാണ് ചെയ്തതെന്നും, ഈ മാതൃക അവഗണിച്ചുകൊണ്ട് മുന്നോട്ടുപോയ പണ്ഡിതന്മാരാണ് കുറ്റക്കാരെന്നും, അവരാണ് ഇസ്ലാമിനെ

*പേജ് 41-ൽ*

**ഉമർ പാറപ്പുറത്ത്**

# ഖാദർവലി സാഹിബ്–
## നവഅഹ്മദികളുടെ ആവേശത്തിനൊരുദാഹരണം



*ഖാദർവലി സാഹിബ്*

നവഅഹ്മദികളുടെ ആവേശം അതുല്യമത്രെ. ഹൃദയാർദ്രമായ ജമാഅത്തീബോധം ഇക്കൂട്ടരിൽ കാണാം. ആന്ധ്രയിലെ അഹ്മദികളിൽ മിക്കവരും ഇത്തരക്കാരാണ്. വൈവിധ്യമാർന്നതും അതേസമയം ഉജ്ജ്വലമായതുമായ ഒട്ടേറെ കഥകൾ ആന്ധ്രയിലെ നവഅഹ്മദികൾക്കുണ്ട്. എന്റെ ആന്ധ്രായാത്രയിൽ പരിചയപ്പെടാനിടയായ ഒട്ടേറെ നവഅഹ്മദികൾ ഇങ്ങനെയുള്ള പശ്ചാത്തലത്തിലാണ് നിലകൊള്ളുന്നത്. ഇക്കൂട്ടത്തിൽ പ്രത്യേകം എടുത്തുപറയേണ്ടുന്ന ഒന്നാണ് ജനാബ് ഖാദർവലി സാഹിബിന്റെ കഥ.

ഖാദർവലി എന്ന വൃദ്ധന് ഇപ്പോൾ 76 വയസ്സായി. ഞങ്ങളുടെ കൂടിക്കാഴ്ചതന്നെ ഓർമ്മിക്കപ്പെടേണ്ടതാണ്. രാജംപാലം എന്ന ഗ്രാമത്തിൽ ഞാനും ഇസ്മായീൽ(കുവൈത്ത്) സാഹിബും മറ്റു ചിലരും ചെന്നപ്പോൾ കൈയിൽ നോട്ടുകൾ ചുരുട്ടിപ്പിടിച്ച് ഒരാൾ ഓടിവന്നു. ഗ്രാമത്തിൽ ചന്ദ ഇൻസ്പെക്ടർ വന്നിട്ടുണ്ടെന്ന് കരുതിയാണ് അദ്ദേഹം ഓടിവന്നത്. അദ്ദേഹത്തിന്റെ ദീനീബോധം ഞങ്ങളിൽ ഏറെ താല്പര്യമുണർത്തി. അതിനാൽ ഇദ്ദേഹത്തിന്റെ പൂർവ്വകാലം അന്വേഷിച്ചറിയാൻ ഞങ്ങൾ തീരുമാനിച്ചു. അഹ്മദിയ്യത്തിനോടുള്ള തീവ്രമായ പ്രണയം ജ്വലിച്ചുനില്ക്കുന്നതായിരുന്നു ഖാദർവലി എന്ന ഈ വ്യക്തിയുടെ കഥ.




*ലേഖകനും സഹയാത്രികരും ഖാദർവലി സാഹിബിന്റെ കൂടെ*

ആന്ധ്രാപ്രദേശിലെ വെസ്റ്റ് ഗോദാവരി ജില്ലയിലെ രാജംപാലം എന്നത് ചെറിയൊരു ഗ്രാമമാണ്. ആന്ധ്രയുടെ യഥാർത്ഥ മുഖമായ കൃഷിയിടങ്ങളും പാടങ്ങളും പകുത്തെടുത്ത് ഒഴുകിപ്പോകുന്ന കനാലുകളും നിറഞ്ഞുനില്ക്കുന്ന ഇവിടെനിന്നും ഹിന്ദുമതത്തിൽനിന്ന് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്തുവന്നയാളാണ് ഖാദർവലി സാഹിബ്. വളരെ ചെറുപ്പത്തിൽതന്നെ ഇസ്ലാം ആശ്ലേഷിച്ചെങ്കിലും കാര്യമായ അറിവുകളൊന്നും നേടിയിരുന്നില്ല. അതേസമയം തെലുങ്കിൽ കവിതകൾ എഴുതാറുണ്ട്. അല്ലാഹുവിനെക്കുറിച്ചും നബി(സ)തിരുമേനിയെക്കുറിച്ചും അതിസുന്ദരമായ നാടൻപാട്ടുകൾ രചിച്ച് സ്വന്തമായി പാടും. ശബ്ദസൗകുമാര്യവും ഇദ്ദേഹത്തിനുണ്ട്.

ഇങ്ങനെയിരിക്കെയാണ് 1998-ൽ രാജംപാലം അഹ്മദിയ്യാ പള്ളിയിൽ മുഅല്ലിമായി കൊടുങ്ങല്ലൂർ സലിം സാഹിബ് നിയമിതനാകുന്നത്. ഇദ്ദേഹവുമായുള്ള കൂടിക്കാഴ്ച ഖാദർവലിയെ ആകെ മാറ്റിമറിച്ചു. ആദ്യസന്ദർശനത്തിൽതന്നെ അല്ലാഹുവിന്റെ അപധാനങ്ങൾ വാഴ്ത്തുന്ന ഒരു തെലുങ്ക് കവിത സലീം സാഹിബിനെ അദ്ദേഹം കേൾപ്പിച്ചു. പാടാനുള്ള ഇദ്ദേഹത്തിന്റെ കഴിവ് മനസ്സിലാക്കിയ സലീം സാഹിബ് മസീഹ് മൗഊദ്(അ)ന്റെ 'വോ പേശ്വാ ഹമാരാ.....' എന്ന് തുടങ്ങുന്ന ഉർദു പദ്യം ചൊല്ലികേൾപ്പിച്ചു. ഇത് അദ്ദേഹത്തിന്റെ ഹൃദയത്തെ ആർദ്രമാക്കി. ഇതിന്റെ തെലുങ്കുവിവർത്തനം ആവശ്യപ്പെട്ട ഖാദർവലി സാഹിബ് പിറ്റേന്ന് അതിസുന്ദരമായി തെലുങ്ക് വിവർത്തനം അവതരിപ്പിച്ചു. ചുരുക്കത്തിൽ സംഗീതാത്മകമായ ഒരു പരിസരത്തിൽ നിന്നുമാണ് ഈ മനുഷ്യൻ ജമാഅത്തിനെ അറിഞ്ഞത്.

പിന്നീട് ഖാദർവലി സാഹിബ് പള്ളിയിലെ നിത്യ സന്ദർശകനായി. സലീം സാഹിബിന്റെ കീഴിൽ ഖുർ ആൻ പഠിക്കാനാരംഭിച്ചു. ഒരു മാസത്തിനുള്ളിൽ യസ്സർനൽ ഖുർആൻ പൂർത്തിയാക്കിയ ഖാദർവലി സാഹിബ് ഒരുവർഷം കൊണ്ട് ഖുർആൻ പൂർണ്ണമായും ഓതി ത്തീർത്തു. പിന്നീട് പള്ളിയിൽ ബാങ്ക് കൊടുക്കുന്നതിന്റെ ചുമ തല ഇദ്ദേഹം ഏറ്റെടുത്തു. നിത്യവും പള്ളിയിൽ വന്ന് തങ്ങളുടെ വിശ്വാസത്തെ ദൃഢീകരിക്കുക മിക്ക നവഅ ഹ്മദികൾക്കും താല്പര്യമുള്ള കാര്യമാണ്. ഖാദർവലി സാഹിബ് ഇത്തരത്തിൽ ജമാഅ ത്തുമായി ഇടപഴകാൻ ഇഷ്ട പ്പെട്ട ആളായിരുന്നു.

ഇദ്ദേഹത്തിന് സ്വന്തമായി ഏക്കർ കണക്കിന് കൃഷിയിട ങ്ങളുണ്ട്. ളുഹ്ർ, അസ്വർ നമ സ്കാരങ്ങൾ കൃഷിയിടങ്ങ ളിൽതന്നെയാണ് അനുഷ്ഠി ച്ചിരുന്നത്. ഒരിക്കൽ അസ്വർ നമസ്കാര സമയത്ത് പള്ളി യിൽ എത്തിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ സലീം സാഹിബ് കാര്യം തിരക്കി. അതിനുത്തരമായി അദ്ദേഹം പറഞ്ഞത് താൻകണ്ട ഒരു സ്വപ്നത്തിന്റെ കഥയായിരുന്നു. ഇദ്ദേഹം തന്റെ വയൽക്കരയിലുള്ള ഒരു മരച്ചുവട്ടിലിരുന്ന് ഖുർആൻ പാരായണം ചെയ്യു കയായിരുന്നു. ഇടയ്ക്കെപ്പോഴോ ഉറങ്ങിപ്പോയ ഖാദർവലി സാഹിബ് സ്വപ്നത്തിൽ ഖലീഫത്തുൽ മസീഹ് (നാലാം ഖലീഫ) വന്ന് തന്നോട് പള്ളിയിലെ ത്താൻ പറയുന്നതായി കണ്ടു. അപ്പോഴാണ് ഉറക്കം വിട്ട് വീട്ടിലേക്കും തുടർന്ന് പള്ളിയിലേക്കും ഖാദർവലി സാഹിബ് എത്തിച്ചേരുന്നത്. നവഅഹ്മദിയായിരുന്നിട്ടും സ്വപ്ന ദർശനത്തിൽകണ്ട ഹുസൂറിന്റെ കല്പനപോലും അക്ഷരംപ്രതി മാനിക്കുന്ന ഇത്തരം മനുഷ്യർ വലിയ പാഠ മാണ് നല്കുന്നത്.



*ഖാദർവലി സാഹിബും ഇസ്മായീൽ സാഹിബും*

ഖാദർവലി സാഹിബ് ഖാദി യാനിൽ മിക്ക ജൽസകളിലും പങ്കെടുത്തിട്ടുണ്ട്. അതുപോലെ തന്നെ ഖാദിയാനിലെ ഇജ്തിമാ കളിൽ സജീവമായി പങ്കെടു ക്കുകയും സമ്മാനങ്ങൾ നേടു കയും ചെയ്തിട്ടുണ്ട്. ചന്ദ നല്കുന്ന കാര്യത്തിൽ വലിയ മാതൃകയാണ് ഇദ്ദേഹത്തിന്റേത്. ചന്ദതുക കൃത്യസമയത്ത് ഏല്പിക്കുന്നത് ഖാദർവലി സാഹിബിന് നിർബന്ധമാണ്. ജമാഅത്തിന്റെ യോഗങ്ങളിൽ കൃത്യസമയത്ത് പങ്കെടുക്കുന്ന ഇദ്ദേഹം ഇപ്പോഴും സജീവമായി കവിതകൾ എഴു താറുമുണ്ട്. രാജംപാലം ജമാഅത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടാണ് ഇദ്ദേഹം.

---

*39-ൽനിന്ന്*

ക്കുറിച്ച് തെറ്റായ സന്ദേശം നല്കുന്നതെന്നും, 1953-ൽ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ പാക്കിസ്ഥാ നിൽ അഹ്മദികൾക്കുനേരെ ശക്തമായ ആക്രമണം അഴിച്ചുവിടുകയും കൂട്ടക്കൊല നടത്തി ഭീകരാന്ത രീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതിൽ മുൻപന്തിയി ലായിരുന്നുത് മൗദൂദി സാഹിബും അദ്ദേഹത്തിന്റെ സംഘടനയായിരുന്ന ജമാഅത്തെ ഇസ്ലാമിയുമായി രുന്നു. ശൈഖ് മുഹമ്മദ് കാരക്കുന്ന് ഇതിനോട് പ്രതി കരിച്ചത് അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സംഘട നയുടെ ദയനീയതയായിരുന്നു. അദ്ദേഹം പറയുന്നു. പാക്കിസ്ഥാൻ ജമാഅത്തെ ഇസ്ലാമിയെ ഞങ്ങൾ അംഗീകരിക്കുന്നവരല്ല. പാക്കിസ്ഥാനിൽ നടന്ന സംഭ വങ്ങൾക്ക് ഞങ്ങൾ മറുപടി പറയണമെന്നത് അംഗീ കരിക്കാനാവില്ല. ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ നടപടികൾക്ക് ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർ മറു പടി പറയണമെന്നത് നിരർത്ഥകമാണ്.

ഹമീദ് ചേന്ദമംഗലൂരിന്റെ അഭിപ്രായപ്രകടന ങ്ങൾക്ക് ജമാഅത്ത് നേതാവിൽനിന്നുണ്ടായ പ്രതി കരണം നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് ചിന്തയ്ക്ക് വക നല്കുന്നു. ജമാഅത്തെ ഇസ്ലാമി സ്ഥാപകനേതാവ് മൗദൂദി സാഹിബിൽനിന്നും വേറിട്ട വ്യക്തിത്വം ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്കുണ്ടോ? അവർ ഇപ്പോഴും പ്രബോധിക്കുന്നതും, പ്രചരിപ്പിക്കു ന്നതും മൗദൂദി സാഹിബിന്റെ സാഹിത്യങ്ങൾ തന്നെ യല്ലേ? ഇസ്ലാമിന് ഇന്ത്യ, പാക്കിസ്ഥാൻ വിഭജന മുണ്ടോ? റസൂലുല്ലാഹ് കൊണ്ടുവന്ന ഇസ്ലാം മുഴു ലോകത്തേക്കുമുള്ളതല്ലേ?

തീവ്രവാദത്തിന്റേയും ലജ്ജയുടേയും കാരണ ങ്ങൾ കാണേണ്ടത് ആദികാരണമായ അബുൽ അഅ്ലാ മൗദൂദി സാഹിബിലും, ജമാഅത്തെ ഇസ്ലാമിയിലുമാണ്. മൗദൂദി സാഹിബ് തുറന്നുവിട്ട ഭൂതം ഇന്ന് മുസ്ലിംകളുടെമേൽ, അപമാനത്തി ന്റേയും അവഗണനയുടേയും ആക്രമണത്തിന്റേയും ലജ്ജയുടേയും വാതിലുകൾ തുറന്നിട്ടിരിക്കുന്നു.

*പേജ് 35 - ൽനിന്ന്*
2003 ഏപ്രിൽ 24 ന് ഹുസൂറിന് ഒരു കത്തെഴുതി. ഇംഗ്ലീഷിലാണ് കത്തെഴുതിയത്(അതിന്റെ ഉർദു പരിഭാഷയിൽ നിന്നാണ് വീണ്ടും ഈ തർജ്ജമ)

"ശനിയാഴ്ച രാത്രി ഞാൻ എയർ മൊറീഷ്യസിൽ ലണ്ടനിലേക്കുള്ള വഴിയിലായിരുന്നു. ഞാൻ ദൈവിക സഹായത്തിനും മാർഗ്ഗത്തിനും വേണ്ടി ദുആ ചെയ്യുകയായിരുന്നു. പുലർച്ചെ 1 മണിക്കും 4 മണിക്കും ഇടയിൽ യാത്രയിലായിരിക്കേ ഞാൻ എട്ട് റക്അത്ത് തഹജ്ജുദ് നമസ്ക്കരിച്ചു. അതിനുശേഷം ഞാൻ വിശ്രമിക്കുകയായിരുന്നു. അപ്പോൾ മസ്റൂർ എന്ന വാക്ക് എന്റെ അധരങ്ങളിൽ നിന്നും വന്നു. ഇത് ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർശനമാണെന്ന് ആ സമയത്ത് എനിക്ക് ബോധ്യമായി. ആ സമയത്ത് എനിക്ക് ഹുസൂറിനെ നല്ലവണ്ണം പരിചയമില്ലായിരുന്നു. നാസിർ അഅ്ലായും അമീർ മഖാമിയുമായി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചില റിപ്പോർട്ടുകൾ ഞാൻ വായിച്ചിട്ടുണ്ടായിരുന്നു. മൊറീഷ്യസിൽ നിന്ന് പോരുമ്പോൾ വേറൊരാളെക്കുറിച്ച് എന്റെ മനസ്സിലുണ്ടായിരുന്ന ആ കാര്യം ഞാൻ മറ്റാരോടും പറഞ്ഞിട്ടുണ്ടായിരുന്നില്ല. ഞാൻ ലണ്ടനിലെത്തിയപ്പോൾ ഒരു തുണ്ടു കടലാസ്സിൽ ഞാൻ മസ്റൂർ എന്ന് കുറിക്കുകയും എനിക്കങ്ങനെ തോന്നിയ സമയവും സാഹചര്യവും കുറിക്കുകയും ചെയ്തു. അത് ഒരു കവറിലടക്കം ചെയ്തശേഷം തിരഞ്ഞെടുപ്പ് കഴിയുന്നതു വരെ സുരക്ഷിതമായി സൂക്ഷിക്കാൻ ഖുദ്ദാമുൽ അഹ്മദിയ്യാ സദറിനെ ഏൽപ്പിക്കുകയും ചെയ്തു. ലണ്ടൻ പള്ളിയിൽ തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് ഈ കത്ത് അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. അത് തുറന്നിട്ടുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ, അതിലെന്താണുള്ളതെന്ന് അദ്ദേഹത്തിനറിയില്ലായിരുന്നു. തിരഞ്ഞെടുപ്പും ബൈഅത്തും കഴിഞ്ഞശേഷം പിരിഞ്ഞുപോകാൻ ഞങ്ങൾക്ക് അനുമതികിട്ടിയപ്പോൾ ഞാൻ സദറിന്റെയടുക്കൽ ചെന്ന് ആ കത്ത് തുറന്ന് അതിലെന്താണ് എഴുതിയതെന്ന് നോക്കാൻ പറഞ്ഞു. കടലാസ്സിൽ മസ്റൂർഎന്ന പേര് കണ്ട് അദ്ദേഹം അത്യധികം ആനന്ദിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്തു. അതിപ്പോഴും അദ്ദേഹത്തിന്റെ കൈവശം ഉണ്ട്. ഇക്കാര്യത്തിൽ സാക്ഷ്യം വഹിക്കാൻ അദ്ദേഹത്തിന് കഴിയും."

40

ആസ്ത്രിയ ജമാഅത്തിലെ പ്രസിഡണ്ടായ മി. ഖാസിശഫീഖ് അഹ്മദിന്റെ ഭാര്യ മിസ്സിസ്സ് റിസ്വാനാ ശഫീഖ് 2005 ഒക്ടോബർ 30 ലെ കത്തിൽ എഴുതുന്നു:

"ഹുസൂർ വഫാത്തായ ദിവസം എന്റെ ഭർത്താവ് ലണ്ടനിലേക്ക് പുറപ്പെട്ടു. ഞാൻ തനിച്ചായതിനാൽ നിരന്തരം എം.ടി.എ നോക്കിയിരുന്നു. ഖിലാഫത്ത് കമ്മിറ്റിയോഗം ചേരുന്നുണ്ടായിരുന്നു. പുറത്തുള്ള ആളുകൾ ഉത്കണ്ഠയോടെ കാത്തിരിക്കുകയും ദൈവിക സഹായത്തിനായി ദുആ ചെയ്യുകയുമായിരുന്നു. ഓരോ ആളുടേയും ദൃഷ്ടി ലണ്ടൻ പള്ളിയുടെ അടച്ച വാതിലിന്മേലായിരുന്നു. ഞാൻ വളരെ ക്ഷീണിതനായിരുന്നു. നൈമിഷികമായി ഞാൻ ഒരു പ്രത്യേക അവസ്ഥയിലായി. അതിനെ ഉറക്കമെന്നോ ഉണർവ്വെന്നോ പറയാൻ സാധിക്കുമായിരുന്നില്ല. ഈ അവസ്ഥയിൽ ആകാശത്തുനിന്നും ഒരു വെളിച്ചം ഇറങ്ങിവന്നു. തിരഞ്ഞെടുപ്പ് സ്ഥലത്തേക്ക് പ്രവേശിച്ചു. ഖലീഫയുടെ പേര് തുടങ്ങുന്നത് 'മ' എന്ന അക്ഷരം (ഉർദുവിൽ മീം) കൊണ്ടാണെന്ന് എനിക്ക് തോന്നി. അതിനുശേഷം ആ വെളിച്ചം മസ്റൂർ എന്ന് പേരുള്ള ഒരാളിൽ പ്രവേശിക്കുന്നു. അപ്പോൾ താഴെപ്പറയുന്ന വാക്കുകൾ എന്റെ ഹൃദയത്തിൽ പ്രതിധ്വനിക്കുകയും എന്റെ അധരങ്ങളിൽ വരികയും ചെയ്തു.

'അല്ലാഹു മുമ്പേതന്നെ തന്റെ തിരഞ്ഞെടുപ്പ് നടത്തുകയും ആ വ്യക്തിയുടെ ഹൃദയം വെളിച്ചം കൊണ്ട് നിറയ്ക്കുകയും ചെയ്തിരിക്കുന്നു.'

ആ നിമിഷം ദർശനം അവസാനിച്ചു. ഞാൻ പൂർണ്ണ ബോധാവസ്ഥയിലേക്ക് തിരിച്ചു വന്നു. ഞാൻ ആകെ വിറയ്ക്കുന്നുണ്ടായിരുന്നു. അല്ലാഹു തന്റെ തിരഞ്ഞെടുപ്പ് നടത്തിക്കഴിഞ്ഞിരിക്കുന്നുവെന്ന് ആന്തരികമായി എനിക്ക് ബോധ്യപ്പെട്ടു. ഇനി ആ തീരുമാനം വെളിപ്പെടുത്തപ്പെടുന്നതിന് മുമ്പുള്ള സമയത്തിന്റെ കാര്യമേയുള്ളൂ. ലണ്ടൻ പള്ളിക്ക് പുറത്തുള്ള എന്റെ ഭർത്താവിനെ ഞാൻ വിളിച്ചു. എനിക്കുണ്ടായ അനുഭവം അദ്ദേഹത്തെ കേൾപ്പിച്ചു . ഒരു പ്രഖ്യാപനം നടന്നുകൊണ്ടിരിക്കുകയാണെന്നും കാത്തിരിക്കണമെന്നും അദ്ദേഹം എന്നോടു പറഞ്ഞു. അത് തന്നെയായിരുന്നു എം.ടി.എയും സംപ്രേഷണം ചെയ്തു കൊണ്ടിരുന്നത്. അടുത്ത നിമിഷം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഞ്ചാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടുവെന്ന് ഞാൻ കേട്ടു. അല്ലാഹു അദ്ദേഹത്തിന് ദീർഘവും അനുഗൃഹീതവും ആരോഗ്യപൂർണ്ണവുമായ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ."

2005 നവംബർ 2 ലെ മറ്റൊരു കത്തിൽ അവർ വീണ്ടും വിശദീകരിക്കുന്നു. "തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് ഞാൻ ഹുസൂറിന്റെ പേര് ഒരിക്കലും കേട്ടിരുന്നില്ല. എന്റെ ഭർത്താവിന്റെ കാര്യവും അതു തന്നെയായിരുന്നു. ഞങ്ങൾ രണ്ടുപേരും ഒരു നിലയിലും ഹുസൂറിനെ അറിയുമായിരുന്നില്ല. അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ശേഷമാണ് ഞങ്ങൾ ആദ്യമായി അദ്ദേഹത്തെ കാണുന്നതും പേര് കേൾക്കുന്നതും. ഖലീഫയെ അല്ലാഹുവാണ് നിശ്ചയിക്കുന്നതെന്ന് എനിക്ക് ബോധ്യമായി

(വിവ. കെ.വി ഹസ്സൻ കോയ, കേഴിക്കോട്)